No./400/2024/SRG/LSGD/CC(5)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയോഗം
## 05.12.2024 (വ്യാഴാഴ്ച) രാവിലെ 10.30 മണിക്ക്
## സൗത്ത് കോൺഫറൻസ് ഹാൾ, സെക്രട്ടേറിയറ്റ്

**2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023, 26.10.2023, 22.01.2024, 06.03.2024, 06.06.2024, 13.08.2024, 16.10.2024 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**റിപ്പോർട്ട് ലഭിച്ചവ**

**2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

1

**2.1 ഖണ്ഡിക 4.13**
**കോട്ടയം നഗരസഭ**

ശ്രീ കെ. ചന്ദ്രൻപിള്ള, പ്രതീക്ഷ, കാരാപ്പുഴയുടെ 12.05.2023 ലെ കത്ത് (SRG/ 802/23)

വിഷയം:- കോട്ടയം നഗരസഭയിലെ പുത്തൻ തോടിൽ നിർമ്മിച്ച പാലത്തിന്റെ ബിൽതുക നൽകുന്നത് സംബന്ധിച്ച്.

കോട്ടയം നഗരസഭയിൽ 2006-2011 കാലഘട്ടത്തിൽ MLASDF സ്കീമിൽ രണ്ടാം വാർഡിൽ പുത്തൻതോടിന് കുറുകെ താൽക്കാലിക നടപ്പാലം നിർമ്മിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയുടെ ശുപാർശയോടെ ഫൈനൽ ബിൽ ജില്ലാ കളക്ടർക്ക നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം നടപ്പാലത്തിന് കേടു വന്നതിനാൽ ബിൽ തുക നൽകിയില്ല. ഇപ്പോൾ ഹൈക്കോടതി ഇതു സംബന്ധിച്ച വിഷയത്തിൽ സ്റ്റേ നൽകിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു. നടപ്പാലം നിർമ്മിച്ച 74 വയസ്സുള്ള ശ്രീ. കെ.ചന്ദ്രൻപിള്ള വിവിധ രോഗങ്ങളാലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളാലും വലിയ പരാധീനത അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ ബിൽതുകയും പലിശയും അനുവദിച്ച നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

03.07.2023 ലെ തീരുമാനം :- പ്രളയംമൂലം നടപ്പാലത്തിനു കേടുപാടുകൾ വന്നത് പാലം നിർമ്മിച്ച കരാറുകാരന്റെ വീഴ്ചയല്ലെന്ന് യോഗം നിരീക്ഷിച്ചു. ഇത് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെങ്കിലും കോട്ടയം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി ആയതിനാലും അപേക്ഷകൻ പ്രായാധിക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വ്യക്തിയാണെന്നത് പരിഗണിച്ചും ഇതിന്മേൽ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കാൻ കോട്ടയം ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും റിപ്പോർട്ട് ലഭിച്ചില്ല. 04.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഈ വിഷയം കോട്ടയം ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയെങ്കിലും ഇതുവരെയും റിപ്പോർട്ട് ലഭിച്ചില്ല എന്നത് 06.06.2024-ലെ യോഗം ചർച്ച ചെയ്തു.

06.06.2024 ലെ തീരുമാനം:- കോട്ടയം ജില്ലാ കളക്ടറുമായി ഈ വിഷയം പ്രത്യേകം ചർച്ച ചെയ്യാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഒപ്പം ഈ വിഷയം ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിച്ചു.

13.08.2024-ൽ താഴെപ്പറയുന്ന വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇതു സംബന്ധിച്ച് കോട്ടയം മുനിസിപ്പൽ സെക്രട്ടറി 23.07.2024 ന ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം MLASDF സ്കീമിൽ ഉൾപ്പെടുത്തി 2009-2010 കാലഘട്ടത്തിൽ 2,60,000 രൂപ പാലം നിർമ്മിക്കുന്നതിന് അനുവദിച്ചിരുന്നു. ചന്ദ്രൻപിള്ള, പ്രതീക്ഷ കാരാപ്പുഴ എന്നയാൾ ഗുണഭോക്തൃ സമിതി കൺവീനറായി എഗ്രിമെന്റ് വയ്ക്കുകയും തുടർന്ന് പ്രവൃത്തി

പൂർത്തീകരിക്കുകയും ചെയ്തു. ഇതിന്റെ ബിൽ 30.03.2011-ൽ കോട്ടയം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത പാലം പണി പൂർത്തീകരിച്ച് ബഹു. എം.എൽ.എ ഉത്ഘാടനം ചെയ്യുകയും തുടർന്നുള്ള മൂന്നുമാസക്കാലം ഈ പാലം നാട്ടുകാർ ഉപയോഗിച്ചിരുന്നതായും പ്രസ്തുത പ്രദേശത്തെ മുതിർന്ന പൗരന്മാരുൾപ്പെടെയുള്ള നാട്ടുകാരിൽ നിന്നും അറിയാൻ കഴിഞ്ഞു. എന്നാൽ ഇതേ വർഷം (2011) കാലവർഷത്തിലെ മഴവെള്ള പാച്ചിലിൽ പായലും പോളയും വന്നടിയുകയും അധികഭാരം മൂലം പാലം ഒഴുകി പോയതായും നാട്ടുകാർ അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ ഉണ്ട്. കോടിമതയിലേയ്ക്ക് പെട്ടെന്ന് എത്തിച്ചേരാനുള്ള മാർഗ്ഗം എന്ന നിലയിൽ ചുരുങ്ങിയ കാലയളവിൽ തന്നെ ഈ പാലം പരിസരവാസികൾക്ക് വളരെയധികം പ്രയോജനമുണ്ടായിരുന്നെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

സ്ഥല പരിശോധന സമയത്ത് പ്രസ്തുത പാലത്തിന്റെ അവശിഷ്ടങ്ങളൊന്നും കാണാൻ സാധിച്ചിട്ടില്ല. പാലം ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്ന ഭാഗത്ത് തോടിന്റെ ഇരുകരകളിലുമുള്ള കൽക്കെട്ടുകൾ പൊളിഞ്ഞു കിടക്കുന്നത് കാണാൻ കഴിഞ്ഞുവെന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2011-ലെ വാർഡ്സഭാ മിനിറ്റ്സ് ബുക്ക് പരിശോധിച്ചെങ്കിലും പ്രസ്തുത പാലം പൊളിഞ്ഞത് സംബന്ധിച്ച് യാതൊരു പരാമർശവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തിയുടെ എം. ബുക്ക് ബില്ലിനൊപ്പം കൺവീനർ കളക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ടിലുണ്ട്.

ബിൽ തുക അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ട് പ്രവൃത്തിയുടെ കൺവീനറായ ശ്രീ. ചന്ദ്രൻപിള്ള അഡ്വ.വികെ. സത്യവാൻ നായർ മുഖേന കേസ് ഫയൽ ചെയ്യുകയും കക്ഷിക്ക് അനുകൂലമായി സബ്കോടതിയും ജില്ലാ കോടതിയും വിധി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാരിനുവേണ്ടി (ഏതു ഓഫീസിൽ നിന്നാണ് കേസ് നൽകിയതെന്ന് അറിയിച്ചിട്ടില്ല) ബഹു.ഹൈക്കോടതിയിൽ വിധി നടപ്പിലാക്കുന്നതിനെതിരെ CMA No 182/2018 in RSA No. 470/2018 പ്രകാരം സ്റ്റേ പെറ്റീഷൻ ഫയൽ ചെയ്തു. ബഹു.ഹൈക്കോടതി പ്രസ്തുത വിധി സ്റ്റേ ചെയ്തു. അതിനാൽ കേസ് പെൻഡിംഗിലാണ്. ഈ സാഹചര്യത്തിൽ ഇതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ലായെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

13.08.2024 -ലെ തീരുമാനം: ഇതു സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് കൂടി ലഭിച്ചതിനുശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. ഇതിന്മേൽ കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകി.

<u>16.10.2024-ൽ നൽകിയ റിപ്പോർട്ട്:-</u> MLADSF-ൽ മുകളിൽ പറഞ്ഞ പാലത്തിന്റെ നിർമ്മാണത്തിനായി 09.09.2010 ൽ 2.60 ലക്ഷം രൂപയുടെ ഭരണാനുമതി ജില്ലാ കളക്ടർ നൽകിയിരുന്നു. പ്രവൃത്തി 06.02.2011 നു പൂർത്തിയാക്കി. പാലം നിർമ്മിച്ച കൺവീനർക്ക് 1,70,575 രൂപ നൽകുന്നതിനായി 05.05.2011-ൽ നഗരസഭാ സെക്രട്ടറി ബിൽ ജില്ലാ കളക്ടർക്ക് നൽകി. ബിൽ തുക നൽകുന്നതിന് കോട്ടയം ആർ.ഡി.ഒ ആണ് സ്ഥല പരിശോധന നടത്തിയത്. പരിശോധനയിൽ നടപ്പാലം കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് 22.09.2011-ലെ 2333/11/LDS നമ്പർ കത്തു പ്രകാരം ആർഡി.ഒ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ നടപ്പാലം പണി പൂർത്തിയായ ശേഷമുണ്ടായ പ്രകൃതിക്ഷോഭത്തെ തുടർന്ന് പാലത്തിന്റെ തൂണുകൾക്ക് ബലക്ഷയമുണ്ടാകുകയും സ്ഥാനമാറ്റം സംഭവിക്കുകയും ചെയ്തുവെന്ന് കോട്ടയം നഗരസഭാ സെക്രട്ടറി 03.06.2011-ലെ PW8/2433/09 നമ്പർ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 23.07.2012-ൽ പ്രവൃത്തിയുടെ ബിൽ തുകയും 23.03.2011 മുതലുള്ള 12 ശതമാനം പലിശയും കൺവീനർക്ക് നൽകണമെന്ന് ബഹു. കോട്ടയം അഡീഷണൽ സബ് കോടതിയിൽ OS NO.582/12-ാം നമ്പരായി ജില്ലാ കളക്ടറെ എതിർ കക്ഷിയാക്കി കേസ് ഫയൽ ചെയ്യുകയും 2,51,608 രൂപ ശ്രീ.ചന്ദ്രൻപിള്ളയ്ക്ക് നൽകാൻ കോടതി ഉത്തരവാകുകയും ചെയ്തു. ഇതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ജീപ്പ് ലേലം ചെയ്യാൻ കോടതിയിൽ നിന്ന് ഉത്തരവാകുകയും ചെയ്തു.

ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ RSA-470/18-ാം നമ്പർ ആയി കേസ് ഉണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേസ് സംബന്ധിച്ച ഹിയറിംഗ് നടപടി വേഗത്തിലാക്കാൻ അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ തീർപ്പ് അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

16.10.2024-ലെ തീരുമാനം:- 1) പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 30.03.2011 നാണ് ബിൽ ജില്ലാകളക്ടർക്ക് നൽകിയത്. എന്നാൽ 05.05.2011 നാണ് ബിൽ കളക്ടറേറ്റിൽ നൽകിയതെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇത് ഒന്നു കൂടി പരിശോധിക്കണം.

2) ഈ പ്രവൃത്തിയുടെ എം. ബുക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് വ്യക്തത വരുത്തി മെഷർമെന്റ് എടുത്ത തീയതി, എന്നാണ് RDO സൈറ്റ് പരിശോധന നടത്തിയത് എന്നീ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് നൽകണം. കൂടാതെ 2011 മാർച്ച് മുതൽ 22.09.2011 വരെ കോട്ടയം മുനിസിപ്പൽ പ്രദേശത്തോ ജില്ലയിലോ പ്രളയമോ, അതിവർഷമോ ഉണ്ടായോ എന്നത് സംബന്ധിച്ച് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയോട് റിപ്പോർട്ട് ആരായാനും തീരുമാനിച്ചു. ഇവ ശേഖരിച്ച് നൽകാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** കോ ഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 16.11.2024-ൽ സ്ഥലപരിശോധനയും രേഖകളുടെ പരിശോധനയും നടത്തിയിരുന്നു. ഈ പ്രവൃത്തി സംബന്ധിച്ച എം.ബുക്കിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥല പരിശോധന നടത്തിയതിൽ നിലവിൽ പ്രസ്തുത പാലത്തിന്റെ ശേഷിപ്പുകളൊന്നും തന്നെ കാണാൻ സാധിച്ചിട്ടില്ല. പരിശോധനാ സമയത്തും വെള്ളത്തിന്റെ അളവ് താരതമ്യേന കൂടുതൽ ആയിരുന്നു. പരിസരവാസികളിൽ നിന്നും ഈ വിഷയം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു. Coconut Pile-കൾ സ്ഥാപിച്ച്, Steel Beams Interconnect ചെയ്ത് Aluminium checkered sheet (2mm thick) Platform (24mx1.25m) ഉൾപ്പെടെ ജലഗതാഗതത്തിന് തടസ്സംവരാത്ത രീതിയിൽ ക്രമീകരിച്ചുകൊണ്ട് ഒരു താൽക്കാലിക നടപ്പാലം സൈറ്റിൽ നിർമ്മിച്ചിട്ടുള്ളതായി M-Book ലെ രേഖകൾ പ്രകാരം കാണുന്നു. ഇത്തരത്തിൽ ഒരു താൽക്കാലിക നടപ്പാലം 2011 ഫെബ്രുവരി മാസത്തിൽ പണി പൂർത്തീകരിച്ചിരുന്നതായും മൂന്ന് മാസക്കാലയളവിൽ ഈ പാലം നാട്ടുകാർ ഉപയോഗിച്ചിരുന്നതായും 2011 ജൂൺ 2ന് രാത്രി പാലം തകർന്നതായും സ്ഥലവാസികൾ മൊഴി നൽകിയിട്ടുണ്ട്. ഫയലിൽ നിന്ന് ലഭ്യമായിട്ടുള്ള ഫോട്ടോഗ്രാഫിൽ ഈ പ്രവൃത്തിയുടെ ഉദ്ഘാടനം 26/02/2011-ൽ നിർവഹിച്ചിട്ടുള്ളതായും കാണുന്നു. (Photograph നൽകിയിട്ടുണ്ട്). ശക്തമായ കാലവർഷത്തിലെ കുത്തൊഴുക്കിൽ പായലും, പോളയും അമിതമായി വന്നടിയുകയും ആയത് കാരണമുള്ള തിരശ്ചീന ബലത്താൽ ഈ പാലം ആദ്യം ചരിയുകയും പിന്നീട് ക്രമേണ തകർന്നിട്ടുള്ളതുമായാണ് നാട്ടുകാർ അറിയിച്ചിട്ടുള്ളത്. M-Bookലെ രേഖകൾ പരിശോധിച്ചതിൽ 3/1/11, 4/1/11, 5/1/11, 6/1/11, 12/1/11, 18/1/11, 27/1/11, 4/2/11, 10/2/11, 16/2/11, 18/2/11, 19/2/11, 21/2/11, 22/2/11, 23/2/11, 24/2/11, 25/2/11, 26/2/11 എന്നീ തീയതികളിൽ പ്രവൃത്തി സംബന്ധിച്ച അളവുകൾ രേഖപ്പെടുത്തി കാണുന്നു. പ്രസ്തുത അളവുകൾ, ചെക്ക് മെഷർ ചെയ്തിട്ടുള്ളതുമാണ്. ലഭ്യമായിട്ടുള്ള രേഖകളിൽ നിന്നും താൽക്കാലിക നടപ്പാലം സൈറ്റിൽ പൂർത്തീകരിച്ചിരുന്നതായും മൂന്ന് മാസക്കാലയളവിൽ ഈ പാലം നാട്ടുകാർ ഉപയോഗിച്ചിരുന്നതായും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ശക്തമായ കാലാവർഷത്താലുണ്ടായ കുത്തൊഴുക്ക് മൂലമാകാം ഈ താൽക്കാലിക നടപ്പാലം തകർന്നു പോയിട്ടുള്ളത് എന്നാണ് സ്ഥല പരിശോധനയുടേയും ലഭ്യമായ മൊഴികളുടേയും അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരിക്കുന്നത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

**2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01. 2024 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2

**2.3 ഖണ്ഡിക 4.6**

**എടവനക്കാട് ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/1282/23 - CC/701/23).

വിഷയം:- എടവനക്കാട് ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 35/24* | *അടങ്കൽ* | *5,00,000 രൂപ* |
| | | *(തനത് ഫണ്ട്)* |
| *പേര്* | *എടവനക്കാട് ഗവ.ആയുർവേദ പഞ്ചകർമ്മ ചികിത്സ സൗകര്യം ലഭ്യമാക്കൽ* | |

എടവനക്കാട് ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ 2019-20 മുതൽ ഗ്രാമപഞ്ചായത്ത് പഞ്ചകർമ്മ സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ആദ്യവർഷത്തെ ചെലവ് സംഭവാനയിൽ നിന്ന് കണ്ടെത്തി. 2021-22 മുതൽ നൂതന പ്രോജക്ടായാണ് നടപ്പാക്കുന്നത്. ആറു മാസത്തേയ്ക്ക് മാത്രം വേതനം നൽകാനാണ് അനുമതി നൽകുന്നത്. യോഗ്യരായ വനിത-പുരുഷ തെറാപ്പിസ്റ്റുകളെ നിയമിച്ച് (2 പേർ) പ്രതിമാസം ഒരാൾക്ക് 20,385 രൂപയിൽ കവിയാത്ത വേതനം നൽകുന്നു. (പ്രതിദിനം 755 രൂപ). വർഷം മുഴുവൻ ഈ സേവനം നൽകുന്ന രീതിയിൽ സ്ഥിരമായി തെറാപ്പിസ്റ്റുകളുടെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. എടവനക്കാട് ഗ്രാമപഞ്ചായത്തു കൂടാതെ ചൂർണ്ണിക്കര, മുളന്തുരുത്തി, മണീട്, ശ്രീമൂലനഗരം, മുളവുകാട്, എന്നീ ഗ്രാമപഞ്ചായത്തുകളും ഇതേ രീതിയിൽ പഞ്ചകർമ്മ ചികിത്സ നടത്തുന്നുണ്ടെന്നും ഈ ഗ്രാമപഞ്ചായത്തുകൾക്കും ഇതേ രീതിയിൽ തെറാപ്പിസ്റ്റുകളെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

22.01.2024 ലെ തീരുമാനം :-ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആയുർവേദ ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് സർക്കാർ ഫയലിലൂടെ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**റിപ്പോർട്ട്:-** നിലവിൽ ആയുർവേദ ആശുപത്രികളിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് മാത്രമാണ് പഞ്ചകർമ്മ ചികിത്സ നൽകുന്നത്. എന്നാൽ പഞ്ചകർമ്മ ചികിത്സ ഡിസ്പെൻസറികളിൽ വരുന്ന ഒ.പി. രോഗികൾക്കു കൂടി നൽകിയാൽ ആശുപത്രി വാസം കൂടാതെ പഞ്ചകർമ്മ ചികിത്സ മറ്റുള്ളവർക്കും നൽകാൻ കഴിയും. അതിനാൽ ഡിസ്പെൻസറികളിലും പഞ്ചകർമ്മ ചികിത്സ നൽകുന്നതിന് ആവശ്യമായ ഭൗതിക സൗകര്യം, ജീവനക്കാർ എന്നിവ വേണം എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ ആയുർവേദ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് |

2.4 **കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 -ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.4 ഖണ്ഡിക 4.60**

3

**കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്**

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 21.06.2023-ലെ കത്ത് (SRG/908/2023)

വിഷയം:- തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് നിർദ്ദേശം ബുക്ക് മാർക്ക് സെക്രട്ടറി നൽകിയിരിക്കുന്നു. മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള

2000 ബുക്കുകൾ, മെഡിക്കൽ & എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ, സ്പോക്കൺ ഇംഗ്ലീഷ്, മത്സര പരീക്ഷ, IAS, KAS മത്സര പരീഷ, പൊതുവിജ്ഞാനം എന്നിവയുടെ ഡിജിറ്റൽ കോപ്പികളാണ് ഇ-ലൈബ്രറി കൊണ്ടുദ്ദേശിക്കുന്നത്. മുകളിൽ പറഞ്ഞവയുടെ ലൈസൻസോടെയുള്ള ഇ-ബുക്ക് ലഭ്യമാക്കുന്നു. 5 കമ്പ്യൂട്ടർ, കസേര, മേശ, UPS, വൈദ്യുതീകരണമടക്കമുള്ള കേബിൾ സൗകര്യം, പരിശീലനം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ. കമ്പ്യൂട്ടറിന് 3 വർഷം വാറന്റി നൽകുമെന്നും ഓർഡർ ലഭിക്കുന്ന മുറയ്ക്ക് 3 ആഴ്ച്ചക്കകം ഇവ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമില്ലാതെയും ഇ-ലൈബ്രറി സൗകര്യം ലഭ്യമാക്കുന്നതാണ്. ഇത് നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണമുണ്ടാകണമെന്നതു സംബന്ധിച്ച്.

<u>06.03.2024-ലെ തീരുമാനം</u> :- ഈ പ്രൊപ്പോസൽ ബുക്ക് മാർക്ക് സെക്രട്ടറിയുമായി ചർച്ച ചെയ്ത് ചെലവടക്കമുള്ള കാര്യങ്ങളിൽ റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>06.06.2024 ന നൽകിയ റിപ്പോർട്ട്:-</u> രണ്ടു രീതിയിൽ പഞ്ചായത്തുകളിൽ ഇ-ലൈബ്രറി സ്ഥാപിക്കാവുന്നതാണ്.

1. പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകളുടെ സൗകര്യം ലഭ്യമാണെങ്കിൽ ആ കമ്പ്യൂട്ടറുകളിൽ ഇ-ലൈബ്രറി സംവിധാനം സജ്ജമാക്കാവുന്നതാണ്. ആയതിന് എസ്റ്റിമേറ്റ് പ്രകാരം 6,75,000 രൂപ യാണ് . (വിശദമായ റിപ്പോർട്ട് പ്ലാൻ A ആയി ചേർക്കുന്നു).
2. കമ്പ്യൂട്ടറുകളുടെ സൗകര്യം ഇല്ലാത്തപക്ഷം കമ്പ്യൂട്ടറുകളോടുകൂടി ഇ-ലൈബ്രറി സ്ഥാപിക്കുന്നതിന് 10,45,000 രൂപ ചെലവാകും. വിശദമായ റിപ്പോർട്ട് പ്ലാൻ B ആയി ചേർക്കുന്നു. ഇതിനായി പഞ്ചായത്ത് കുറഞ്ഞത് 150 സ്ക്വയർ ഫിറ്റ് വിസ്തീർണ്ണമുള്ള സ്ഥലം ലഭ്യമാക്കേണ്ടതാണ്. ഇതിൽ കമ്പ്യൂട്ടർ, മേശ, കസേര,യു.പി.എസ്. ബാറ്ററി, കേബിളിംഗ് എന്നിവയോട് കൂടിയുള്ള ടോട്ടൽ സൈല്യൂഷനിലൂടെ ഇ-ലൈബ്രറി സജ്ജമാക്കാവുന്നതാണ്.

| | Product | Qty | Price |
|---|---|---|---|
| Plan A | e-Library solution<br><br>eBooks 2000 nos, Objective type question and answers for Medical & Engineering entrance exams<br>Question and answers for Bank test, PSC exams and other competitive exams,<br>Contents for IAS and KAS competitive exams Video explaining how to enjoy Kathakali<br>Chemistry video lab<br><br>Visual dictionary etc<br>Content management system. The application will have a user registration section, where user will be provided with a user name and password. The user can read books from this application as the feeling of live reading, option for zoom, find, index, etc.., for book reading is provided. The number of books read by each user can be recorded. | 1 | 6,75,000 |
| Plan B | The above-mentioned contents in 1 Corei5 computer as server and 5 Corei3 computers, 6 tables and chairs, UPS with battery backup of 2 hours, labour and material cost for the electrification of 6 computer points and one point for networking switch and labour and material cost of Data cabling, fixing of rack for networking, Setting up of Infrastructure, Installation and Training. | | 10,45,000 |

Terms & Conditions
1. Warranty- 3 years for computers, software and contents, 2 years for battery.
2. Delivery-within 3 weeks from the date of confirmed order.
3. Price quoted is inclusive of setting up the infrastructure, installation, and hand holding the concerned authorities, GST extra as actuals.

06.06.2024-ലെ തീരുമാനം:- സാംസ്കാരിക വകുപ്പിന് കീഴിലാണ് ബുക്ക് മാർക്ക് പ്രവർത്തിക്കുന്നത് എന്ന് യോഗം നിരീക്ഷിച്ചു. ഇതിന്മേൽ ലൈബ്രറി കൗൺസിലിന്റെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയ പ്രകാരം താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുന്നു.

**റിപ്പോർട്ട്:-** 1) ലൈബ്രറികളിൽ ഇ- ലൈബ്രറി സൗകര്യം ഒരുക്കാവുന്നതാണെന്ന് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുമായുള്ള ചർച്ചയിൽ അറിയിച്ചിട്ടുണ്ട്.

2) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണ് ബുക്ക് മാർക്ക് എന്നതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ലൈബ്രറികളിൽ ഇ-ലൈബ്രറി സൗകര്യം ഒരുക്കുന്നതിന് അനുമതി പരിഗണിക്കാവുന്നതാണ്. എന്നാൽ ഇ-ലൈബ്രറി സ്ഥാപിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം തദ്ദേശഭരണസ്ഥാപനമാണ് ഒരുക്കുന്നതെങ്കിൽ നിലവിലെ മാനദണ്ഡ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു വേണം ഇത് സ്ഥാപിക്കേണ്ടതെന്ന് നിർദ്ദേശിക്കാവുന്ന താണ്. എന്നാൽ ബുക്ക് മാർക്ക് നേരിട്ടാണ് ഇത് സ്ഥാപിക്കുന്നതെങ്കിൽ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ട ചുമതല ബുക്ക് മാർക്കിനു തന്നെയാകണമെന്നും അറിയിക്കാവുന്നതാണ്. ഒപ്പം ബുക്ക് മാർക്ക് ഈ-ബുക്ക് ശേഖരിച്ചത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് എന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും ബുക്ക്മാർക്കിനു തന്നെയായിരിക്കും എന്നറിയിക്കാവുന്നതാണ്. മുകളിൽ പറഞ്ഞ നിരക്കും സ്പെസിഫിക്കേഷനും അനുസരിച്ചായിരിക്കണം ഇ-ബുക്ക് സൗകര്യം ഒരുക്കേണ്ടതെന്നും നിർദ്ദേശിക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |

**2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

4

**2.5 ഖണ്ഡിക 3.8 (iii)**

**കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള പ്രോജക്ടുകൾ**

(i) വളരെ വർഷം മുമ്പ് സ്ഥാപിച്ച പൊതു ടാപ്പുകളുടെ അടിസ്ഥാനത്തിലാണ് പല തദ്ദേശഭരണ സ്ഥാപനങ്ങളിലും കുടിവെള്ള ചാർജ് KWA ഈടാക്കുന്നത്. KWAയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവും 2024 ജൂലൈ 31 നകം സംയുക്ത പരിശോധന നടത്തി ഇപ്പോഴുള്ള പൊതു ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള ചാർജ് ഈടാക്കുന്ന രീതി നടപ്പാക്കണം. ഇതിനുവേണ്ട നിർദ്ദേശം KWA ചീഫ് എഞ്ചിനീയർ താഴെതലത്തിലേയ്ക്ക് നൽകണം. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുമായും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുമായും ചർച്ച ചെയ്യാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ റിപ്പോർട്ട്.

13.08.2024 ൽ നൽകിയ റിപ്പോർട്ട്:-

KWA ഉദ്യോഗസ്ഥരുമായി 27.06.2024-ൽ ചേർന്ന യോഗ തീരുമാന പ്രകാരം താഴെപ്പറയുന്നവയും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1) അതത് തദ്ദേശഭരണസ്ഥാപനവും KWA എഞ്ചിനീയറും തദ്ദേശഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച തീയതിക്കകം (2024 ജൂലൈ 31) പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന പൂർത്തിയാക്കു വാൻ നടപടി സ്വീകരിക്കണം. ഇപ്രകാരം ജൂലൈ 31-നകം സംയുക്ത പരിശോധന

പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനം സ്വന്തമായി പരിശോധന നടത്തി ആവശ്യമില്ലാത്തതും പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതു ടാപ്പുകൾ കണ്ടെത്തി KWA യെ അറിയിക്കണം. നിലവിലെ പൊതു ടാപ്പുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കേണ്ടവയുണ്ടെങ്കിൽ അതിനുള്ള നടപടിയും സ്വീകരിക്കണം. തദ്ദേശഭരണസ്ഥാപനം വിവരം ലഭ്യമാക്കിക്കഴിഞ്ഞ് KWA കഴിവതും വേഗം (15 ദിവസത്തിനകം) ഇത് ക്രോസ് ചെക്ക് ചെയ്ത് തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കണം. ഇങ്ങനെ അറിയിച്ചില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനം സ്വന്തമായി പരിശോധന നടത്തി കണ്ടെത്തിയ പ്രകാരമുള്ള ടാപ്പുകളുടെ എണ്ണമനുസരിച്ച് കുടിവെള്ള ചാർജ്ജ് അടയ്ക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്. ഒപ്പം സംസ്ഥാനത്തെ പൊതു ടാപ്പുകളുടെ എണ്ണം ജിയോ ടാഗിംഗിലൂടെ കണ്ടെത്തി ചിട്ടപ്പെടുത്താൻ KWA നടപടി സ്വീകരിക്കും.

13.08.2024 ലെ തീരുമാനം:- KWAയുമായി ചർച്ച ചെയ്ത് SRG നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞ പരിശോധന പൂർത്തിയാക്കിയതിനുശേഷം ഒരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും പൊതുടാപ്പുകളുടെ എണ്ണം നൽകുവാൻ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. സംയുക്ത പരിശോധനയ്ക്കുശേഷം പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണമനുസരിച്ച് കുടിവെള്ളചാർജ്ജ് ഈടാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട് :-** ഇതു സംബന്ധിച്ച് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും ബഹു. ജലവിഭവ വകുപ്പുമന്ത്രിയുമായി 23.10.2024 ന് പ്രത്യേക യോഗം ചേർന്നു. യോഗത്തിൽ പൊതു ടാപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1) പൊതു ടാപ്പുകളുടെ കുടിശ്ശിക തീർപ്പാക്കുന്ന കാര്യത്തിൽ ടാപ്പുകളുടെ എണ്ണത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും KWA യുടേയും കണക്കുകളിൽ നിലനിൽക്കുന്ന വ്യത്യാസം പരിഹരിക്കണം. ഈ വ്യത്യാസം പരിഹരിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കണക്ക് പ്രകാരം 905 കോടി രൂപ KWA ക്ക് നൽകും. ആവശ്യമില്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നത് ബന്ധപ്പെട്ട ജനപ്രതിനിധികളുടെ അഭിപ്രായം കൂടി തേടിയായിരിക്കും നടപടി സ്വീകരിക്കുന്നത്. ഇതിനായി പൊതുടാപ്പുകൾ ജിയോ ടാഗ് ചെയ്യാൻ ഐ.കെ.എം. നെ ചുമതലപ്പെടുത്തി. ജിയോ ടാഗ് ചെയ്യാൻ പരിശീലനം ലഭിച്ച കുടുംബശ്രീ അംഗങ്ങളെ നിയോഗിക്കാൻ തീരുമാനിച്ചു. ജിയോ ടാഗ് ചെയ്യുന്നതിന് നൽകേണ്ട ചെലവ് രണ്ടു വകുപ്പുകളും തുല്യമായി വഹിക്കും. ജിയോ ടാഗ് ചെയ്യുന്ന പ്രവൃത്തി 2024 നവംബർ 15-നകം പൂർത്തിയാക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി<br>2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ് |

**<u>2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 -ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

5

**2.6 ഖണ്ഡിക 4.6**

**<u>ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.05.2024, 24.05.2024 എന്നീ തീയതികളിലെ കത്തുകളും ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 03.10.2022-ലെ 28-ാം നമ്പർ തീരുമാനവും അനുബന്ധമായി ചേർത്തിരിക്കുന്ന രേഖകളും (SRG/463/24 - CC/189/24)**

**വിഷയം:-** അതിദരിദ്ര കുടുംബത്തിൽപ്പെട്ട ശ്രീമതി.രാധാമണിക്ക് വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി.രാധാമണി വലിയമൂലയിൽ എന്ന വ്യക്തി അതിദരിദ്ര്യലിസ്റ്റിൽ ഉൾപ്പെട്ടതാണ്. 77 വയസ്സുള്ള ഇവർക്ക് മക്കൾ ഇല്ല. ഭർത്താവായ ശ്രീ രവീന്ദ്രനുമായി റെയിൽവെ പുറമ്പോക്കിലാണ് താമസം. 2018 -ൽ PMAY പദ്ധതിയിൽ ഇവർക്ക് വീട്ടു നിർമ്മാണത്തിന് ധനസഹായമായി 4.00 ലക്ഷം രൂപ ലഭിച്ചു. മുഴുവൻ തുകയും

കൈപ്പെറ്റിയെങ്കിലും വീട്ടു നിർമ്മാണം പൂർത്തിയായില്ല. വീട് പൂർത്തീകരിക്കുന്നതിന് 2.50 ലക്ഷം രൂപ കൂടി വേണം.

വീടിന് തറ കെട്ടുന്നതിന് ഇവരുടെ പേരിലുള്ള 3 സെന്റ് സ്ഥലവും ബന്ധുവിന്റെ സ്ഥലവും ചെറുന്നിയൂർ സഹകരണ ബാങ്കിൽ ഈടുവച്ച് ശ്രീ.രവീന്ദ്രൻ 50,000 രൂപ വായ്പ എടുത്തിരുന്നു. 3,124 രൂപ മാത്രമാണ് തിരികെ അടച്ചത്. ബാങ്ക് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. രവീന്ദ്രൻ 2020-ൽ ട്രെയിൻ അപകടത്തിൽ മരണപ്പെട്ടു. പലിശ ഒഴിവാക്കി മുതൽ മാത്രം അടച്ചുകൊണ്ട് വായ്പ ക്ലോസ് ചെയ്യാൻ ബാങ്ക് ഭരണസമിതി 02.02.2024-ൽ തീരുമാനമെടുത്തിട്ടുണ്ട്. ബാങ്ക് വായ്പ നൽകുന്ന സമയത്ത് ശ്രീ.രവീന്ദ്രന് 70 വയസ്സായതിനാൽ സഹകരണ വകുപ്പിന്റെ റിസ്ക് ഫണ്ട് പദ്ധതിയിൽപ്പെടില്ല എങ്കിലും റിസ്ക് ഫണ്ട് നൽകണമെന്ന് സഹകരണ റിസ്ക് ഫണ്ട് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെടാൻ ബാങ്ക് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബമെന്ന നിലയിൽ വയറിംഗ് അടക്കം വീട് പൂർത്തീകരിക്കാനാവശ്യമായ 2.50 ലക്ഷം രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**13.08.2024 -ലെ തീരുമാനം:-**ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട് :-** റെയിൽവേ പുറമ്പോക്കിൽ താമസിച്ചിരുന്ന ഈ കുടുംബത്തോട് പുറമ്പോക്കിൽ നിന്നും ഒഴിയണമെന്ന് റെയിൽവേ ആവശ്യപ്പെട്ടതിനെ തുടർന്ന് പൂർത്തീകരിക്കാത്ത ഭവനത്തിലേയ്ക്ക് ഇവർ താമസം മാറി. വീടിന്റെ റൂഫ് വാർത്തതാണെങ്കിലും വീടിന്റെ സ്ട്രക്ച്ചർ മാത്രമാണുള്ളത്. വീടിന്റെ തറ നിർമ്മാണം നടത്തുകയോ ജനലുകളും വാതിലുകളും ഇടുകയോ ചെയ്തിട്ടില്ല. വീടിന്റെ മുൻവശത്ത് ഒരു കതക് മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഇനി രണ്ടര ലക്ഷം രൂപ കൂടി ധനസഹായമായി അനുവദിച്ചാൽ മാത്രമേ വീട് വാസയോഗ്യമാക്കാൻ സാധിക്കുകയുള്ളൂ.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 2.7 <u>കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>

**2.7 ഖണ്ഡിക 4.2**

6 **<u>പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്</u>**

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2024-ലെ SC - 1/995/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/789/24) (തദ്ദേശ അദാലത്ത്)

വിഷയം:- ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

ലൈഫ് 2020 പദ്ധതിയിൽ 112 കുടുംബങ്ങളും ലൈഫ് ഫേസ് III ൽ 30 കുടുംബങ്ങളും ഉൾപ്പെടെ 142 പേർ ഭൂരഹിത ഭവന ലിസ്റ്റിൽ ഉണ്ട്. ഈ ലിസ്റ്റിൽ നിന്ന് 42 കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലൈഫ് മിഷന് വിട്ടു നൽകിയിരുന്നു. എന്നാൽ റോഡിന് മതിയായ വീതി ഇല്ലാത്തതിനാൽ അഗ്നിരക്ഷാസേനയുടെ NOC ലഭിച്ചില്ല. റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ ഭവനസമുച്ചയത്തിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14 സെന്റ് സ്ഥലം കൂടി ലൈഫ് മിഷന് നൽകാൻ ഗ്രാമപഞ്ചായത്ത് 21.01.2024 ൽ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിവരം 02.02.2024-ൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നുമായില്ല. അതിനാൽ കാലതാമസമൊഴിവാക്കി ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

16.10.2024-ലെ തീരുമാനം:-ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുമ്പോൾ ഉള്ള യൂണിറ്റ് ചെലവ് എത്രയാണ്, എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിക്കുന്നത്, എത്ര സ്ഥലം ആവശ്യമായി വരും, ഇതിനായി CSR/സംഭാവന ലഭിക്കാൻ സാധ്യതയുണ്ടോ തുടങ്ങിയ വിവരങ്ങൾ നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** മൂന്ന് നിലകളിലായി 12 യൂണിറ്റുകൾ അടങ്ങിയ 3 കെട്ടിടവും 2 നിലകളിലായി 8 യൂണിറ്റ് അടങ്ങിയ ഒരു കെട്ടിടവും ഉൾപ്പെടെ ആകെ 44 കുടുംബങ്ങൾക്കാണ് ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തിയുടെ കെട്ടിട നിർമ്മാണത്തിന് ആകെ 6.86 കോടി രൂപ ചെലവ് വരും. ഇതുപ്രകാരം ക്ലസ്റ്റർ ഹോം നിർമ്മിക്കുമ്പോൾ ഒരു യൂണിറ്റിന് വേണ്ടിവരുന്ന ചെലവ് 15.58 ലക്ഷം രൂപയാണ്. ഈ പദ്ധതിയ്ക്ക് അനുബന്ധമായി വേണ്ടിവരുന്ന നിർമ്മാണ പ്രവൃത്തികളായ റോഡ്, മറ്റ് External Service Works, STP Land Development ജോലികൾ എന്നിവയ്ക്ക് വേണ്ടത് 88 ലക്ഷം രൂപയാണ്. അങ്ങനെ ആകെ ഒരു യൂണിറ്റിന് 17.58 ലക്ഷം രൂപ ചെലവ് വരും. സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം ഒരു യൂണിറ്റിന്റെ വിസ്തീർണ്ണം 47.62 ആണ് (512.10 സ്ക്വയർ ഫീറ്റ്). പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 64 സെന്റ് സ്ഥലം ലഭ്യമാണ്.

പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ പ്രീ-ഫാബ് മാതൃകയിൽ ഭവനസമുച്ചയം നിർമ്മിക്കുന്നതിന് 616 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഈ തുകയും അടിസ്ഥാന സൗകര്യത്തിനാവശ്യമായ 88.00 ലക്ഷം രൂപയും 2024-25 വർഷം 4515 - 00-102 - 41 എന്ന റൂറൽ ഹൗസിംഗ് ശീർഷകത്തിൽ നിന്നും അനുവദിക്കാൻ കഴിയുമെന്ന് 11.11.2024-ൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത ഭവനസമുച്ചയ നിർമ്മാണത്തിനായി സി.എസ്.ആർ/സംഭാവന ലഭിക്കുവാനുള്ള സാദ്ധ്യത വളരെക്കുറവാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**റിപ്പോർട്ട് ലഭിക്കാത്തവ**

**2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

7

**2.2 ഖണ്ഡിക 3.2**

**ആംബുലൻസ്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ<br>(ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

പ്രിൻസിപ്പൽ ഡയറക്ടർ 04.01.2024-ന നൽകിയ റിപ്പോർട്ട്

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം

| ക്രമ നം | ജില്ല | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം) | | | | | PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആകെ ആംബുലൻസുകളുടെ എണ്ണം 798

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെപറയും പ്രകാരമാണ്.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ യോഗം 08.01.2024-ന്ന കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് ഉടനെ നൽകുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

04.01.2024 ലെ തീരുമാനം:- ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ആംബുലൻസിന്റെ വിവരങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. സ്വകാര്യ മേഖല/സന്നദ്ധ സംഘടനകൾ/മറ്റു സ്ഥാപനങ്ങൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകളും പൊതുജനങ്ങളുടെ സേവനത്തിന് ലഭ്യമാകും എന്ന് യോഗം വിലയിരുത്തി. ഇതടക്കം എത്ര ആംബുലൻസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ലഭ്യമാകും എന്ന വിവരം കൂടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

13.08.2024-ൽ നൽകിയ റിപ്പോർട്ട്:- ട്രാൻസ്പോർട്ട് കമ്മീഷണറോട് റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല. അതിനാൽ സ്വകാര്യ മേഖല/NGO/സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വിവരങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്ന് ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇതനുസരിച്ച് ട്രാൻസ്സ്പോർട്ട് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ട് 16.10.2024-ലെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകി.

16.10.2024-ൽ നൽകിയ റിപ്പോർട്ട്:- കേരളത്തിൽ ആകെ 9883 ആംബുലൻസാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിൽ വാഹൻ പോർട്ടൽ റിപ്പോർട്ട് പ്രകാരം 6507 വാഹനങ്ങൾക്കു മാത്രമേ Certificate of Fitness ഉള്ളൂ. ഈ വാഹനങ്ങൾക്കു മാത്രമേ നിരത്തിൽ ഇറങ്ങാൻ കഴിയൂ.

16.10.2024-ലെ തീരുമാനം:- ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ ലിസ്റ്റും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടർ 04.01.2024 ന് നൽകിയ ലിസ്റ്റും മുകളിൽ പറഞ്ഞ ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായ കമ്മിറ്റി പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ആരോഗ്യവകുപ്പ് ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

**2.2 ഖണ്ഡിക 4.7**

8

**കായംകുളം നഗരസഭ**

കോട്ടയം ഷാരോൺ വാട്ടർസൊല്യൂഷൻ ഉടമയുടെ 03.08.2023 ലെ കത്തും നഗരകാര്യ ഡയറക്ടർ സർക്കാരിനു നൽകിയ 16.03.2022 ലെ DC1-5101/2021-ാം നമ്പർ കത്തും (SRG/1092/23).

വിഷയം:- കായംകുളം നഗരസഭയിൽ സ്ഥാപിച്ച Effluent Treatment Plant ൽ അധികമായി ചെയ്ത പ്രവൃത്തിയുടെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

കായംകുളം നഗരസഭയിൽ 2018-19 ൽ അറവുശാലയിൽ Effluent Treatment Plant (ETP) സ്ഥാപിക്കുന്നതിന് 33,85,000 രൂപയുടെ അടങ്കൽ തുകയിൽ പ്രോജക്ട് എടുത്തിരുന്നു. ഇത് ടെണ്ടർ ചെയ്തപ്പോൾ 23,50,000 രൂപ ക്വാട്ട് ചെയ്ത കോട്ടയം ഷാരോൺ വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചു. ഇതനുസരിച്ച് 31.01.2019 ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി പൂർത്തിയാക്കി 28.03.2019 ന് ബിൽതുക കരാറുകാരന് നൽകി. എന്നാൽ നഗരസഭ ആവശ്യപ്പെട്ട പ്രകാരം ഇ.റ്റി.പിയോടനുബന്ധിച്ച് 11.50 ലക്ഷം രൂപയുടെ അധിക പ്രവൃത്തി ചെയ്തു. ഇതിന്റെ ബിൽതുക കരാറുകാരന് ലഭിച്ചില്ല. പ്രോജക്ടിന്റെ ആകെ

അടങ്കൽ തുകയായ 33.85 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ചെലവായ തുക നൽകണമെന്നതു സംബന്ധിച്ച്

26.10.2023 തീരുമാനം :- നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടാണോ കരാറുകാരൻ അധിക പ്രവൃത്തി ചെയ്തതെന്നതടക്കമുള്ള വിവരങ്ങൾ, അധിക പ്രവൃത്തി ചെയ്തതിന്റെ വാല്യുവേഷൻ തുക എത്രയാണെന്ന് എന്നിവ മുനിസിപ്പൽ എഞ്ചിനീയർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് സഹിതം നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ് |

## 2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01. 2024 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.3 ഖണ്ഡിക 4.31

9

**വിളയൂർ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2023 ലെ 20(1)-ാം നമ്പർ തീരുമാനവും (SRG/1311/23 - CC/718/2023).

വിഷയം:- കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിവിധ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. ജല-ജീവൻ പദ്ധതി വരുന്നതുവരെ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃസമിതി തന്നെ നൽകി. ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നുണ്ട് എന്നതിനാൽ ഇപ്പോൾ ഗുണഭോക്തൃസമിതി വൈദ്യുതി ചാർജ് അടയ്ക്കുന്നില്ല. ഗുണഭോക്താക്കൾ മാസംതോറും നൽകേണ്ട തുക നൽകുന്നില്ല. ആകെ 30 കുടിവെള്ള പദ്ധതിയുടെ കുടിശ്ശികയാണ് നൽകാനുള്ളത്. ഇതിൽ 14 എണ്ണത്തിന്റെ വൈദ്യുതി കണക്ഷൻ KSEB വിച്ഛേദിച്ചു. കുടിശ്ശിക ഈടാക്കാൻ KSEB റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ കുടിശ്ശിക തുക 84,923 രൂപ. ഈ തുക നൽകാൻ തനത് ഫണ്ട് ഇനത്തിൽ 1,00,000 രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

22.01.2024 ലെ തീരുമാനം :- ഈ പദ്ധതിയിലൂടെ കുടിവെള്ളമുപയോഗിച്ച കാലത്തെ കുടിശ്ശിക ഗുണഭോക്തൃ സമിതി തന്നെ നൽകേണ്ടതാണ് എന്നു യോഗം നിരീക്ഷിച്ചു. ഈ വിഷയത്തിൽ റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

16.10.2024-ൽ നൽകിയ റിപ്പോർട്ട്:- മുകളിൽപ്പറഞ്ഞ വിവരങ്ങൾ വസ്തുതാപരമാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

16.10.2024-ലെ തീരുമാനം:- പൊതുജനങ്ങളുടെ ആവശ്യത്തിന് വേണ്ടി മുകളിൽ പറഞ്ഞ കുടിവെള്ള പദ്ധതികൾ നിലനിർത്തേണ്ടതുണ്ടോ, ഇവയിൽ ഏതൊക്കെയാണ് ഇപ്പോൾ പ്രവർത്തന സജ്ജം, കുടിവെള്ള സംരക്ഷണത്തിന്റെ ഭാഗമായി പ്രത്യേകം പരിപാലിച്ച് സംരക്ഷിക്കേണ്ട ജല സ്രോതസ്സ് ഉണ്ടോ, ഇനി ആവശ്യമില്ലാത്തവയാണെങ്കിൽ അവയുടെ മോട്ടോർ അടക്കമുള്ളവ എന്തു ചെയ്യണം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തിയുടെ ലിസ്റ്റ് സഹിതം നൽകാൻ റൂറൽ ഡയറക്ടറോട് നിർദ്ദേശിക്കുന്നു. റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കാലതാമസമൊഴിവാക്കി ഉടനെ റിപ്പോർട്ട് നൽകേണ്ടതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ് |

**2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 -ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

10 **2.6 ഖണ്ഡിക 3.2**
**അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം**

അതിദരിദ്ര കുടുംബങ്ങൾക്ക് ഇവരുടെ ക്ലേശഘടനം/ആവശ്യം അനുസരിച്ച് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചില അതിദരിദ്ര കുടുംബങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണമടക്കമുള്ള വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതിന്റെ ഭാഗമായി ജപ്തി നടപടി നേരിടുന്നുണ്ട്. ഇവരിൽ ചിലർക്കെങ്കിലും വായ്പ തുക തിരികെ അടച്ച് ജപ്തി നടപടിയിൽ നിന്ന് വിമുക്തരാകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഉദാ: ഇന്നത്തെ (13.08.2024-ലെ) യോഗ മിനിട്സിന്റെ ഖണ്ഡിക 4.6 ൽ പരാമർശിക്കുന്ന ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബം. ഈ പ്രശ്നം സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ യോഗം തീരുമാനിച്ചു. അതിദരിദ്ര ലിസ്റ്റിലുള്ള 300 കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുത്ത് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ യോഗം ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ്, ഡി.പി. ഡിവിഷൻ<br>2) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

11 **2.6 ഖണ്ഡിക 3.5**
**ജലസ്രോതസ്സുകളുടെ പരിപാലനം**

കേരളത്തിലെ ജലസ്രോതസ്സുകൾ മലിനമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ ബന്ധപ്പെട്ട വകുപ്പുകളും ജാഗ്രതയും ഇടപെടലും നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

12 **2.6 ഖണ്ഡിക 4.23**
**കുടുംബശ്രീ**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.05.2024 -ലെ 1152/D/2020/KSHO നമ്പർ കത്തും അനുബന്ധരേഖകളും സർക്കാർ ഫയലും (SRG/628/24 IA1/250/2022/LSGD)

വിഷയം:- കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ/ ചെറുകിട യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

മറ്റ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകളിൽ നിന്ന് ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 25.09.2021-ലെ 19/2021/SPD സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഈ ഉത്തരവിന്റെ കാലാവധി 01.07.2022-ന് അവസാനിച്ചു. ഇതിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ 18.06.2023-ൽ കുടുംബശ്രീ സർക്കാരിനോടാവശ്യപ്പെട്ടിരുന്നു. ആവശ്യം തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റോർ പർച്ചേസ് വകുപ്പിന് നൽകിയെങ്കിലും "തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു മിഷൻ പ്രോജക്ടായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ടെണ്ടർ ഇളവ് അനുവദനീയമായ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാറ്റഗറിയിൽപ്പെടുന്നതല്ല" എന്നതടക്കമുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടി ആവശ്യം നിരസിച്ചു. എന്നാൽ ഇത്തരം കുടുംബശ്രീ യൂണിറ്റുകളെ അംഗീകൃത ഗവൺമെന്റ് ഏജൻസികളുടെ ലിസ്റ്റിൽ (Accredited Agencies) ഉൾപ്പെടുത്തുന്നതിന് ധനവകുപ്പുമായി

ആലോചിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണെന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടി കൂടാതെ കുടുംബശ്രീ തയ്യൽ യൂണിറ്റിന് നേരിട്ട് നൽകാൻ സാധിക്കുംവിധം ഇത്തരം സേവനങ്ങൾ നൽകുന്ന അംഗീകൃത ഗവൺമെന്റ് ഏജൻസികളുടെ ലിസ്റ്റിൽ (Accredited Agencies) കുടുംബശ്രീയെ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്. ഇതിന്മേൽ റിപ്പോർട്ടിനായി കില ഡയറക്ടർ ജനറലിനു നൽകി. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ ഡയറക്ടർ ജനറൽ മറുപടി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഫയൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

**13.08.2024 -ലെ തീരുമാനം:-** കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തന പരിചയം, സാങ്കേതിക മേന്മ, ഉല്പന്നങ്ങളുടെ ഗുണമേന്മ എന്നിവ പരിശോധിച്ച് ഏതൊക്കെ കുടുംബശ്രീ യൂണിറ്റുകളെയാണ് ഇപ്രകാരം അക്രഡിറ്റഡ് ഏജൻസിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതെന്ന് ലിസ്റ്റ് സഹിതം നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

## 2.7 <u>കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>

13

**2.7 ഖണ്ഡിക 3.2**

**സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016-ലെ യോഗ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ നിന്ന് ഒരു ജൂനിയർ സൂപ്രണ്ടിനേയും ഒരു സീനിയർ ക്ലാർക്കിനെയും എസ്.ആർ.ജി. ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരുന്നു. 20.10.2021ൽ എസ്.ആർ.ജി. പുനഃസംഘടിപ്പിച്ചപ്പോൾ ഇവരെ രണ്ടുപേരെയും എസ്.ആർ.ജി.യിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുവാൻ സർക്കാർ ഉത്തരവായിരുന്നു.

ഇപ്പോൾ രണ്ടു പോസ്റ്റും ഒഴിഞ്ഞു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെയും തുടർന്നുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയവും വൈദഗദ്ധ്യവുമുള്ള ഒരു ജൂനിയർ സൂപ്രണ്ടിനെയും കോഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് സഹായിക്കുന്നതിനായി ഒരു ക്ലർക്കിനെയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും എസ്.ആർ.ജി. ഓഫീസിൽ അടിയന്തിരമായി നിയമിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

14

**2.7 ഖണ്ഡിക 4.19**

**<u>കാസർഗോഡ് ജില്ലാ പഞ്ചായത്ത്</u>**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.09.2024-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.11.2023-ലെ 58(1)-ാം നമ്പർ തീരുമാനവും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.09.2024-ലെ B4-2158/23 -ാം നമ്പർ കത്തും (SRG/840/24 – CC/534/24)

വിഷയം:- മാനസിക വെല്ലുവിളി നേരിടുന്നവർക്കായി മാറ്റി വച്ച തുകയിൽ നിന്ന് ഭിന്നശേഷി ക്യാമ്പും ഉപകരണങ്ങളും നൽകുവാൻ ഉപയോഗിക്കുന്നതു സംബന്ധിച്ച്

കാർഗോഡ് ജില്ലാ പഞ്ചായത്ത് 2017-18 വർഷം മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതിക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു. (പ്രോ.നം. 19/18). ജില്ലാ പഞ്ചായത്ത് വിഹിതം 40,00,000 രൂപ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 1,15,37,079 രൂപ, ബാങ്കിൽ ലഭ്യമായ പലിശ 68,38,628 രൂപ എന്നീ രീതിയിലാണ് പ്രോജക്ടിന് വിഹിതം വകയിരുത്തിയിരുന്നത്. ആകെ 2,23,75,707 രൂപ. മുൻകാലങ്ങളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ചിരുന്ന തുക ബാങ്കിൽ സൂക്ഷിച്ചതിന്റെ പലിശയാണ് മുകളിൽ പറഞ്ഞ പലിശ വിഹിതം. 2017-18 മുതൽ ഓരോ വർഷവും ഈ ആവശ്യത്തിനായി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിവരവും താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ | അടങ്കൽ (രൂപയിൽ | ചെലവ് (രൂപയിൽ) | ശേഷിക്കുന്ന തുക (രൂപയിൽ) |
|---|---|---|---|---|
| 2017-18 | 19/18 | 2,23,75,707 | 1,08,18,320 | 1,15,57,387 |
| 2018-19 | 574/19 | 3,30,30,887 | 67, 21,049 | 2,63,09,838 |
| 2019-20 | 480/20 | 2,63,09,838 | 17,73,429 | 2,45,36,409 |
| 2020-21 | 356/21 | 2,45,36,409 | 29,58,261 | 2,15,78,148 |
| 2021-22 | 440/22 | 2,15,78,148 | 36,79,998 | 1,78,98,150 |
| 2022-23 | 316/23 | 1,78,98,150 | 69,33,500 | 1,09,64,650 |
| 2023-24 | 474/24 | 1,09,64,650 | 0 | 1,09,64,650 |
| 2024-25 | 628/25 | 1,09,64,650 | 0 | 1,09,64,650 |

മിച്ചമുള്ള 1,09,64,650 രൂപയിൽ നിന്ന് എൻഡോസൾഫാൻ ബാധിത ലിസ്റ്റിലുള്ളതും ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളതുമായ ഭിന്നിശേഷി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഒരു ലക്ഷം രൂപ വീതം നല്കാൻ 21.08.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേക അനുമതി നൽകിയിരുന്നു. എന്നാൽ ഇതിനായി ഇതുവരെ 40 പേർ മാത്രമാണ് അപേക്ഷകരായി വന്നത്. അതിനാൽ ബാക്കിയുള്ള തുക (69,64,650 രൂപ) ഉപയോഗിച്ച് ഭിന്നശേഷി വിഭാഗക്കാർക്ക് പ്രത്യേക പരിശോധനാ ക്യാമ്പ് നടത്തി ഉപകരണങ്ങൾ നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

16.10.2024-ലെ തീരുമാനം:-1) ഈ വർഷത്തെ പ്രോജക്ടിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ജില്ലാതല കർമ്മ പദ്ധതി എന്നു മാത്രമെയുള്ളൂ. പക്ഷേ കുത്തു പ്രകാരം ക്യാമ്പും ഉപകരണങ്ങളുമാണ് എന്നാണ് കാണിച്ചിരിക്കുന്നത്. കൂടാതെ ലഭ്യമായ തുക (69,64,650 രൂപ) യേക്കാൾ കൂടുതലാണ് അടങ്കൽ കാണിച്ചിരിക്കുന്നത്.
2) 2017-18 മുതൽ ലഭിച്ച തുക ബാങ്കിലാണിട്ടിരിക്കുന്നത് (കേരള ഗ്രാമീൺ ബാങ്ക്, വിദ്യാനഗർ ബ്രാഞ്ച്) ഓരോ വർഷവും ലഭിച്ച തുക ഏതൊക്കെ ആവശ്യത്തിനാണ് ഉപയോഗിച്ചത് എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച തുടർ നടപടി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

15

**2.7 ഖണ്ഡിക 4.22**
**Kerala State Coir Machinery Manufacturing Company Ltd**

കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാന്റെ 12.06.2024 -ലെ കത്ത് (SRG/597/24)

വിഷയം:- കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിക്കുന്ന മെഷിനറികൾ വാങ്ങുന്നത് സംബന്ധിച്ച്

കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി (KSCMMC) കയർ സൊസൈറ്റികളിലെ സിവിൾ നിർമ്മാണ പ്രവർത്തനം, വിവിധ യന്ത്രസാമഗ്രികളുടെ നിർമ്മാണവും സ്ഥാപിക്കലും, ഇവയുടെ മെയിന്റനൻസ്, ഇലക്ട്രിഫിക്കേഷൻ എന്നിവയടക്കം വിവിധ പ്രവൃത്തികൾ ചെയ്യുന്നുണ്ട്. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കമ്പനി മാലിന്യ സംസ്കരണത്തിനാവശ്യമായ താഴെപ്പറയുന്ന വിവിധ മെഷീനുകൾ ഇപ്പോൾ നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| 1 | Baling Machine | 5 | Sorting Conveyor |
| 2 | Shredding Machine | 6 | Metal Trolley |
| 3 | De duster Machine | 7 | Bottle Booth |
| 4 | Glass Bottle Crusher | 8 | Mini MCF |

ഈ മെഷീനുകൾക്കെല്ലാം ആവശ്യമായ മെയിന്റനൻസ്, ടെക്നീഷ്യൻ, തുടങ്ങിയവ കമ്പനി നൽകുന്നുണ്ട്. ഈ മെഷീനുകൾ ടെണ്ടർ നടപടി കൂടാതെ സർക്കാർ, പൊതുമേഖല, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുവാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് മെഷീനുകളുടെ സ്പെസിഫിക്കേഷൻ നൽകിയിട്ടുണ്ട്.

16.10.2024-ലെ തീരുമാനം:-ഈ ഉല്പന്നങ്ങളുടെ വില, ഗുണനിലവാരം എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

16 **3. പൊതുവിഷയം**

**4. പ്രത്യേക വിഷയം**

=================

17 **4.1 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത് (അദാലത്ത്)</u>**

ബഹു.മന്ത്രിയുടെ കോഴിക്കോട് ജില്ലയിൽ 06.09.2024-ന നടത്തിയ തദ്ദേശ അദാലത്തിന്റെ ഉദയം ചാരിറ്റബിൾ സൊസൈറ്റിക്കും കോഴിക്കോട് ജില്ലാ പഞ്ചായത്തിനും വേണ്ടി നൽകിയ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024-ലെ LSGD/PD/32570/2024 - DPLA - A1 നമ്പർ കത്തും അനുബന്ധരേഖകളും (SRG/857/24)

വിഷയം:- ഉദയം ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രവർത്തനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം നൽകണമെന്നതു സംബന്ധിച്ച്

കോഴിക്കോട് ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാൻ ആയി ഉദയം ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തിക്കുന്നു. തെരുവിൽ ജീവിക്കുന്നവരെ പുനരധിവസിപ്പിക്കുക എന്നതാണ് സൊസൈറ്റിയുടെ ലക്ഷ്യം. പല സംഘടനകളുടെയും വ്യക്തികളുടെയും സഹായം ഇതിനായി ലഭിക്കുന്നു. ഒപ്പം ജില്ലാ പഞ്ചായത്തും കോർപ്പറേഷനും പ്രധാന പങ്കാളിത്തം വഹിച്ചുകൊണ്ട് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെയാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്. വിവിധ സ്കൂളുകളിലും തെരുവുകളിലും ജീവിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുക, അവരുടെ ശാരീരിക മാനസികാരോഗ്യം മെച്ചപ്പെടുത്തുക, തിരിച്ചറിയൽ കാർഡ് നൽകുക, നൈപുണ്യ പരിശീലനം, സ്വന്തം വീട്ടിലേക്ക് തിരികെ പോകാൻ സൗകര്യമൊരുക്കുക, ഭക്ഷണം നൽകുക തുടങ്ങിയവയാണ് പ്രവർത്തനങ്ങൾ. 3 ഉദയം ഹോമുകളിലായി 240 ആളുകളെ പുനരധിവസിപ്പിച്ചിരിക്കുന്നു. ഒരാൾക്ക് ഭക്ഷണത്തിന് 110 രൂപാ നിരക്കിൽ 240 പേർക്ക് ഒരു മാസം 7,92,000 രൂപ വേണം. ഇപ്പോൾ തുക കണ്ടെത്താൻ ബുദ്ധിമുട്ടുന്നു. അതിനാൽ 2024 സെപ്റ്റംബർ മാസം മുതൽ 12 മാസത്തേയ്ക്ക് സാമ്പത്തിക സഹായം നൽകണമെന്ന് ഉദയം ചാരിറ്റബിൾ സൊസൈറ്റി കോഴിക്കോട് ജില്ലാ പഞ്ചായത്തിനോടാവശ്യപ്പെട്ടിരിക്കുന്നു. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും (ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങളും കോർപ്പറേഷനടക്കമുള്ള നഗരസഭകളും) ഇതിനായി സഹായം നൽകാൻ അനുമതി നൽകണമെന്നതാണ് ആവശ്യം.

18 **4.2 <u>മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്)</u>**

ബഹു.മന്ത്രി മലപ്പുറം ജില്ലയിൽ 05.09.2024-ന് നടത്തിയ തദ്ദേശ അദാലത്ത് തീരുമാനവും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.09.2024-ലെ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.09.2024-ലെ LSGD/PD/33537/2024- DPLC3 നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 864/24 –CC /540/24)

വിഷയം:- അതിദരിദ്ര കുടുംബത്തിൽപ്പെട്ട വ്യക്തിക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

മുതുവല്ലൂർ ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ അതിദരിദ്ര ലിസ്റ്റിലെ കുടുംബത്തിൽപ്പെട്ട ശ്രീമതി.മാലതി, പൂക്കോട്ട് പുറായ് വിളയിൽ എന്ന വ്യക്തിയുടെ വീട് 2023 ഒക്ടോബർ മാസത്തിലെ ശക്തമായ മഴയിൽ പൂർണ്ണമായും തകർന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇതു പരിശോധിക്കുകയും വീട് പൂർണ്ണമായും തകർന്നെന്നും ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് അനുവദിക്കാവുന്നതാണെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്. ദുർബല വിഭാഗമായ പട്ടികജാതി കള്ളാടി വിഭാഗത്തിൽപ്പെട്ട ഈ വ്യക്തി വിധവയാണ്. മക്കളില്ല. ഇവർക്ക് വീടു നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

19 **4.3 <u>മുക്കം മുനിസിപ്പാലിറ്റി (അദാലത്ത്)</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024-ലെ **LSGD/PD/32656/2024** - ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/947/24)

വിഷയം:- മുക്കം മുനിസിപ്പാലിറ്റിയിലെ ട്രാൻസ്ജെന്റർ വിദ്യാർത്ഥികൾക്ക് ചികിത്സാ ധനസഹായം നൽകുന്നത് സംബന്ധിച്ച്

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയിലെ അനാമിക, കരിമ്പിൽ, നീലേശ്വരം, ഓമശ്ശേരി എന്ന വ്യക്തി ഹോർമോൺ ചികിത്സയ്ക്ക് ധനസഹായം നൽകണമെന്ന് കോഴിക്കോട് ജില്ലയിൽ 06.09.2024- ൽ നടന്ന തദ്ദേശ അദാലത്തിൽ ബഹു.മന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മുക്കം നഗരസഭ 50,000 രൂപ വകയിരുത്തി ട്രാൻസ്ജെന്റർ വിഭാഗത്തിന് ഹോർമോൺ ചികിത്സയ്ക്കായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

ഒരു വർഷമായി അപേക്ഷക നടത്തിയ ഹോർമോൺ ചികിത്സയുടെ ഭാഗമായി ആവശ്യമായ മരുന്നുകൾ വിവിധ മെഡിക്കൽ ഷോപ്പുകളിൽ നിന്നുമാണ് വാങ്ങിയത് എന്നതിനാൽ ധനസഹായ തുക ഈ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

20 **4.4 <u>മണിയൂർ ഗ്രാമപഞ്ചായത്ത് ( അദാലത്ത്)</u>**

ബഹു.മന്ത്രി കോഴിക്കോട് ജില്ലയിൽ 06.09.2024 ന നടത്തിയ തദ്ദേശ അദാലത്തിൽ ശ്രീ. C.K.അമ്മത്, ചെമ്പാട്ട് കുഴിപ്പറമ്പിൽ എന്ന വ്യക്തി നൽകിയ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.09.2024-ലെ LSGD/PD/25451/2024/REVI നമ്പർ കത്തും (SRG/ 1023/24 )

വിഷയം:- ITI പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്

മണിയൂർ ഗ്രാമപഞ്ചായത്തിലുള്ള ഗവ. ITI പ്രവർത്തിക്കുന്നത് ശ്രീ. C.Kഅമ്മത്, ചെമ്പാട്ട് കുഴിപ്പറമ്പിൽ എന്ന വ്യക്തിയുടെ 18/699-ാം നമ്പർ കെട്ടിടത്തിലാണ്. ഈ കെട്ടിടത്തിന്റെ 2022-23 വരെയുള്ള വാടക മണിയൂർ ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ 11.07.2022-ൽ സർക്കാർ അനുമതി നല്കിയിരുന്നു. എന്നാൽ 2023-24 മുതലുള്ള വാടക നൽകിയിട്ടില്ല. പ്രതിമാസ വാടക 15,776 രൂപയാണ്. 2023-24 മുതലുള്ള വാടക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

21 **4.5 <u>വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് (അദാലത്ത്)</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024-ലെ LSGD/PD/32776/2024 – DP2A1 നമ്പർ കത്തും ബഹു.മന്ത്രി തൃശ്ശൂർ ജില്ലയിൽ 09.09.2024 ന നടത്തിയ തദ്ദേശ

അദാലത്തിൽ വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയും (SRG/958/24 DB2/719/2024- LSGD)

വിഷയം:- വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ കൃഷി ആവശ്യത്തിന് സ്ഥിരം ബണ്ട് നിർമ്മിക്കുന്നത് സംബന്ധിച്ച്

വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ അഞ്ഞൂറ് ഏക്കറോളം വരുന്ന കൃഷി ഭൂമിയിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കുന്നതിനും കുടിവെള്ളം മലിനമാകാതിരിക്കുന്നതിനും സ്ഥിരം സംവിധാനമായി 9 ബണ്ടുകൾ നിർമ്മിക്കണമെന്നതാണ് ആവശ്യം. ഈ ബണ്ടുകൾ സ്ലൂയിസ് കം ബ്രിഡ്ജുകളായി മാറ്റിയാൽ താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വർഷകാലത്തും വേനൽക്കാലത്തും ഉണ്ടാകുന്ന വെള്ളക്കെട്ട് ഭീഷണിയിൽ നിന്ന് ഒഴിവാകാൻ കഴിയും എന്നറിയിച്ചിട്ടുണ്ട്. ഇതിനുള്ള തുക ഗ്രാമപഞ്ചായത്തിന് കണ്ടെത്താൻ കഴിയില്ല. അതിനാൽ സർക്കാർ തലത്തിൽ സ്ഥിരം സംവിധാനം ഒരുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

22

**4.6 മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.07.2024-ലെ കത്തും ആലപ്പുഴ തദ്ദേശസ്വയഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 19.07.2024-ലെ LSGD/JD/ALP/5023/2024-D3 നമ്പർ കത്തും (SRG/709/24 – CC/390/24)

വിഷയം:- മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ ഓമനപ്പുഴ ബീച്ച് ഫെസ്റ്റ് നടത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം94/25 | അടങ്കൽ | 7,00,000 രൂപ |
| | | വികസനഫണ്ട് ജനറൽ – 5, 00,000 രൂപ |
| | | തനത് ഫണ്ട് – 2,00,000 രൂപ |
| പേര് | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ ഓമനപ്പുഴ ബീച്ച് ഫെസ്റ്റ് നടത്തുന്നത് സംബന്ധിച്ച് | |

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ ഓമനപ്പുഴ ബീച്ചിന്റെ ടൂറിസം വികസന സാധ്യത കണക്കിലെടുത്താണ് ഫെസ്റ്റ് നടത്തുന്നത്. കുടുംബശ്രീ സംരംഭകരുടെ ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും കേരളത്തിന്റെ തനത് നാടൻ കലാ രൂപങ്ങളുടെ പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. ഇതിന് DTPC യുടെ സഹകരണവും പ്രതീക്ഷിക്കുന്നു. കഴിഞ്ഞ വർഷം ഓണസമയത്ത് ഫെസ്റ്റ് നടത്താൻ 1.50 ലക്ഷം രൂപ ചെലവഴിക്കാൻ സർക്കാർ പ്രത്യേകം അനുമതി നൽകയും ഓണക്കാലത്ത് ഫെസ്റ്റ് നടത്തുകയും ചെയ്തിരുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

23

**4.7 ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്**

ബഹു.ബാലുശ്ശേരി എം.എൽ.എ.യുടെ 14.10.2024-ലെ MLA/BLRY/LSGD(M)/90–ാം നമ്പർ കത്തും ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.07.2024-ലെ SC1 – 3656/24–ാം നമ്പർ കത്തും കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/704/24 – CC/395/24, SRG/968/24)

വിഷയം:- ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ എരമംഗലം സബ്സെന്ററിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് പുത്തൂർവട്ടം സബ് സെന്റർ കെട്ടിടത്തിന് വിനിയോഗിക്കാൻ അനുമതി സംബന്ധിച്ച്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് സ്കീം 1 ന്റെ കെട്ടിട നിർമ്മാണത്തിന് 55.5 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റായി ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ മെയിൻ സെന്റർ എരമംഗലം പനായിക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ എരമംഗലം പനായി മെയിൻ സെന്ററിന്റെ കെട്ടിടത്തിന്റെ ഭൗതിക സാഹചര്യം

മെച്ചപ്പെട്ടതായതിനാൽ ഈ തുക പുത്തൂർവട്ടം സബ് സെന്റർ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

24 **4.8 കോഴിക്കോട് ജില്ലാ പഞ്ചായത്ത് – സ്നേഹസ്പർശം**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റേയും ജില്ലാ കളക്ടറുടെയും 26.09.2024 –ലെ കത്തും കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 20.09.2024–ലെ കത്തും അനുബന്ധരേഖകളും (SRG/959/24 – CC/548/24)

വിഷയം:– കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്നേഹസ്പർശം പദ്ധതി തുടർ പദ്ധതിയായി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

കോഴിക്കോട് ജില്ലയിൽ 2012 മുതൽ നടപ്പാക്കുന്ന ജീവകാരുണ്യ പദ്ധതിയാണ് **'സ്നേഹസ്പർശം'**. പൊതുജനങ്ങളുടെ സഹകരണത്തോടെ തുടങ്ങിയ ഈ പദ്ധതി 2017–18 മുതൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നഗരസഭകളുടേയും സാമ്പത്തിക പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെയാണ് പ്രോജക്ട് നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ജില്ലാ കളക്ടർ ചീഫ് കോഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായി ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിലാണ് സ്നേഹസ്പർശം എന്ന പേരിലുള്ള കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റി പ്രവർത്തിക്കുന്നത്. ജില്ലയിലെ നിരവധി വൃക്ക രോഗികൾ, വൃക്ക/കരൾ മാറ്റിവച്ചവർ, മാനസിക രോഗികൾ, അഗതികളായ എയ്ഡ്സ് രോഗ ബാധിതർ എന്നിവരാണ് ഈ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ. ഒപ്പം മറ്റു ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. ഇതുവരെ 70–ൽപരം വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയ സൗജന്യമായി നടത്തിയതടക്കം നിരവധി പ്രവർത്തനങ്ങൾ സൊസൈറ്റി നടപ്പാക്കുന്നുണ്ട്. ഓരോ വർഷവും സർക്കാർ ഓഡിറ്റ്, ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റ് എന്നിവ നടത്താറുണ്ട്. സ്നേഹസ്പർശം എന്ന പദ്ധതി ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതിയോടെ നടപ്പാക്കുന്നതിനു പകരം കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് സമർപ്പിക്കാതെ ജില്ലാ ആസൂത്രണസമിതി തലത്തിൽ തന്നെ തീരുമാനമെടുത്ത് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

കഴിഞ്ഞവർഷം സ്നേഹസ്പർശം പദ്ധതിക്കായി താഴെപ്പറയും പ്രകാരമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തിയിരുന്നത്. മുൻ വർഷങ്ങളിലും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വിഹിതം വകയിരുത്തിയിരുന്നു.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ – | – | 4.00 ലക്ഷം രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്തുകൾ | – | 7.00 ലക്ഷം രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | – | 50 ലക്ഷം രൂപ |
| നഗരസഭകൾ | – | 7.00 ലക്ഷം രൂപ വീതം |
| കോർപ്പറേഷനുകൾ | – | 100 ലക്ഷം രൂപ |

25 **4.9 വയനാട് ജില്ലാ ആസൂത്രണ സമിതി**

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.07.2024 ലെ കത്തും അനുബന്ധ രേഖകളും (SRG 684/24–CC/416/24).

വിഷയം:– വയനാട് ജില്ലയിൽ സാഹിത്യ ഉത്സവം നടത്തുന്നതു സംബന്ധിച്ച്.

വയനാട് ലിറ്റററി ഫൗണ്ടേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 2022 ഡിസംബർ 29, 30, 31 തീയതികളിലായി വയനാട് ജില്ലയിൽ എടവക ഗ്രാമപഞ്ചായത്തിൽ വച്ച് സാഹിത്യ ഉത്സവം നടത്തിയിരുന്നു. ഇതേ രീതിയിൽ 2024 ഡിസംബർ 29, 30, 31 തീയതികളിലായി സാഹിത്യ ഉത്സവം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കലാ–സാംസ്കാരിക–സാഹിത്യ പരിപാടികൾ, പ്രദർശനങ്ങൾ, കർഷകരുടെയും സ്വയംസഹായ സംഘങ്ങളുടെയും ഉല്പന്നങ്ങളുടെ വിപണനമേള, ജില്ലയിലെ മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവാർഡ്, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാതൃകാ പ്രോജക്ടുകളുടെ അവതരണം എന്നിവയാണ്

ഫെസ്റ്റിവെലിന്റെ പ്രധാന പരിപാടികൾ. ഏകദേശം 40.00 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനായി താഴെപറയും പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം ശേഖരിക്കാൻ ഉദ്ദേശിക്കുന്നു.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | – | 50,000 രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്ത് | – | 1,00,000 രൂപ വീതം |
| നഗരസഭകൾ | – | 3,00,000 രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | – | 3,00,000 രൂപ വീതം |

ഇതേ രീതിയിൽ വിഹിതം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കാൻ സർക്കാർ അനുമതി തേടാൻ DPC യുടെ 07.03.2024 – ലെ യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

26

**4.10 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2024–ലെ കത്തും മലപ്പുറം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 05.08.2024–ലെ 8(1)–ാം നമ്പർ തീരുമാനവും (SRG 878/24 – CC/495/24)

വിഷയം:– നിലമ്പൂർ മൈനോറിറ്റി ബ്ലോക്ക് ഗേൾസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണം സംബന്ധിച്ച്

മലപ്പുറം ജില്ലയിൽ പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം (PMJVK) 2021–22 പദ്ധതി പ്രകാരം Completion of Building Construction for Skill Development Centre Nilambur Ward No. 8, Chaliyar Grama panchayat എന്ന പ്രവൃത്തിക്ക് 9.97 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇവിടെ 216 പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനാണ് കെട്ടിടം പണിയുന്നത്. നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. എസ്റ്റിമേറ്റിലെ വിവിധ ഇനത്തിലും അളവുകളിലും GSTഇനത്തിലും മാറ്റം വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നു. അതിനാൽ അധിക വിഹിതം കണ്ടെത്തുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിൽ നിന്ന് വിഹിതം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ പ്രവൃത്തിയുടെ ആസ്തി വഖഫ് ബോർഡ് നിയമപ്രകാരം നിലമ്പൂർ ഓർഫനേജിന്റെ പേരിൽ രജിസ്റ്റർ ചെയ്തതാണ്. നിലമ്പൂരിൽ പ്രവർത്തിക്കുന്ന അമൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് താമസമൊരുക്കുക എന്നതാണ് ഹോസ്റ്റലിന്റെ ഉദ്ദേശം.

27

**4.11 <u>കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്</u>**

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 05.08.2024–ലെ കത്ത് (SRG/724/24)

**വിഷയം:–** തിരുവനന്തപുരത്ത് തുടങ്ങിയ കഫേ ബുക്ക് മാർക്ക് മാതൃകയിൽ മറ്റ് നഗരങ്ങളിലും കഫേ ബുക്ക് മാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് .

പുസ്തകവായന, വില്പന, സംവാദം എന്നിവയ്ക്കായുള്ള ഇടമായി തിരുവനന്തപുരത്ത് അയ്യൻകാളി ഹാളിനു സമീപം ബുക്ക് മാർക്ക് 'Café Bookmark' ആരംഭിച്ചിട്ടുണ്ട്. ഇതേ രീതിയിൽ മറ്റു നഗര പ്രദേശങ്ങളിലും കഫേ ബുക്ക് മാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ബുക്ക് മാർക്കിന് ഇന്റീരിയർ ഡിസൈൻ ടീം, എഡിറ്റോറിയൽ ടീം ഉണ്ട് എന്നറിയിച്ചുകൊണ്ട് കഫേ ബുക്ക് മാർക്ക് സ്ഥാപിക്കാനുള്ള അക്രഡിറ്റഡ് ഏജൻസിയായി ബുക്ക് മാർക്കിനെ അംഗീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

28

**4.12 <u>പുതുപ്പാടി ഗ്രാമപഞ്ചായത്ത്</u>**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.10.2024–ലെ കത്തും അനുബന്ധരേഖകളും (SRG/1048/24 – CC/656/24)

**വിഷയം:–** പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ നാക്കിലമ്പാട് നഗറിന്റെ സമഗ്രവികസനം സംബന്ധിച്ച്

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ 21–ാം വാർഡിലെ നാക്കിലമ്പാട് പട്ടികവർഗ്ഗ നഗറിൽ 11 വീട്ടുകളിലായി 18 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ആകെ ജനസംഖ്യ 60 ആണ്. വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിനാൽ രണ്ട് വീടുകളൊഴികെ മറ്റ് വീട്ടുകളുടെ വൈദ്യുതി 2020 മുതൽ വിച്ഛേദിച്ചിരിക്കുകയാണ്. ഈ നഗറിൽ ആകെ രണ്ട് ടോയിലറ്റുമാത്രമാണുള്ളത്. ജലജീവൻ പദ്ധതിയിൽ ടാപ്പുകൾ സ്ഥാപിച്ചെങ്കിലും വെള്ളം ലഭ്യമല്ല. ആകെ ഒരു കിണർ മാത്രമാണുള്ളത്.

ആകെയുള്ള 11 വീടുകളിൽ ഒരു വീട്ട മാത്രമാണ് വാസയോഗ്യം. ഈ നഗറിന്റെ ശോചനീയാവസ്ഥ ബഹു.പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പമന്ത്രി 23.09.2024-ന നടത്തിയ ജില്ലാതല അവലോകന യോഗത്തിലും 31.08.2024 ന നടന്ന ഡിസ്ട്രിക് ഡെവലപ്മെന്റ് കമ്മിറ്റി യോഗത്തിലും പരാമർശിക്കപ്പെടുകയുണ്ടായി. ഇതിനെ തുടർന്ന് 18.09.2024-ൽ കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ നഗറിൽ സന്ദർശനം നടത്തി വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ടോയിലറ്റ് നിർമ്മാണത്തിന് പുതുപ്പാടി ഗ്രാമപഞ്ചായത്ത് പ്രോജക്ട് എടുത്തിട്ടുണ്ട്. ഇതോടൊപ്പം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ട കുടുംബങ്ങൾക്ക് കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് തനത് ഫണ്ട് വകയിരുത്തി 3.00 ലക്ഷം രൂപയുടെ പ്രോജക്ട് എടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

29

**4.13 <u>പാലാ നഗരസഭ</u>**

പാലാ നഗരസഭാ ചെയർമാന്റെ 12.11.2024-ലെ **G2/6827/21 (Vol2)** നമ്പർ കത്ത് (SRG/1114/24)

**വിഷയം:-** പാലാ ഗവൺമെന്റ് ആശുപത്രിയുടെ വികസനത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം നൽകുന്നത് സംബന്ധിച്ച്

പാലാ നഗരസഭയുടെ നിയന്ത്രണത്തിലുള്ള കെ.എം. മാണി മെമ്മോറിയൽ ജനറൽ ആശുപത്രി നഗരസഭയിലുള്ളവർക്കും മീനച്ചിൽ താലൂക്കിലെ പന്ത്രണ്ടോളം ഗ്രാമപഞ്ചായത്തിലെ നിവാസികൾക്കും പ്രയോജനപ്പെടുന്നതാണ്. കോട്ടയം ജില്ലയിൽ ഓങ്കോളജി വിഭാഗം പ്രവർത്തിക്കുന്ന ഏക ജനറൽ ആശുപത്രിയാണ് ഈ സ്ഥാപനം. ക്യാൻസർ കെയർ യൂണിറ്റ് കൂടാതെ ഡയാലിസിസ് യൂണിറ്റടക്കം മറ്റ് സേവനങ്ങളും ഇവിടെ ഉണ്ട്. മികച്ച സേവനം നൽകുന്നതിന് എച്ച്.എം.സി. ഫണ്ട് തികയില്ല. അതിനാൽ പാലാ നഗരസഭയുടെ വിഹിതത്തിനൊപ്പം മീനച്ചിൽ താലൂക്കിലെ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും വിഹിതം പാലാ ജനറൽ ആശുപത്രിക്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

30

**4.14 <u>പാലാ നഗരസഭ</u>**

പാലാ നഗരസഭാ ചെയർമാന്റെ 12.11.2024-ലെ കത്ത് (SRG/1113/24)

**വിഷയം:-** കെ.എം.മാണി അപകട ഇൻഷ്വറൻസ് പദ്ധതിക്ക് വിഹിതം നൽകുന്നത് സംബന്ധിച്ച്

പാലാ നഗരസഭ ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷ്വറൻസ് പദ്ധതി നഗരസഭാ പ്രദേശത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. വാർഷിക ഇൻഷ്വറൻസ് പ്രീമിയം 490 രൂപയാണ്. നഗരസഭയും ഗുണഭോക്താവും 245 രൂപ വീതം അടയ്ക്കണം. 18 മുതൽ 65 വയസ്സുവരെയുള്ളവർക്ക് 1 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസാണ് ലഭിക്കുന്നത്. കെ.എം. മാണി കാരുണ്യ അപകട ഇൻഷ്വറൻസ് എന്ന പേരിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് വികസനഫണ്ടിൽ നിന്ന് 245 രൂപ വീതം ഒരോ ഗുണഭോക്താവിനും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

31

**4.15 <u>ഉള്ളിയേരി ഗ്രാമപഞ്ചായത്ത്</u>**

ബഹു.വനവും വന്യജീവി സംരക്ഷണവും വകുപ്പ് മന്ത്രിയുടെ 24.09.2024-ലെ കത്തും ശ്രീ.ഭാസ്കരൻ കിടാവ്, പാലോട്ട് ഹൗസ്. മുടക്കല്ലൂർ. പി.ഒ, അത്തോളിയുടെ കത്തും ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രവും കത്തും (SRG/932/24)

വിഷയം:- കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDF - പദ്ധതിയിൽ ചെയ്ത പ്രവൃത്തിയുടെ തുക നൽകുന്നതു സംബന്ധിച്ച്

ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ കുന്നത്തറ സാംസ്കാരിക നിലയത്തിന് MLASDFൽ നിന്ന് 5.00 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചിരുന്നു. ശ്രീ. ഭാസ്കരൻ കിടാവ് എന്ന വ്യക്തി കൺവീനറായി പ്രവൃത്തി ആരംഭിക്കുകയും വയൽ പ്രദേശത്ത് മണ്ണിടുകയും തെങ്ങ് തടികൊണ്ടുള്ള പൈലിംഗ് നടത്തുകയും ചെയ്തു. ഫണ്ടിന്റെ കുറവു മൂലം വയൽ പ്രദേശത്തെ

പൈലിംഗ് പ്രവൃത്തി നിർത്തി വച്ചു. തെങ്ങു തടികൊണ്ടുള്ള പൈലിംഗ് എസ്റ്റിമേറ്റിൽ ഇല്ലാത്തതിനാൽ ബിൽ തയ്യാറാക്കിയില്ല. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥൻ. കുന്നത്തറ സാംസ്കാരിക നിലയത്തിന് ജില്ലാ പഞ്ചായത്ത് 55.00 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. MLADSF പ്രകാരം ചെയ്ത പ്രവൃത്തിയുടെ എഗ്രിമെന്റ് ഫയൽ ഇപ്പോൾ ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി തുടങ്ങിയാൽ വയൽ പ്രദേശത്ത് മണ്ണിടിച്ചതടക്കമുള്ള പ്രവൃത്തികളുടെ അളവെടുക്കാൻ കഴിയില്ല. അതിനാൽ മുൻപ് ചെയ്ത പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് അർഹമായ തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. സർക്കാർ അനുമതി നൽകിയാൽ വാല്യുവേഷൻ പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

32

### 4.16 കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ – മലപ്പുറം ജില്ലാ കമ്മിറ്റി

ബഹു. വേങ്ങര എം.എൽ.എ.യുടെ 19.07.2024 ലെ 114/MLA/Vengara/2024 -ാം നമ്പർ കത്തും കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ - മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറിയുടെ 21.06.2024-ലെ കത്തും അനുബന്ധരേഖകളും (SRG/626/2024)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച്

ആരോഗ്യവകുപ്പ് നിയമിച്ചിരിക്കുന്ന ഡോക്ടർമാർക്ക് പുറമെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും (FHC&PHC), സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമെങ്കിൽ താലൂക്കാശുപത്രികളിലും നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഡോക്ടറെ നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഇപ്രകാരം നിയമിക്കപ്പെടേണ്ട ഡോക്ടർമാരെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കേണ്ടത് ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ആയിരിക്കണമെന്നും സർക്കാർ ഉത്തരവുണ്ട്. ഇപ്രകാരം ഡോക്ടറെ നിയമിക്കുമ്പോൾ ഡോക്ടറെ ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്നും പ്രാദേശികമായി ഡോക്ടറെ ലഭ്യമാകാതിരിക്കുകയും ചെയ്യുമെന്ന് കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറി അറിയിച്ചിരിക്കുന്നു. അതിനാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി നിശ്ചയിക്കുന്ന സബ്കമ്മിറ്റിയും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും ഉൾക്കൊള്ളുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി നിയമനം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

33

### 4.17 അകത്തേത്തറ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.06.2024-ലെ കത്തും അകത്തേത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.02.2024-ലെ 13-ാം നമ്പർ തീരുമാനവും ശ്രീ. എ.കരുണാകരൻ, ആഴ്വഞ്ചേരി എന്ന വ്യക്തിയുടെ 31.01.2024-ലെ കത്തും (SRG/ 586/24 - CC/270/24)

വിഷയം:- ഡയാലിസിസിന് ധനസഹായം നൽകുന്നതിന് വരുമാന പരിധിയിൽ ഇളവു നൽകുന്നത് സംബന്ധിച്ച്

അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീ.എ.കരുണാകരൻ, ആഴവഞ്ചേരി എന്ന ഡയാലിസിസ് നടത്തേണ്ട വ്യക്തിയുടെ വാർഷിക വരുമാനം 2.00 ലക്ഷം രൂപയിൽ അധികമാണ്. വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം വാർഷിക വരുമാനം 2,30,868 രൂപയാണ്. അതിനാൽ ഡയാലിസിസിന് ധനസഹായം നൽകാൻ കഴിയുന്നില്ല. സാമ്പത്തിക പരാധീനതയുള്ള ഈ വ്യക്തിക്ക് ചികിത്സാ ചെലവ് വഹിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ വ്യക്തി പൊതുവിഭാഗത്തിൽപ്പെട്ടതാണ്. അതിനാൽ വരുമാനപരിധിയിൽ ഇളവു നൽകി ശ്രീ.കരുണാകരന് ഡയാലിസിസിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

34

### 4.18 തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർക്കാരിന്റെ 17.07.2024-ലെ DA1/273/2024/തസ്വഭവ നമ്പർ കത്തും തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.11.2023-ലെ കത്തും അനുബന്ധരേഖകളും (SRG/ 659/24)

വിഷയം:- വലപ്പാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

തളിക്കുളം ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന വലപ്പാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനും മെഷീൻ സ്ഥാപിക്കുന്നതിനും അനുബന്ധ ചെലവിനുമായി മണപ്പുറം ഫൗണ്ടേഷൻ വിഹിതം നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷം ബ്ലോക്ക് പഞ്ചായത്ത് 20.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടെക്നീഷ്യൻമാരുടെ വേതനം, പ്രവർത്തന ചെലവ് എന്നിവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും 5.00 ലക്ഷം രൂപ വീതം വകയിരുത്താനും ഉദ്ദേശിക്കുന്നു. കൂടാതെ അധികമായി വരുന്ന ചെലവ് ബ്ലോക്ക് പഞ്ചായത്ത് വഹിക്കും. ഒപ്പം സംഭാവനയിലൂടെയും വിഹിതം കണ്ടെത്താൻ ഉദ്ദേശിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സാമൂഹികാരോഗ്യകേന്ദ്രം സൂപ്രണ്ട് എന്നിവരടക്കം പ്രത്യേക നിർവ്വഹണ കമ്മിറ്റിയും രൂപീകരിക്കും. 10 യൂണിറ്റാണ് സ്ഥാപിക്കുന്നത്. ഒരു രോഗിയിൽ നിന്ന് 650 രൂപ ഈടാക്കുന്നു. നിർദ്ധന രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

35

### 4.19 ആരോഗ്യവകുപ്പ്

ആരോഗ്യവകുപ്പ് ഡയറക്ടറുടെ 26.07.2024-ലെ PLB4 -4283/2024/ആ.വ.ഡ. നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ലിസ്റ്റും (SRG/ 715/24) - LSGD/DA1/296/2024- LSGD)

വിഷയം:- PHC അടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അധിക സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച്

കുടുംബാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉച്ച കഴിഞ്ഞുള്ള ഒ.പി.യുടെ പ്രവർത്തനത്തിന് ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും ഡയറക്ടർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ലെ യോഗ തീരുമാന പ്രകാരം ഇതിന്മേൽ വ്യക്തത വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് FHC/PHC കളിൽ 1 ഡോക്ടർ, 1 പാരാമെഡിക്കൽ സ്റ്റാഫ്, CHC കളിൽ 2 ഡോക്ടർ, 2 പാരാമെഡിക്കൽ സ്റ്റാഫ്, താലൂക്കാശുപത്രികളിൽ 1 ഡോക്ടർ, 1 പാരാമെഡിക്കൽ സ്റ്റാഫ് എന്ന നിലയിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നിയമിക്കാവുന്നത്. അധികമായി സ്റ്റാഫിനെ നിയമിക്കേണ്ട ചുമതല ആരോഗ്യ വകുപ്പിനാണെന്ന് കോഓർഡിനേഷൻ കമ്മിറ്റി വ്യക്തമാക്കിയിരുന്നു. എന്നിരുന്നാലും സംസ്ഥാനത്ത് ഏതെങ്കിലും പ്രത്യേക പ്രദേശത്ത് ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയാണെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേകം പരിഗണിച്ച് തീരുമാനമെടുക്കുമെന്നറിയിച്ചിരുന്നു.

എന്നാൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ 5 ജില്ലകളിലായി 278 ആരോഗ്യ സ്ഥാപനങ്ങളിൽ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികമായി ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ആരോഗ്യവകുപ്പ് കത്ത് നൽകിയിരിക്കുന്നത്. സ്ഥാപനങ്ങളുടെ ലിസ്റ്റും ആവശ്യമുള്ള സ്റ്റാഫിന്റെ എണ്ണവും പ്രത്യേകമായി നൽകിയിട്ടുണ്ട്.

36

### 4.20 പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.07.2024-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024, 17.07.2024 എന്നീ തീയതികളിലെ യോഗ തീരുമാനവും (SRG/758/24)

**വിഷയം:-** കുടുംബാരോഗ്യ കേന്ദ്രത്തിൽ താല്ക്കാലികമായി നിയമിച്ച ഡോക്ടർക്ക് ശമ്പള കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ അണ്ടത്തോട് കുടുംബാരോഗ്യകേന്ദ്രത്തിൽ 2019 ആഗസ്റ്റ് മാസം മുതൽ കരാറടിസ്ഥാനത്തിൽ ശ്രീമതി. അശ്വതി അശോക് എന്ന ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ കാലാകാലങ്ങളിലെ ഉത്തരവ് പ്രകാരം ഈ സമയത്ത് നിലനിന്നിരുന്ന വേതനത്തെക്കാൾ കുറഞ്ഞ വേതനമാണ് ഈ ഡോക്ടർക്ക് നൽകിയത്. (ധനവകുപ്പിന്റെ 09.07.2019-ലെ 81/2019/ ധന നമ്പർ ഉത്തരവും 11.02.2021-ലെ 29/2021/ധന നമ്പർ ഉത്തരവും) വിശദാംശം താഴെ ചേർക്കുന്നു.

| കാലഘട്ടം | നൽകിയ വേതനം | ഇതേ കാലഘട്ടത്തിൽ ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം നൽകാവുന്ന വേതനം | |
|---|---|---|---|
| 26.08.2019 മുതൽ 31.03.2020 | 41,000 രൂപ | 56,395 രൂപ | 01.07.2019 മുതൽ 01/02/2021 വരെ |
| 01.04.2020 മുതൽ 31.03.2021 | 51,600 രൂപ | 56,395 രൂപ | |
| 02.06.2021 മുതൽ 31.03.2022 | 51,600 രൂപ | 57,525 രൂപ | 01.02.2021 മുതൽ |
| 02.04.2022 മുതൽ 31.03.2023 | 51,600 രൂപ | 57,525 രൂപ | |
| 02.04.2023 മുതൽ 31.03.2024 | 57,525 രൂപ | 57,525 രൂപ | |

ഇതനുസരിച്ചുള്ള കുടിശ്ശിക വേതനം നൽകാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരുന്നു വെങ്കിലും 17.07.2024 -ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റിയോഗം അനുമതി നൽകിയില്ല.

കരാറടിസ്ഥാനത്തിൽ ശ്രീമതി. അശ്വതി അശോകിനെ നിയമിച്ചപ്പോൾ വേതന നിരക്ക് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ലായിരുന്നുവെന്നും കൊവിഡ് കാലഘട്ടത്തിൽ മികച്ച് സേവനം നടത്തിയ ഡോക്ടറാണ് ഈ വ്യക്തിയെന്നും അറിയിച്ചിരിക്കുന്നു. ജില്ലയിലെ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറടിസ്ഥാനത്തിലുള്ള ഡോക്ടർമാർക്ക് ധനവകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള ഉയർന്ന നിരക്കിലുള്ള വേതനം ഈ കാലഘട്ടത്തിൽ ലഭിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് സാമാന്യ നീതി പരിഗണിച്ച് മുകളിൽ പറഞ്ഞ പ്രകാരമുള്ള വേതനത്തിന്റെ കുടിശ്ശിക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഏകദേശം 2.97 ലക്ഷം രൂപയാണ് കുടിശ്ശികയായി ഉള്ളത്.

37

**4.21 <u>സ്റ്റേറ്റ് ഹെൽത്ത് ഏജൻസി</u>**

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31.05.2024 -ലെ SHA/157/2023 - MGR (OPN) നമ്പർ കത്ത് (SRG/617/24)

വിഷയം:- കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനു ധനസഹായം നൽകുന്നത് സംബന്ധിച്ച്

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഇംപ്ലാന്റ് ചെയ്ത ഉപകരണങ്ങളുടെ മെയിന്റനൻസിന് ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കുട്ടികളുടെ എണ്ണമനുസരിച്ചുള്ള തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകാൻ അനുമതിയുണ്ട്. ഈ തുക ആവശ്യമനുസരിച്ച് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

38

**4.22 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത്</u>**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.09.2024-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ (ഖണ്ഡിക 4.67) യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/836/24)

വിഷയം:- കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിട നവീകരണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ കെട്ടിടം വളരെയേറെ പഴക്കം ചെന്നതാണ്. വനിതാ ജീവനക്കാർ ജോലി ചെയ്യുവരുന്ന ഈ സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നു. ഇതിനായി 2022-23 വർഷം 5.00 ലക്ഷം രൂപയും (വികസനഫണ്ട് - ജനറൽ) 2023-24 വർഷം വികസനഫണ്ട് ജനറൽ ആയി 25.00 ലക്ഷം രൂപയും 2024-25 വർഷം 48,49,904 രൂപയും ഉൾപ്പടുത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. ഭൗതിക സൗകര്യം ഒരുക്കുന്നതിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. 2022-23 വർഷത്തെ 5.00 ലക്ഷം രൂപയും 2023-24 വർഷത്ത 25.00 ലക്ഷം രൂപയും ഉൾപ്പെടുത്തി 2023-24 വർഷം 30.00 ലക്ഷം രൂപയും കരാറുകാരന് നൽകാനാണ് ഉദ്ദേശിച്ചത്. കരാറുകാരൻ 36.00 ലക്ഷം രൂപയുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാർ ഉത്തരവു പ്രകാരമുള്ള 15.00 ലക്ഷം രൂപ നൽകാനാണ് കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗം അനുമതി നൽകിയത്. ഇത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും 06.06.2024-ലെ യോഗം അനുമതി നൽകിയില്ല. കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്വന്തം സ്ഥലമായതിനാൽ 100 ശതമാനം ചെലവും നൽകാമെന്ന ധാരണയിലാണ് നിർമ്മാണ പ്രവർത്തനം തുടങ്ങിയത് എന്നറിയിച്ചിരിക്കുന്നു. ആകെ പ്രതീക്ഷിക്കുന്ന ചെലവ് 78,49,904 രൂപയാണ്. ബിൽ തുക മുഴവൻ നൽകിയില്ലെങ്കിൽ സങ്കീർണ്ണ പ്രശ്നങ്ങൾ ഉണ്ടാകും എന്നും അറിയിച്ചിരിക്കുന്നു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം വരുന്നതിനു മുമ്പ് നിർമ്മാണം ആരംഭിച്ചത് മാപ്പാക്കി മുഴവൻ തുകയും നൽകാൻ പ്രത്യേക അനുമതി നൽകണമന്നാവശ്യപ്പെട്ടിരിക്കുന്നു.

39

### 4.23 <u>പുറമേരി ഗ്രാമപഞ്ചായത്ത്</u>

**പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 630/24 - CC/469/24)**

**വിഷയം:-** മാലിന്യം നീക്കം ചെയ്യതിന്റെ ബിൽ തുക ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകുന്നത് സംബന്ധിച്ച്

പുറമേരി ഗ്രാമപഞ്ചായത്തിൽ 2020 - 21 കാലഘട്ടിൽ ഹരിതകർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ റോഡരികിലാണ് സൂക്ഷിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ MCF ഇല്ലായിരുന്നു. ഈ മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടി കൂടാതെ മുൻവർഷം മാലിന്യം നീക്കം ചെയ്ത 'കോണാറിസ്' എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചത്. ഒരു ലോഡിന് 13,000 രൂപ ക്രമത്തിൽ ആകെ 65.50 ലോഡ് മാലിന്യം നീക്കം ചെയ്തു. മാലിന്യം പ്രത്യേകമായി തരംതിരിച്ചിരുന്നില്ല. കമ്പനി നൽകിയ ബിൽ തുക 8,51,500 രൂപയാണ്. ഈ തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

40

### 4.24 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2024-ലെ LSGD/DP/105/2024-G6-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 28.06.2024-ലെ 35(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 679/24)

വിഷയം:- ഒഴൂർ ഗ്രാമപഞ്ചായത്തിലെ ഒഴൂർ വിഷ്ണുക്ഷേത്രക്കുളം നവീകരിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 1244/25 | *അടങ്കൽ* | *15,00,000 രൂപ* |
| | | *വികസനഫണ്ട് - ജനറൽ* |
| *പേര്* | *ഒഴൂർ വിഷ്ണു ക്ഷേത്രകുളം നവീകരണം* | |

ഒഴൂർ ഗ്രാമപഞ്ചായത്തിലെ ഒഴൂർ വിഷ്ണുക്ഷേത്ര കുളം നവീകരിക്കുന്നതിനുള്ള കഴിഞ്ഞ വർഷത്തെ പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ക്ഷേത്രാചാരങ്ങൾ പാലിച്ച് ഭൂമിയുടെ ഉടമസ്ഥത മലബാർ ദേവസ്വംബോർഡിൽ നിലനിർത്തണമെന്ന നിബന്ധനയോടെ പദ്ധതി നടപ്പാക്കാൻ ദേവസ്വംബോർഡ് NOC നൽകിയിട്ടുണ്ട്. ഒപ്പം ക്ഷേത്രക്കുളം പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനും, കൃഷി ആവശ്യങ്ങൾക്കും ഫയർഫോഴ്സ് മുതലായ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനും സമ്മതമാണെന്ന് ക്ഷേത്ര ട്രസ്റ്റിയും കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

41

### 4.25 <u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>

മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2024-ലെ G3-4589/2023 -◌ാ◌ം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.06.2024-ലെ G3-4589/2023 -◌ാ◌ം നമ്പർ കത്തും നിലമ്പൂർ ആശുപത്രി സൂപ്രണ്ടിന്റെ 06.02.2024-ലെ കത്തും അനുബന്ധരേഖകളും (SRG/677/24)

വിഷയം:- നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

മലപ്പുറം ജില്ലാ പഞ്ചായത്തിനു കീഴിലുള്ള ജില്ലാ ആശുപത്രിയിൽ നിലവിൽ 142 കിടക്കകളുണ്ട്. ഈ ആശുപത്രിയിൽ 50 KLD വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് ചെയ്ത് പുനരുപയോഗിക്കുന്നതിന് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി 275.00 ലക്ഷം രൂപ ചെലവു വരും. NHM 180.00 ലക്ഷം രൂപ അനുവദിക്കുമെന്നറിയിച്ചിട്ടുണ്ട്. ബാക്കി തുകയായ 95.00ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വകയിരുത്താൻ ഉദ്ദേശിക്കുന്നു. ഈ തുക NHM ന് ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

42

### 4.26 <u>ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്</u>

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2024-ലെ കത്തും ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2024-ലെ നാലാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/646/24 CC/372/24)

വിഷയം:- മാലിന്യം ശേഖരിച്ചതിന്റെ വാടക നൽകുന്നത് സംബന്ധിച്ച്

ഹരിത കർമ്മസേനയ്ക്ക് മാലിന്യം ശേഖരിക്കുന്നതിന് വാഹനം വാടകയ്ക്കെടുക്കുന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ വൈകി. അതിനാൽ 20.09.2023 മുതൽ 14.12.2023 വരെ മാലിന്യം ശേഖരിച്ച് MCF ൽ എത്തിക്കുന്നതിന്റെ വാടകയായ 1,06,400 രൂപ ഹരിത കർമ്മസേനയുടെ കൺസോർഷ്യത്തിൽ നിന്നും നിലവിൽ ഓടിക്കൊണ്ടിരുന്ന KL10 AA 3135 എന്ന വാഹന ഉടമയ്ക്ക് നൽകി. ഈ തുക കൺസോർഷ്യത്തിന് തിരികെ നൽകണമെന്ന് ഹരിതകർമ്മസേന ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

43

### 4.27 <u>പഠനമുറിക്ക് ധനസഹായം</u>

സർക്കാരിന്റെ 06.06.2024-ലെ DA3/76/2024/തസ്വഭവ നമ്പർ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.04.2024-ലെ LSGD/PD/16442/2024/DPLA1 നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ശ്രീമതി. ദിവ്യ, താഴത്തെപ്പട്ടിൽ-ന്റെ 29.11.2023-ലെ കത്തും (SRG 532/24)

വിഷയം:- പൊതുവിഭാഗത്തിൽപ്പെട്ട പിന്നോക്കം നിൽക്കുന്നവർക്ക് പഠനമുറിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥി കൾക്കായാണ് പഠനമുറിക്ക് ധനസഹായം നൽകാവുന്നത്. ഈ ആനുകൂല്യം പൊതുവിഭാഗത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ ഉള്ള കുടുംബത്തിനും നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

44

### 4.28 <u>പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്</u>

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.06.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 590/24, CC/290/24)

**വിഷയം:-** കളിസ്ഥലം നിർമ്മാണം നടത്തിയതിന്റെ ബാക്കി തുക നൽകുന്നത് സംബന്ധിച്ച്

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ കളിസ്ഥല നിർമ്മാണത്തിന് പ്രാരംഭ മൂലധനായി കേന്ദ്രവിഹിതമായി 4.00 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 1.40 ലക്ഷം രൂപയുമടക്കം

ആകെ 5.40 ലക്ഷം രൂപയാണ്. ഈ തുക 27.01.2014 ൽ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഗ്രാമപഞ്ചായത്തിനു അനുവദിച്ചു. ഇതനുസരിച്ച് 5.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റെടുത്ത് 4,85,737 രൂപയ്ക്ക് ടെണ്ടർ ചെയ്തു. കേന്ദ്ര വിഹിതമായി ലഭിച്ച 4.00 ലക്ഷം രൂപയിൽ നിന്ന് നികുതി കുറവു ചെയ്ത് 3,70,836 രൂപ കരാറുകാരനു നൽകി ബാക്കി 85,737 രൂപ കൂടി നൽകണം. എന്നാൽ കാലതാമസം വന്നതിനാൽ ഈ പദ്ധതി ഇനി തുടരുന്നില്ലന്നും തുക സ്പോർട്സ് കൗൺസിലിൽ നിന്ന് ലഭിക്കില്ല എന്നും അറിയിച്ചിരിക്കുന്നു. അതിനാൽ ബാക്കി നൽകാനുള്ള 85,737 രൂപ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ (ജനറൽ) നിന്നോ തനത് ഫണ്ടിൽ നിന്നോ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

45 **4.29 നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്**

ബഹു. ഉടുമ്പൻചോല എം.എൽ.എ.യുടെ 14.06.2024-ലെ കത്തും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.06.2024-ല SC1- 8258/24 –ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 738/24)

വിഷയം:– സ്പോർട്സ് ഹോസ്റ്റൽ കെട്ടിടത്തിന്റെ വാടക നൽകുന്നത് സംബന്ധിച്ച്

നെടുങ്കണ്ടത്ത് പ്രവർത്തിച്ചുവരുന്ന ജില്ലാ സ്പോർട്സ് അക്കാദമി ഹോസ്റ്റലിന്റെ വാടക കഴിഞ്ഞ 2 വർഷമായി കോഓർഡിനേഷൻ കമ്മിറ്റി അനുമതിയോടെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്താണ് നൽകുന്നത്. കേരള സ്പോർട്സ് കൗൺസിലിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ സ്പോർട്സ് കൗൺസിലിൽ നിന്ന് വാടക നൽകാൻ കഴിയുന്നില്ല. സ്പോർട്സ് അക്കാദമി ഹോസ്റ്റലിന് 65,000 രൂപയാണ് പ്രതിമാസ വാടക. ഇവിടെ 35 കായിക താരങ്ങൾക്കാണ് പരിശീലനം നല്കുന്നത്. ഗ്രാമപഞ്ചായത്തിന് 400 മീറ്റർ സിന്തറ്റിക് ട്രാക്ക് സ്റ്റേഡിയം ഉണ്ട്. ജില്ലാ സ്പോർട്സ് അക്കാദമിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്ന് 50 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. ഈ വർഷം 5 കോടി രൂപ ഹോസ്റ്റലിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് ബഹു. എം.എൽ.എ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2024-25 വർഷവും തുടർന്ന് പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നത് വരെയും നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ നിന്നു വാടക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

46 **4.30 ആലുവ മുനിസിപ്പാലിറ്റി**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.07.2024-ലെ കത്തുകളും (2എണ്ണം) ആലുവ മുനിസിപ്പൽ ചെയർമാന്റെ 05.07.2024-ലെ G6/15334/23–ാം നമ്പർ കത്തും (SRG/654/24, SRG/918/24 – CC/397/24)

വിഷയം:– സ്കൂൾ ബസ്സിന്റെ ആവർത്തന ചെലവ് മുനിസിപ്പാലിറ്റിയിൽ നിന്നു നൽകുന്നത് സംബന്ധിച്ച്

ആലുവ നഗരസഭയ്ക്ക് കൈമാറിക്കിട്ടിയതാണ് ആലുവ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ. ഈ സ്കൂളിൽ കുട്ടികളുടെ ആവശ്യത്തിനായുള്ള സ്കൂൾ ബസ്സിന്റെ ഇന്ധനത്തിനും ഡ്രൈവറുടെ വേതനത്തിനും നഗരസഭയിൽ നിന്ന് വിഹിതം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഇരുന്നൂറോളം പെൺകുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്.

47 **4.31 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.06.2024-ലെ KNR/P/MISC - 1252/24–ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ലെ യോഗ തീരുമാനവും (SRG/ 670/24)

വിഷയം:– സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

| | | |
|---|---|---|
| *പ്രോ.നം.747/24* | *അടങ്കൽ* | *30,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ – 20,00,000 രൂപ* |
| | | *തനത് ഫണ്ട് – 10,00,000 രൂപ* |
| *പേര്* | *സ്പോർട്സ് കിറ്റ് വിതരണം* | |

കണ്ണൂർ ജില്ലാ പഞ്ചായത്ത് കായിക മേഖലയിൽ തെരഞ്ഞെടുത്ത 29 പേർക്ക് 2023 ഡിസംബർ 26 മുതൽ 2024 ജനുവരി 4 വരെ കണ്ണൂർ യൂണിവേഴ്സിറ്റി മങ്ങാട്ടുപറമ്പ് ക്യാമ്പസിൽ വച്ച് പരിശീലനം നൽകി. ഇപ്രകാരം പരിശീലനം ലഭിച്ചവരെ ഉപയോഗിച്ച് പ്രാദേശികമായി

കായിക മേഖലയിൽ പരിശീലനം നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ തുടർച്ചയായി സ്പോർട്സ് കൗൺസിൽ/യുവജനക്ഷേമ ബോർഡ് എന്നിവയിൽ രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെടുകയും ഇത് 06.03.2024-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

എന്നാൽ പദ്ധതി നിർവ്വഹണം ലളിതമാക്കുന്നതിനും ജില്ലയിൽ പൂർണ്ണമായി ഇതിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നതിനും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനപരിശോധിച്ച് ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകണ മെന്നാവശ്യപ്പെട്ടിരിക്കുന്നു.

48 **4.32 <u>ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.07.2024-ലെ LSGD/PD/20233/2024/ DPLA1 നമ്പർ കത്തും ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.05.2024-ലെ കത്തും (SRG/681/24)

വിഷയം:- പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ പൊതു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടി ലാപ് ടോപ് നൽകാനുദ്ദേശിക്കുന്നു. 2022-23 വർഷം ഇതിനായി പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല. ഇതിനാൽ പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

49 **4.33 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.08.2024-ലെ LSGD/DP/64/2023- PL നമ്പർ കത്തും (SRG/774/24, SRG/783/24 – CC/487/24)

വിഷയം:- ദേശീയ അന്തർ ദേശീയ തലത്തിൽ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

സബ്സിഡി – ധനസഹായ മാർഗ്ഗരേഖ പ്രകാരം ദേശീയ അന്തർദേശീയ തലങ്ങളിലേയ്ക്ക് കലാ- കായിക മത്സരങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രതിഭകൾക്ക് മത്സരത്തിന് പങ്കെടുക്കുന്നതിന് ധനസഹായം നൽകാം. ദേശീയ തലത്തിൽ പങ്കെടുക്കുന്നവർക്ക് 10,000 രൂപയും അന്തർദേശീയ തലത്തിൽ പങ്കെടുക്കുന്നവർക്ക് 20,000 രൂപയുമാണ് നൽകാവുന്നത്. ഇത് പൊതു വിഭാഗത്തിനു കൂടി ബാധകമാക്കി ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

50 **4.34 <u>ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, വയനാട്</u>**

ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19.02.2024-ലെ BOS/319/4/2024-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ 4.14-ാം നമ്പർ തീരുമാനവും LSGD/DA1/15/2017-ാം നമ്പർ സർക്കാർ ഫയലിലെ 06.08.2024-ലെ സർക്കാർ ഉത്തരവും. (SRG/756/24) – LSGD – DA1/15/2017)

വിഷയം:- ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള അക്രഡിറ്റേഷൻ സംബന്ധിച്ച്

ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, വയനാട് വിവിധ മേഖലകളിൽ ഉണ്ടായിരുന്ന അക്രഡിറ്റേഷൻ പുതുക്കിക്കൊണ്ടും പുതിയ മേഖലയിൽ അക്രഡിറ്റേഷൻ അനുവദിച്ചുകൊണ്ടും 16.11.2021-ലെ 2277/2021/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, വ്യവസായം, മാർക്കറ്റിംഗ്, പരിശീലനം, ലബോറട്ടറി സേവനം എന്നീ മേഖലകളിലാണ് 3 വർഷത്തേയ്ക്ക് അക്രഡിറ്റേഷൻ ഉള്ളത്. ഈ ഉത്തരവിൽ പ്രതിപാദിപ്പിക്കുന്നവയോടൊപ്പം ബ്രഹ്മഗിരിയിൽ ഉല്പാദിപ്പിക്കുന്ന താഴെപ്പറയുന്ന ഉല്പന്നങ്ങൾ

കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗത്തിൽ പരിഗണിക്കുകയും ഇവ കൂടി ഉൾപ്പെടുത്താൻ അനുമതി നൽകുകയും ചെയ്തിരുന്നു.

| | |
|---|---|
| (1) സാനിറ്റൈസർ | (6) ക്ലോത്ത് വാഷ് |
| (2)ഗ്രോ വാഷ് (ഫ്ലോർ ക്ലീനർ) | (7) ഫ്രാബ്രിക് സ്റ്റിഫ്നർ |
| (3) ടോയിലറ്റ് ക്ലീനർ | (8) ഡയറി ക്ലീൻ |
| (4) ഹാൻഡ് വാഷ് | (9) ഡിഷ് വാഷ് |
| (5) സർഫേയ്സ് ക്ലീനർ | (10) കാർ വാഷ് |

എന്നാൽ ഇതേ സമയം ബ്രഹ്മഗിരി സൊസൈറ്റിയുടെ മറ്റൊരു കത്തിന്റെ അടിസ്ഥാനത്തിൽ ഇവയ്ക്ക് അക്രഡിറ്റേഷൻ നൽകുന്ന നടപടിക്രമം സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് KILA ഡയറക്ടർ ജനറലിന്റെ പരിഗണനയിലിരിക്കുകയായിരുന്നു. നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദിഷ്ട അപേക്ഷാ ഫോമിൽ ഫീസ് സഹിതം അപേക്ഷ നൽകാൻ ബ്രഹ്മഗിരി സൊസൈറ്റിയിലെ ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇതനുസരിച്ച് നടപടി സ്വീകരിക്കാതെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി കോഓർഡിനേഷൻ കമ്മിറ്റിക്ക് നേരിട്ട് അപേക്ഷ നൽകി. ഇതിനെ അടിസ്ഥാനമാക്കിയാണ് മുകളിൽ പറഞ്ഞ അനുമതി കോഓർഡിനേഷൻ കമ്മിറ്റി നൽകിയത്. ഈ വിവരം കോഓർഡിനേഷൻ കമ്മിറ്റിയിൽ അറിയിക്കാൻ ഫയൽ നൽകിയിട്ടുണ്ട്.

51

## 4.35 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.08.2024-ലെ LSGD/DP/ALP/95/24TR നമ്പർ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 24.07.2024-ലെ 8(11)-ാം നമ്പർ തീരുമാനവും ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 15.07.2024-ലെ SJD/ALP/DSJO/258/2023 - A3 നമ്പർ കത്തും (SRG/846/24, SRG/777/24 – CC/482/2024 )

വിഷയം:- ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ ഗ്രൂപ്പ് സംരംഭ പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 297/24 | *അടങ്കൽ* | *10,00,000 രൂപ* |
| | | *വികസന ഫണ്ട് - ജനറൽ* |
| *പേര്* | ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2023-24 ട്രാൻസ് ജെന്റേഴ്സിന് തൊഴിൽ പരിശീലനവും സ്വയംതൊഴിൽ സംരംഭത്തിനുള്ള സഹായം നൽകലും പദ്ധതി | |

ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2023-24 വർഷം ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള പ്രോജക്ട് നടപ്പാക്കിയിരുന്നു. (പ്രോജക്ട് നമ്പർ 297/24). രണ്ട് ട്രാൻസ്ജെന്റർ ഗ്രൂപ്പുകൾക്കായി 75 ശതമാനം സബ്സിഡി നിരക്കിൽ ആകെ 5,35,411 രൂപ ചെലവഴിച്ചു. മാർഗ്ഗരേഖ പ്രകാരം വനിതകൾ മാത്രമുള്ള സ്വയംതൊഴിൽ ഗ്രൂപ്പിനാണ് 75 ശതമാനം സബ്സിഡി നൽകാവുന്നത്. നിലവിലുള്ള യൂണിറ്റുകൾക്കാണ് താഴെപ്പറയും പ്രകാരം ധനസഹായം നൽകിയത്.

| യൂണിറ്റിന്റെ പേര് | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക |
|---|---|---|
| 1) പശുവളർത്തൽ യൂണിറ്റ് | മുളക്കുഴ ഗ്രാമപഞ്ചായത്ത് | 2,70,000 |
| 2) Dance Studio (ഡാൻസ് പരിശീലന കേന്ദ്രം) | ചാരുമൂട് ഗ്രാമപഞ്ചായത്ത് | 2,65,411 |
| | **ആകെ** | 5,35,411 |

ഈ പ്രോജക്ട് നിർവ്വഹണം നടത്തിയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

52

## 4.36 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.06.2024 -ലെ കത്തുകളും (2എണ്ണം) 25.07.2024-ലെ 1142839/23/DPC/DPO നമ്പർ കത്തും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 15.02.2024-ലെ 2(8)-ാം നമ്പർ തീരുമാനവും (SRG/568/24 – CC/ 144/24)

വിഷയം:- എറണാകുളം ജില്ലയിലെ വിവിധ പട്ടികജാതി നഗറുകളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

എറണാകുളം ജില്ലാ പഞ്ചായത്ത് 'ആദിത്യ' എന്ന പേരിൽ പട്ടികജാതി നഗറുകളിൽ സോളാർ മിനി മാസ്റ്റ് സ്ഥാപിക്കാൻ കഴിഞ്ഞ വർഷം ബഹുവർഷ പ്രോജക്ട് എടുത്തിരുന്നു. ഈ വർഷത്തെ വിഹിതം കൂടി ചേർത്ത് എസ്.സി.പി. വിഹിതം ഉപയോഗിച്ച് 3.77 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിലെ വല്ലാർപാടം, ആലങ്ങാട്, നെടുമ്പാശ്ശേരി, കാലടി, മലയാറ്റൂർ, കറുകുറ്റി, ഉദയംപേരൂർ, പാമ്പാക്കുട, വെങ്ങോല, നേര്യമംഗലം ഡിവിഷനുകളിലുള്ള പട്ടികജാതി നഗറുകളിലെ 108 സ്ഥലത്താണ് സോളാർ മിനിമാസ്റ്റ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. KEL മുഖേനയാണ് ഈ പ്രോജക്ട് നടപ്പാക്കുന്നത്. സോളാർ മിനിമാസ്റ്റിന്റെ ആവർത്തന ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന നിബന്ധനയോടെയാണ് ലൈറ്റ് സ്ഥാപിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

53

**4.37 <u>തെക്കുംകര ഗ്രാമപഞ്ചായത്ത്</u>**

ബഹു.വടക്കാഞ്ചേരി എം.എൽ.എ.യുടെ 14.01.2024-ലെ കത്തും തെക്കുംകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.11.2023-ലെ SC2/02/2023-ാം നമ്പർ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.04.2024-ലെ LSGD/PD/4992/2024/DPLB3 നമ്പർ കത്തും അനുബന്ധരേഖകളും (SRG/541/24 - LSGD - DB)

വിഷയം:- തെരുവുവിളക്കുകൾ വാങ്ങിയതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

തെക്കുംകര ഗ്രാമപഞ്ചായത്ത് 18 വാട്സിന്റെ 900 ബൾബുകളും 20 വാട്സിന്റെ 480 ട്യൂബ് സെറ്റുകളും വനിതാ സ്വയം സംരംഭമായ മച്ചാട് LED യൂണിറ്റിൽ നിന്നും 23.05.2023-ാം തീയതി വാങ്ങി. ഈ സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടി ഒഴിവാക്കി വാങ്ങാനുള്ള അനുമതി കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററുടെ 27.05.2023-ലെ 709/C/2011/KS/TSR നമ്പർ ഉത്തരവ് പ്രകാരം നൽകി. എന്നാൽ ഈ ഉത്തരവിന് മുമ്പാണ് ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകൾ ടെണ്ടർ കൂടാതെ നേരിട്ട് ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങിയത്. ബൾബ്, ട്യൂബ് ലൈറ്റ് എന്നിവയ്ക്കായി ആകെ 3,12,900 രൂപയാണ് ബിൽ തുക. സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽസിനേക്കാൾ ലൈറ്റുകൾക്ക് വിലക്കുറവുണ്ട്. ബൾബിന്റെ ഗുണമേന്മ തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

54

**4.38 <u>കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്</u>**

കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 11.04.2024-ലെ കത്തും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2023-ലെ 3037/23-ാം നമ്പർ കത്തും കൂരാച്ചുണ്ട് സബ്ട്രഷറി ഓഫീസറുടെ 31.05.2023-ലെ A /30/POC/2023-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG /390/24 - CC/ 757/23)

വിഷയം:- വനിത സ്വയംതൊഴിൽ സംരംഭകർക്ക് നൽകിയ ബിൽ തുക ലഭിക്കാത്തതു സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 173/23 | *അടങ്കൽ* | *2,25,000രൂപ* |
| | | *വികസനഫണ്ട് ജനറൽ* |
| *പേര്* | *വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം* | |

വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം എന്ന പ്രോജക്ടിൽ ഉൾപ്പെട്ട 5 വനിതകൾക്ക് ധനസഹായമായി നൽകേണ്ട 1,25,000 രൂപ നൽകുന്നതിന് കൂരാച്ചുണ്ട് ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും അവരുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായില്ല. ഈ തുക കാനറാ ബാങ്കിലെ അക്കൗണ്ടിലേയ്ക്ക് വരവു വയ്ക്കേണ്ട തുകയുടെ POC issue ആകാതെ തിരികെ വരികയും

27.05.2023-ൽ സോഴ്സ് ഹെഡ്ഡിലേയ്ക്ക് (സർക്കാരിലേയ്ക്ക്) തിരികെ പോകുകയും ചെയ്തു. ഈ തുക വികസന ഫണ്ടിൽ വകയിരുത്തി ഗുണഭോക്താക്കൾക്ക് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 2023-24-ൽ നൽകാനാണ് ഉദ്ദേശിച്ചിരുന്നത്.

55

**4.39 ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2024-ലെ കത്തുകളും (രണ്ടെണ്ണം) അനുബന്ധരേഖകളും (SRG/ 632/24 - CC/350/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ശ്രീ.ഫ്രാൻസിസ് , തടത്തരികത്ത് ആറ്റർ വലിയവിള എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയിൽ 395-ാം നമ്പറായി ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്. ഈ വ്യക്തി തെങ്ങിൽ നിന്ന് വീണ് നട്ടെല്ലുപൊട്ടി കിടപ്പിലാണ്. ഈ വ്യക്തിയും ഭാര്യയും മകനും മകളും ഒരു മുറിയിലാണ് കിടക്കുന്നത്. പ്രത്യേക സാഹചര്യം പരിഗണിച്ച് ആദ്യം തന്നെ വീട്ടു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

56

**4.40 കരവാരം ഗ്രാമപഞ്ചായത്ത്**

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13.06.2024-ലെ 4456/CC/2019/ ലൈഫ് നമ്പർ കത്ത് (SRG/546/24)

വിഷയം:- കരവാരം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഗുണഭോക്താവിനെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിൽ 5-ാം വാർഡിലെ ശ്രീമതി.ഉഷ എ, ദേവിക ഭവൻ (റേഷൻ കാർഡ് നമ്പർ 1104142154 - ലൈഫ് ID Life/1/234/804808) എന്ന വ്യക്തി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷിച്ചിരുന്നു. അർഹതയുള്ള ഗുണഭോക്താവാണെന്നതിനാൽ ഈ വ്യക്തിയെ ഗ്രാമസഭ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ലിസ്റ്റ് ഡേറ്റാ എൻട്രി നടത്തുന്ന സമയത്ത് ഇതേ പേരിലുള്ള ശ്രീമതി. ഉഷ, ശ്രുതി വിലാസം (റേഷൻ കാർഡ് നം. 1104162504) എന്ന PMAY ധനസഹായം ലഭിച്ചതുമൂലം ഒഴിവാക്കേണ്ട വ്യക്തിയെ തെറ്റായി ഉൾപ്പെടുത്തുകയും ലൈഫ് ഭവന പദ്ധതി അർഹതയുള്ള മുകളിൽ ആദ്യം പറഞ്ഞ ശ്രീമതി. ഉഷ എ, ദേവിക ഭവനെ ഒഴിവാക്കുകയും ചെയ്തു. പേരിലെ സാദൃശ്യം മൂലമാണ് ഈ പിഴവ് സംഭവിച്ചത്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും ഭർത്താവ് ഉപേക്ഷിച്ചു പോയതും 18 വയസ്സുള്ള മകളുമായി അടച്ചുറപ്പില്ലാത്ത വീട്ടിൽ താമസിക്കുന്നതുമായ ശ്രീമതി ഉഷ.എ, ദേവിക ഭവൻ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കരവാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിരിക്കുന്നു. ഒപ്പം PMAY ധനസഹായം ലഭിച്ച ശ്രീമതി. ഉഷ, ശ്രുതിവിലാസം എന്ന വ്യക്തിയെ അനർഹരുടെ പട്ടികയിലേയ്ക്ക് മാറ്റാനും ശുപാർശ ചെയ്തിട്ടുണ്ട്.

57

**4.41 മൂടാടി ഗ്രാമപഞ്ചായത്ത്**

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24.06.2024-ലെ 4456/CC/2019/ലൈഫ് നമ്പർ കത്ത് (SRG/567/24)

വിഷയം:- ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിലെ തെറ്റ് തിരുത്തുന്നത് സംബന്ധിച്ച്

കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിലെ മത്സ്യതൊഴിലാളി വിഭാഗത്തിൽപ്പെട്ട ശ്രീ.ഫൈസൽ, തയ്യിൽ വളപ്പിൽ എന്ന വ്യക്തി ലൈഫ് 2020 ൽ അപേക്ഷ നൽകിയിരുന്നു. അപേക്ഷ പരിശോധിക്കുന്ന സമയത്ത് ശ്രീ.ഫൈസൽ ഉൾപ്പെട്ട റേഷൻ കാർഡിലെ ഗൃഹനാഥയായ ഈ വ്യക്തിയുടെ മാതാവ് ശ്രീമതി. സുബൈദയുടെ പേരിലാണ് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. എന്നാൽ ശ്രീമതി. സുബൈദയുടെ പേരിൽ വാസയോഗ്യമായ വീടുണ്ട്. ശ്രീ.ഫൈസലിന് വാസയോഗ്യമായ വീടില്ല. അതിനാൽ പരിശോധനാ സമയത്ത് സംഭവിച്ച പിശക് തിരുത്തി ശ്രീമതി.

സുബൈദക്ക് പകരം ശ്രീ ഫൈസലിന്റെ പേര് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിരിക്കുന്നു.

58 **4.42 പള്ളിക്കര ഗ്രാമപഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.06.2024-ലെ കത്തും പള്ളിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.10.2023-ലെ 15(1)-ാം നമ്പർ തീരുമാനവും (SRG/570/24 - CC/349/24)

വിഷയം:- ലൈഫ് ഭവനപദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്

പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ശ്രീമതി.സൈനബ, ബിലാൽ നഗർ, ബക്കൽ ഫോർട്ട് എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയിൽ ക്രമനമ്പർ 254 ആയി ഉൾപ്പെട്ടിട്ടുണ്ട്. വാടകവീട്ടിൽ താമസിക്കുന്ന ഈ ഗുണഭോക്താവ് ക്യാൻസർ രോഗി കൂടിയാണ്. അതിനാൽ പട്ടികയിൽ മുൻഗണന നൽകി വീട് അനുവദിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

59 **4.43 കാസർഗോഡ് മുനിസിപ്പാലിറ്റി**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.06.2024-ലെ കത്തും കാസർഗോഡ് മുനിസിപ്പൽ കൗൺസിലിന്റെ 30.04.2024-ലെ 11-ാം നമ്പർ തീരുമാനവും (SRG/572/24 - CC/304/24)

വിഷയം:- ആശ്രയ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ വാസയോഗ്യമാക്കുന്നത് സംബന്ധിച്ച്.

കാസർഗോഡ് നഗരസഭയിൽ ആശ്രയ കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി കുടുംബശ്രീ 14 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് പദ്ധതി ഏറ്റെടുത്തിരുന്നു. 2,50,000 രൂപയാണ് ഒരു വീടിന് വകയിരുത്തിയിരുന്നത്. ഒരു വീട് പൂർത്തിയാക്കി താമസം തുടങ്ങി. 2.50 ലക്ഷം രൂപ ഈ കുടുംബത്തിന് നൽകി. ബാക്കിയുള്ള 13 കുടുംബത്തിന് 2.25 ലക്ഷം രൂപ വീതം നൽകിയെങ്കിലും വീട്ടുവാസയോഗ്യമായില്ല. ഈ വീടുകൾ വാസയോഗ്യമാക്കാൻ ഇനി ആകെ 20.00 ലക്ഷം രൂപ കൂടി വേണമെന്ന് എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. മുൻകാലങ്ങളിലെ ആശ്രയ ഭവന പദ്ധതിയുടെ ഭാഗമായി ലഭിച്ചതിൽ പലിശ ഇനത്തിൽ 17.00 ലക്ഷം രൂപ കേരള ഗ്രാമീൺ ബാങ്കിൽ ബാക്കിയുണ്ട്. ഈ തുകയും തനത് ഫണ്ടിൽ നിന്ന് 3.00 ലക്ഷം രൂപയും ഉൾപ്പെടുത്തി ആകെ 20.00 ലക്ഷം രൂപ ഈ വീടുകൾ വാസയോഗ്യമാക്കാൻ ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

60 **4.44 വിളയൂർ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.06.2024-ലെ കത്ത് (SRG/579/24 - CC/254/24)

വിഷയം:- ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഗുണഭോക്താവിനെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

വിളയൂർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ താമസിക്കുന്ന ശ്രീമതി. വസന്ത, നായ്ക്കൻതൊടി എന്ന വ്യക്തിക്ക് 2020-ലെ ലൈഫ് ഭവന പദ്ധതിയിൽ ഓൺ ലൈനായി അപേക്ഷിക്കാൻ കഴിഞ്ഞില്ല. ഇടിഞ്ഞു വീഴാറായ വീട്ടിലാണ് ഈ കുടുംബം താമസിക്കുന്നത്. വിധവയും സാമ്പത്തിക ബുദ്ധിമുട്ടുമുള്ള ശ്രീമതി.വസന്തയെ ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

61 **4.45 ചെങ്ങളായി ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2024-ലെ കത്തും ചെങ്ങളായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.11.2023-ലെ 7-ാം നമ്പർ തീരുമാനവും (SRG/ 602/24 - CC/323/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നത് സംബന്ധിച്ച്

ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ ശ്രീ.അനുരാഗ്.കെ, കാനിച്ചേരിയിൽ ലൈഫ് 2020 ഭൂരഹിത ഭവനരഹിത പട്ടികജാതി വിഭാഗത്തിൽ അനർഹരുടെ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയാണ്. ഈ വ്യക്തി ഉൾപ്പെടുന്ന റേഷൻകാർഡിലെ സഹോദരി അനിതയുടെ പേരിൽ 5

സെന്റ് സ്ഥലവും വീടും ഉണ്ട്. ഈ വീട്ടിലാണ് ശ്രീ. അനുരാഗ് താമസിക്കുന്നത്. കുടുംബ സ്വത്തായി സ്ഥലം ലഭിക്കാനില്ല. ശ്രീ.അനുരാഗ് അപ്പീൽ സമർപ്പിച്ചിരുന്നില്ല. അനർഹരുടെ ലിസ്റ്റിൽ നിന്ന് അർഹരുടെ ലിസ്റ്റിലേയ്ക്ക് മാറ്റി സ്ഥലവും വീടും നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

62 4.**46** **പിണറായി ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2024 -ലെ കത്തും പിണറായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.04.2024-ലെ 6/90/2024(1) -ാം നമ്പർ തീരുമാനവും (SRG/ 603/24 - CC/287/24)

**വിഷയം:-** വീട്ട നിർമ്മിക്കാനായി സ്ഥലം വാങ്ങിയ വ്യക്തിക്ക് സ്ഥലത്തിന്റെ വില നൽകുന്നത് സംബന്ധിച്ച്

ലൈഫ് 2020 ഭവന പദ്ധതിയിൽ ശ്രീമതി ആയിഷ.പി.പി. എന്ന വ്യക്തി ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ക്രമനമ്പർ 7 ആയി ഉൾപ്പെട്ടിരുന്നു. ഈ വ്യക്തി മരണപ്പെട്ടു. ശ്രീമതി ആയിഷയുടെ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നതും മകന്റെ ഭാര്യയുമായ ശ്രീമതി .സീനത്ത് പി. സ്വന്തമായി ഭൂമി വാങ്ങി 20.10.2022-ൽ രജിസ്റ്റർ ചെയ്തു. ഇപ്പോൾ ഭൂമി വാങ്ങിയിട്ട് 20 മാസത്തോളമായി. 12 വർഷത്തേയ്ക്ക് കൈമാറരുതെന്ന നിബന്ധനകളൊന്നും ആധാരത്തിൽ കാണിച്ചിട്ടില്ല. ഭൂമി വാങ്ങിയതിന്റെ വില (ലൈഫ് മാനദണ്ഡപ്രകാരം കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുമ്പോൾ 2.00 ലക്ഷം രൂപ) ശ്രീമതി. സീനത്തിന് നൽകാൻ കഴിയുമോ എന്ന് വ്യക്തത വരുത്തി നൽകണമെന്നും 12 വർഷത്തേയ്ക്ക് ഭൂമി കൈമാറരുതെന്ന നിബന്ധന തിരുത്തൽ തെറ്റ് തീർപ്പാധാരം വഴി ഉൾപ്പെടുത്താമോ എന്നും വ്യക്തത വരുത്തണമെന്നാവശ്യ പ്പെട്ടിരിക്കുന്നു.

63 4.**47** **പിണറായി ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2024 -ലെ കത്തും പിണറായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.12.2023-ലെ 11/404/23-ാം നമ്പർ തീരുമാനവും (SRG/ 606/24-CC/87/24)

വിഷയം:- അഗതി/ആശ്രയ ലിസ്റ്റിലുള്ള വ്യക്തിക്ക് വീട് നിർമ്മിച്ചു നൽകുന്നത് സബന്ധിച്ച്

പിണറായി ഗ്രാമപഞ്ചായത്തിലെ ശ്രീമതി.ശോഭന. കെ.വി, രാമപുരം, കിഴക്കുംഭാഗം എന്ന വ്യക്തി ആശ്രയ ലിസ്റ്റിൽ ഉണ്ട്. മാതാപിതാക്കൾ മരണപ്പെട്ട ഇവർ അവിവാഹിതയാണ്. ക്യാൻസർ രോഗബാധിതനായ അമ്മാവനോടൊപ്പമാണ് ഇവർ താമസിക്കുന്നത്. നിലവിലെ വീട് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ്. വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം ലഭിക്കാനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ലൈഫ് ലിസ്റ്റിൽ ഇല്ല. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

64 **4.48** **ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2024 -ലെ കത്തും ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.12.2023-ലെ 254/2023-ാം നമ്പർ തീരുമാനവും (SRG/ 608/24 - CC/237/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ 7-ാം വാർഡിൽ താമസിക്കുന്ന ശ്രീ.ചെല്ലപ്പൻ, ഒറ്റപ്ലാക്കൽ എന്ന വ്യക്തിയെ അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ഗ്രാമസഭ അംഗീകരിച്ചുവെങ്കിലും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ കുടുംബം ഷെഡിനു സമാനമായ വീട്ടിലാണ് താമസിക്കുന്നത്. ശ്രീ.ചെല്ലപ്പനും ഭാര്യയും വിധവയും അപസ്മാര രോഗമുള്ളതുമായ മകളും ചെറുമക്കളും അടങ്ങുന്നതാണ് കുടുംബം. ലൈഫ് ലിസ്റ്റിൽ ഈ കുടുംബം ഉൾപ്പെട്ടിട്ടില്ല. കുടുംബത്തിന്റെ സാഹചര്യം പരിഗണിച്ച് പുതിയ വീട് നിർമ്മിക്കുന്നതിന് രണ്ട് ഗഡുക്കളായി 80,000 രൂപ നൽകി. എന്നാൽ അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെടാതെ വന്നതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകാൻ കഴിഞ്ഞില്ല. അതിനാൽ രണ്ട് ഗഡുക്കൾ നൽകിയതിന് സാധൂകരണം നൽകി ഈ കുടുംബത്തെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി വീട്ടു നിർമ്മാണത്തിന് തുടർന്നുള്ള ഗഡുക്കളും നൽകാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

65

**4.49 പരിയാരം ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.06.2024 -ലെ കത്ത് (SRG/ 612/24 - CC/89/24)

വിഷയം:- അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് വീട് നിർമ്മിച്ച നൽകുന്നത് സംബന്ധിച്ച്

പരിയാരം ഗ്രാമപഞ്ചായത്തിൽ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട (EPIP No. 77080) ശ്രീമതി. മോണിഷ മോസസ് 2020-ലെ ലൈഫ് ഭവന ലിസ്റ്റിൽ ഉണ്ട്. എന്നാൽ ശ്രീമതി. മോണിഷ മോസസ് ഉൾപ്പെടുന്ന റേഷൻകാർഡിൽ ഇവരുടെ അമ്മയ്ക്ക് സ്വന്തമായി വീടുണ്ട്. അമ്മയോടൊപ്പം താമസിക്കാൻ സ്ഥലപരിമിതി ഉള്ളതിനാൽ അമ്മ നൽകിയ 12 സെന്റ് സ്ഥലത്ത് നിർമ്മിച്ച ഷെഡിലാണ് ഈ കുടുംബം താമസിക്കുന്നത്. ശ്രീമതി. മോണിഷയും ഭർത്താവും മൂന്ന് കുട്ടികളുമടങ്ങുന്നതാണ് കുടുംബം. ഇവരുടെ രണ്ട് മക്കൾ മസ്കുലർ ഡിസ്ട്രോഫി അസുഖ ബാധിതരായതിനാൽ വീൽചെയറിലാണ്. ഈ കുടുംബത്തിന് വീട് നിർമ്മിച്ച നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

66

**4.50 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്**

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 29.06.2024-ലെ കത്തും ലൈഫ് മിഷൻ എറണാകുളം ജില്ലാമിഷൻ കോഓർഡിനേറ്ററുടെ 17.04.2024-ലെ Life/EKM/146/24-ാം നമ്പർ കത്തും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2023-ലെ കത്തും (SRG/ 614/24 - CC/838/24)

വിഷയം:- വീട് പൂർത്തീകരിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ഭാമ ഷാജി, ചൂണ്ടെക്കാട്ടിൽ എന്ന വ്യക്തി 2014-15 വർഷം ഐ.എ.വൈ ഭവന പദ്ധതി പ്രകാരം 3,30,000 രൂപ കൈപ്പറ്റിയിരുന്നു. എന്നാൽ വീട് നിർമ്മാണം പൂർത്തിയായില്ല. പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനുള്ള ഉത്തരവ് പ്രകാരം (ലൈഫ് ഭവന പദ്ധതി ഒന്നാം ഘട്ടം) ഇവർക്ക് 3,80,116 രൂപയുടെ അർഹതയുണ്ടെന്നും അതിനാൽ ബാക്കി തുകയായ 50,166 രൂപ നൽകാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. പുതുക്കിയ യൂണിറ്റ് നിരക്കായ 4.00 ലക്ഷം രൂപയുടെ ആനുപാതിക വർദ്ധനവ് നൽകാവുന്നതാണ് എന്ന് ലൈഫ് മിഷൻ എറണാകുളം ജില്ലാ കോഓർഡിനേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്.

67

**4.51 ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്**

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.06.2024-ലെ SC2/4163/2024-ാം നമ്പർ കത്ത് (SRG/ 638/24)

**വിഷയം:-** ഭവന നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ 2020 ലൈഫ് ലിസ്റ്റിൽ ആകെ 591 ഗുണഭോക്താക്കൾ ഉണ്ട്. മുൻപ് എടുത്ത HUDCO ലോൺ തിരിച്ചടവ് കുറവു ചെയ്തതിനുശേഷം പ്രധാനപ്പെട്ട പ്രോജക്ടുകൾക്ക് പോലും വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. അനിവാര്യ ചെലവിനുപോലും തനത് ഫണ്ട് തികയുന്നില്ല. ഈ സാഹചര്യത്തിൽ വീട് നിർമ്മാണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

68

**4.52 തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്**

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.06.2024-ലെ C/1024/12 -ാം നമ്പർ കത്ത് (SRG/ 640/24)

**വിഷയം:-** IAY, EMS ഭവന പദ്ധതി പ്രകാരമെടുത്ത വായ്പയുടെ പലിശ തിരികെ ലഭിക്കുന്നത് സംബന്ധിച്ച്

(i) തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് 2012–13 വർഷം ഐ.എ.വൈ പദ്ധതി പ്രകാരം 92 ഗുണഭോക്താക്കൾക്ക് 75,000 രൂപ വീതം നൽകുന്നതിന് 11 ശതമാനം പലിശയ്ക്ക് 69.00 ലക്ഷം രൂപ മാടായി കോഓപ്പറേറ്റീവ് റൂറൽ ബാങ്ക്, കുപ്പം ശാഖയിൽ നിന്ന് വായ്പയെടുത്തിരുന്നു. 69 ലക്ഷം രൂപ മുതൽ തുക തിരികെ അടച്ചു. ഇതുവരെയുള്ള പലിശ 48,92,120 രൂപ അടയ്ക്കണം.

(ii) ഇ.എം.എസ്. ഭവന പദ്ധതിക്കായി 50 ലക്ഷം രൂപ പാപ്പിനിശ്ശേരി കോഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ നിന്നും 2011–12–ൽ ബ്ലോക്ക് പഞ്ചായത്ത് വായ്പ എടുത്തിരുന്നു. 49,99,999 രൂപ വായ്പയുടെ മുതലായും 31.03.2022 വരെയുള്ള പലിശയിനത്തിൽ 20,82,031 രൂപയും തിരികെ അടച്ചു. ഇനി പലിശയിനത്തിൽ 5,53,394 രൂപ കൂടി തിരികെ അടയ്ക്കണം.

വായ്പ എടുക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പലിശ സർക്കാർ അടയ്ക്കുമെന്നായിരുന്നു. എന്നാൽ ഇതുവരെ പലിശയൊന്നും ലഭിച്ചില്ല. ഐ.എ.വൈ പദ്ധതിക്കായി ലഭിച്ച 55,27,925 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തളിപ്പറമ്പ് സബ് ട്രഷറി അക്കൗണ്ടിൽ (STSB Ac No. 719031400000001) ചെലവഴിക്കാതെ കിടപ്പുണ്ട്. ഈ തുകയിൽ നിന്ന് മുകളിൽ പറഞ്ഞ പലിശയായ 54,45,514 രൂപ (IAY 48,92,120+EMS 5,53,394 രൂപ) അടയ്ക്കാൻ അനുമതി നൽകുകയോ അല്ലെങ്കിൽ സർക്കാരിൽ നിന്നും പ്രസ്തുത ബാങ്കുകൾക്ക് പലിശയിനത്തിലുള്ള തുക അനുവദിച്ച് നൽകുകയോ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

69

### 4.53 വാഴയൂർ ഗ്രാമപഞ്ചായത്ത്

ബഹു. കൊണ്ടോട്ടി എം.എൽ.എ.യുടെ 04.07.2024–ലെ 20/തസ്വഭവ/24–ാം നമ്പർ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.06.2024–ലെ 6/1–ാം നമ്പർ തീരുമാനവും (SRG/673/24, SRG/763/24)

വിഷയം:– ലൈഫ് ഭവന പദ്ധതിയിൽ വീട് നൽകുന്നത് സംബന്ധിച്ച്

വാഴയൂർ ഗ്രാമപഞ്ചായത്തിലെ 7–ാം വാർഡിലെ ശ്രീ.രാജൻ വലിയാളയ്ക്കൽ എന്ന വ്യക്തിയെ 2020 –ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഗ്രാമസഭ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഓവർസീയർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയത് ശ്രീ.രാജന്റെ ഭാര്യയുടെ പേരായ ബിന്ദു, അക്കരമ്മൽ എന്ന പേരിലാണ്. അതിനാൽ MIS ൽ ചേർക്കാൻ വിട്ടുപോയി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. രാജൻ മാനദണ്ഡ പ്രകാരം ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ള വ്യക്തിയാണ്. അതിനാൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

70

### 4.54 വാഴയൂർ ഗ്രാമപഞ്ചായത്ത്

ബഹു.കൊണ്ടോട്ടി എം.എൽ.എ.യുടെ 04.07.2024–ലെ 19/LSGD/2024–ാം നമ്പർ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.07.2024–ലെ കത്തും വാഴയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024–ലെ 6–ാം നമ്പർ തീരുമാനവും. (SRG/671/24, SRG/761/24)

വിഷയം:– വീട് നിർമ്മാണത്തിന് ലഭിച്ച തുകയും പലിശയും ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കുന്നത് സംബന്ധിച്ച്

വാഴയൂർ ഗ്രാമപഞ്ചായത്തിൽ 6–ാം വാർഡിൽ താമസിക്കുന്ന ശ്രീമതി. സരോജിനി താഴത്തുപുരയ്ക്കൽ എന്ന വ്യക്തി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്. ഈ കുടുംബത്തിന് വീട് നിർമ്മാണത്തിനായി 2015–16–ൽ 2.30 ലക്ഷം രൂപ നൽകിയിരുന്നു. ഗ്രീൻ ഫീൽഡ് ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി ഈ വ്യക്തിയുടെ സ്ഥലവും വീടും ഏറ്റെടുത്തു. വീട് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 2.30 ലക്ഷം രൂപയും പലിശയിനത്തിൽ 1,69,700 രൂപയും ഹൈവേ അതോറിറ്റി തന്നെ ഗ്രാമപഞ്ചായത്തിന് നൽകി. ആകെ 3,99,700 രൂപ. നഷ്ടപരിഹാര തുകയുടെ ബാക്കി 32,16,905 രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കും നൽകി.

വളരെ പാവപ്പെട്ട കുടുംബം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് ഹൈവേ അതോറിറ്റി നൽകിയ തുക ഈ കുടുംബത്തിന് തിരികെ നൽകുകയോ അല്ലെങ്കിൽ പലിശയിനത്തിൽ നൽകിയ തുകയെങ്കിലുമോ തിരികെ നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

71

**4.55 നരിക്കുനി ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.07.2024-ലെ കത്തും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 10.11.2023, 12.02.2024 എന്നീ തീയതികളിലെ ഉത്തരവുകളും നരിക്കുനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.06.2024-ലെ SC – 5390/23-◌ാം നമ്പർ കത്തും കോഴിക്കോട് ജില്ലാ കളക്ടറുടെ 20.05.2024-ലെ കത്തും (SRG/ 644/24 – CC/376/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

നരിക്കുനി ഗ്രാമപഞ്ചായത്തിലെ ശ്രീ.ഭാസ്കരൻ, തോൽപാറയിൽ വീട്, പന്നിക്കോട്ടൂർ എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയിൽ വീടിന് അപേക്ഷിച്ചിരുന്നുവെങ്കിലും വാസയോഗ്യമായ വീട്ടുണ്ട് എന്ന കാരണത്താൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ബഹു.ഓംബുഡ്സ്മാന് അപേക്ഷകൻ പരാതി നൽകി. ലൈഫ് ഭവന പദ്ധതിയിലെ രണ്ടാം അപ്പീൽ അതോറിറ്റിയായ ജില്ലാ കളക്ടറുടെ പരിഗണനയ്ക്ക് നൽകാനും ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനും ബഹു.ഓംബുഡ്സ്മാൻ 12.02.2024-ൽ ഉത്തരവാകുകയും ചെയ്തു.

ശ്രീ.ഭാസ്കരന്റെ അപേക്ഷയിൽ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി അനുഭാവപൂർവ്വം പരിഗണിച്ച് നടപടി സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർ 20.05.2024-ൽ അറിയിച്ചിട്ടുണ്ട്. നിലവിലെ വീട്ടിൽ വസിക്കുന്നത് ക്ലേശകരമാണെന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലൈഫ് ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

72

**4.56 ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2024-ലെ കത്തുകളും (2 എണ്ണം) അനുബന്ധരേഖകളും (SRG/631/24 – CC/351/24)

വിഷയം:- ലൈഫ് ഭവന പദ്ധതിയിൽ വീട് നൽകുന്നതിന് മുൻഗണന നൽകുന്നത് സംബന്ധിച്ച്

ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ ശ്രീ.അനുകുട്ടൻ, മാവറത്തല പുത്തൻവീട് , കുഴങ്ങരമൂഴി എന്ന വ്യക്തി ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ക്രമനമ്പർ 332 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തിയുടെ ഭാര്യ ക്യാൻസർ രോഗിയാണ്. തീർത്തും അടച്ചുറപ്പില്ലാത്ത വീട്ടിലാണ് താമസിക്കുന്നത്. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള ഈകുടുംബത്തിന് പ്രത്യേക പരിഗണന നൽകി മുൻഗണനാ ലിസ്റ്റിൽ മാറ്റം വരുത്തി ആദ്യം തന്നെ വീട്ടു നൽകാൻ അനുമതി നൽകണമന്നാവശ്യപ്പെട്ടിരിക്കുന്നു.

73

**4.57 ക്ഷീര വികസന വകുപ്പിന്റെ ക്ഷീരഗ്രാമം പദ്ധതി**

ബഹു.രജിസ്ട്രേഷൻ- മ്യൂസിയം - പുരാവസ്തു-പുരാരേഖ വകുപ്പ്മന്ത്രിയുടെ 23.05.2024-ലെ 84/VIP/2024-◌ാം നമ്പർ കത്ത് (SRG /499/24)

വിഷയം:- ക്ഷീരഗ്രാമം പദ്ധതി കോർപ്പറേഷൻ മേഖലയിലും നടപ്പാക്കുന്നത് സംബന്ധിച്ച്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്ന 'ക്ഷീര ഗ്രാമം' പദ്ധതി നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് നടപ്പാക്കുന്നത്. കോർപ്പറേഷന്റെ പല ഭാഗങ്ങളും മുൻപ് ഗ്രാമപഞ്ചായത്ത് പ്രദേശമായിരുന്നു. അതിനാൽ ക്ഷീരഗ്രാമപദ്ധതി കോർപ്പറേഷൻ പ്രദേശത്തു കൂടി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. ക്ഷീരഗ്രാമം ക്ഷീരവികസന വകുപ്പിന്റെ പദ്ധതിയാണ്.

74

**4.58 നെല്ലനാട് ഗ്രാമപഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.07.2024-ലെ കത്തുകളും (രണ്ടെണ്ണം) നെല്ലനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2024-ലെ 17(1)-◌ാം നമ്പർ തീരുമാനവും (SRG/ 633/24 – CC/126/24)

**വിഷയം:-** നെല്ലനാട് ഗ്രാമപഞ്ചായത്ത് വെറ്ററിനറി ആശുപത്രിയിലേയ്ക്ക് ലാബ് ടെക്നീഷ്യനെ നിയമിക്കുന്നത് സംബന്ധിച്ച്

നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയിൽ ലാബ് സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ ലാബ് ടെക്നീഷ്യന്റെ തസ്തിക ഇല്ല. അതിനാൽ ഇവിടേയ്ക്ക് ഒരു ലാബ് ടെക്നീഷ്യനെ ഗ്രാമപഞ്ചായത്തിൽ നിന്നും നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

75

**4.59 <u>കൊക്കയാർ ഗ്രാമപഞ്ചായത്ത്</u>**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/655/24 CC/352/24)

വിഷയം:- പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്ജ് നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 95/25 | *അടങ്കൽ* | *1,93,796 രൂപ* |
| | | *വികസനഫണ്ട് ജനറൽ* |
| *പേര്* | *പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ* | |

കൊക്കയാർ ഗ്രാമപഞ്ചായത്തിന് തനത് വരുമാനം കുറവാണ്. സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ട്. നെഗറ്റീവ് വാല്യുവേഷൻ ആണ്. അതിനാൽ 2023-24-ലെ പൊതു ടാപ്പുകളുടെ കുടിവെള്ള ചാർജ്ജ് അടയ്ക്കാൻ വികസനഫണ്ട് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

76

**4.60 <u>വേങ്ങര ഗ്രാമപഞ്ചായത്ത്</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.09.2024-ലെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.08.2024-ലെ 12(1) -ാം നമ്പർ തീരുമാനവും (SRG/ 853/ 24 - CC /509/24)

വിഷയം:- അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.310/25 | അടങ്കൽ | 1,50,000രൂപ (തനത് ഫണ്ട്) |
| പേര് | കുറുവിൽകുണ്ട് അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ | |

പുതുതായി നിർമ്മിച്ച സ്മാർട്ട് അങ്കണവാടി കെട്ടിടത്തിലേയ്ക്ക് കുടിവെള്ളമെത്തിക്കാനാണ് പ്രോജക്ട്. ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി നടപ്പാക്കുന്നതിനാൽ ഗ്രാമപഞ്ചായത്ത് ഇതിനായി വിഹിതം ഉപയോഗിക്കുന്നത് അനുവദനീയമല്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭരണസമിതിയെ അറിയിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിക്ക് കൂടുതൽ സമയമെടുക്കുമെന്നതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് നേരിട്ട് കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്ത് പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ അങ്കണവാടി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടതാണ്.

77

**4.61 <u>ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി</u>**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.07.2024 - കത്ത് (SRG/803/24 -CC /360/24)

വിഷയം:- നഗരസഭയ്ക്ക് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 131/25 | *അടങ്കൽ* | *19,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ* |
| *പേര്* | *നഗരസഭാ ചെയർപേഴ്സന് വാഹനം വാങ്ങൽ* | |

നഗരസഭാ ചെയർപേഴ്സന് വാഹനം വാങ്ങുന്നതിന് 19.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നു. എന്നാൽ ഇത് ജില്ലാ ആസൂത്രണസമിതി നിരസിച്ചു. വാഹനം വാങ്ങുന്നതിന് 19.00 ലക്ഷം രൂപ ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

78

### 4.62 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.09.2024-ലെ കത്തും അനുബന്ധ രേഖകളും (SRG/841/24 – CC/343/2024 )

വിഷയം:- മണ്ണട്ടാംപാറ വി.സി.ബി. നിർമ്മാണം നടത്തിയതിന്റെ ബാക്കി തുക വി.സി.ബി.യുടെ അനുബന്ധ പ്രവർത്തനത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 50/25 | അടങ്കൽ | 8,45,416 രൂപ |
| | | തനത് ഫണ്ട് -സേവിംഗ്സ് |
| പേര് | മണ്ണട്ടാംപാറ വി.സി.ബി. നിർമ്മാണ പ്രവർത്തിയുടെ ബാലൻസ് തുക അടവാക്കൽ | |

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം മണ്ണട്ടാംപാറ വി.സി.ബി. നിർമ്മാണത്തിന് വികസനഫണ്ട് (ജനറൽ) 40.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോജക്ട് നം. 116/2018) ഈ തുക ചെറുകിട ജലസേചന വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തു. കാലവർഷത്തിൽ തകർന്ന മണ്ണട്ടാംപാറ അണക്കെട്ടിന്റെ (VCB) രണ്ട് റഗുലേറ്റർ ഷട്ടറുകൾ പുനസ്ഥാപിക്കുകയും മറ്റ് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. ഇതിനായി 31,54,584 രൂപ ചെലവായി. ബാക്കി തുക 8,45,416 രൂപയുണ്ട്. ഇത് ഇറിഗേഷൻ വകുപ്പിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. അതിനാൽ പ്രോജക്ട് തയ്യാറാക്കാതെ ഇറിഗേഷൻ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം ഇതുപയോഗിച്ച് ഷട്ടറുകളുടെ അനുബന്ധ പ്രവൃത്തികളുടെ ഭാഗമായി 25 KVA ജനറേറ്റർ സ്ഥാപിക്കൽ, ജനറേറ്റർ റൂം നിർമ്മാണം, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ നടത്താൻ ബ്ലോക്ക് പഞ്ചായത്ത് 16.10.2019 ന് അനുമതി നൽകി. ഇതനുസരിച്ച് ഈ പ്രവൃത്തികൾ പൂർത്തിയാക്കി. ഈ പ്രവൃത്തികളുടെ ബിൽ തുക 8,29,247 രൂപയാണ്. എന്നാൽ ഇതിനിടയിൽ ഇറിഗേഷൻ വകുപ്പിൽ ചെലവഴിക്കാതെ കിടന്ന 8,45,416 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ സ്പെഷ്യൽ റ്റി.എസ്.ബിയിലേയ്ക്ക് 16.12.2021-ൽ ഇറിഗേഷൻ വകുപ്പ് തിരികെ അടച്ചു. തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന്റെ നിർദ്ദേശ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഈ തുക 23.12.2021-ൽ സർക്കാറിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് അടച്ചു. ജനറേറ്റർ സ്ഥാപിച്ച് അനുബന്ധപ്രവർത്തനം നടത്തിയതിന്റെ മുകളിൽപറഞ്ഞ പ്രകാരമുള്ള ബിൽ തുക (8,29,247) ഇറിഗേഷൻ വകുപ്പിന് നൽകണം. മിച്ചം തുക സർക്കാരിലേയ്ക്ക് തിരികെ അടച്ചതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

79

### 4.63 കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2024-ലെ കത്തും കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.07.2024-ലെ 401039/DPDC02/General/23/1454(1)-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/847/24 – CC/1016/23)

വിഷയം:- VCB നിർമ്മാണത്തിൽ കാലതാമസം വന്നതിനാൽ ഫൈൻ ഈടാക്കുന്നത് ഒഴിവാക്കണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 233/24 | അടങ്കൽ | 45,21,719 രൂപ |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം -11,60,000 രൂപ |
| | | ജില്ലാ പഞ്ചായത്ത് വിഹിതം – 20,00,000 രൂപ |
| | | സി.എഫ്.സി. ടൈഡ് ഗ്രാന്റ് – 13,61,719 രൂപ |
| പേര് | പാറാട് തോട് VCB നിർമ്മാണം | |

കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് 2019-20 വർഷം പാറാട് തോട് VCB നിർമ്മാണം എന്ന പ്രോജക്ട് എടുത്തിരുന്നു. 2021-22, 2022-23 വർഷം ഇത് സ്പിൽഓവറായി തുടർന്നു. VCB നിർമ്മാണം പൂർത്തിയാക്കാൻ വൈകിയതിനാൽ കരാറുകാരൻ നൽകിയ ഫൈനൽ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിരുന്നു. എന്നാൽ പ്രകൃതി ദുരന്തങ്ങൾ മൂലമാണ് കാലതാമസം വന്നത് എന്നതിനാൽ ഈടാക്കിയ പലിശ തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

എസ്.ആർ.ജി.യിൽ നിന്നാവശ്യപ്പെട്ട പ്രകാരം എഗ്രിമെന്റനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതിയും മറ്റു വിവരങ്ങളും നൽകിയിട്ടുണ്ട്.

കരാർ ഉടമ്പടി തീയതി – 04.01.20219
പൂർത്തീകരിക്കേണ്ട തീയതി – 03.01.2020
പ്രവൃത്തി പൂർത്തീകരിച്ചത് – 26.12.2022

2019–ലെ വെള്ളപ്പൊക്കം, 2020–ലെ കൊവിഡ് മൂലമുള്ള ലോക്ക്ഡൗൺ എന്നിവ മൂലമാണ് കാലതാമസമുണ്ടായതെന്നറിയിച്ചിട്ടുണ്ട്.

80 **4.64 മണിമല ഗ്രാമപഞ്ചായത്ത്**

മണിമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.03.2024–ലെ 3(1)–ാം നമ്പർ തീരുമാനം, 27.01.2024–ലെ 5(1) –ാം നമ്പർ തീരുമാനം എന്നിവയും മണിമല ഗ്രാമപഞ്ചായത്ത് സെക്രട്ടറി 05.02.2024–ന് കോട്ടയം തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് നൽകിയ കത്തും അനുബന്ധരേഖകളും (SRG/498/24)

വിഷയം:– മണിമല ഗ്രാമപഞ്ചായത്ത് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് (FIT) ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭിക്കുന്നതു സംബന്ധിച്ച്

മണിമല ഗ്രാമപഞ്ചായത്തിലെ പൊന്തൽപുഴ പട്ടികജാതി നഗറിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നു. പട്ടികജാതി വികസനവകുപ്പാണ് ഇതിനായി വിഹിതം വകയിരുത്തിയത്. വകുപ്പ് നേരിട്ട് 45,19,747 രൂപ ആദ്യം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് (FIT) ഡിപ്പോസിറ്റ് ചെയ്തിരുന്നു. ഇതോടൊപ്പം മണിമല ഗ്രാമപഞ്ചായത്ത് 2012–13 വർഷം 11,64,024 രൂപയും 2013–14 വർഷം 20,00,000 രൂപയും (ആകെ 31,64,024 രൂപ – എസ്.സി.പി വിഹിതം) FIT–ക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നു. 84,55,311 രൂപയാണ് FIT നൽകിയ എസ്റ്റിമേറ്റ്. എന്നാൽ പട്ടികജാതി വികസന വകുപ്പ് ഒരു കോടിയോളം രൂപ ഉപയോഗിച്ച് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തിയാക്കി. അതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിക്കേണ്ടി വന്നില്ല. ഓഡിറ്റ് വിഭാഗം അറിയിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം തിരികെ നൽകണമെന്ന് FITയോട് ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. തുടർന്ന് ഗ്രാമപഞ്ചായത്ത് 31,64,024 രൂപ പലിശ സഹിതം (77,20,218 രൂപ) തിരികെ ലഭിക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു. FIT– ബഹു. ഹൈക്കോടതിയിൽ WP(C) നം 15979 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 16.11.2023 വരെ റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്തു.

കമ്മ്യൂണിറ്റി ഹാളിൽ ഇനിയും ടോയിലറ്റ്, അടുക്കള, ഫർണിച്ചർ എന്നിവ വേണം. FITക്ക് സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ തിരികെ നൽകേണ്ട തുകയിൽ പലിശ ഒഴിവാക്കണമെന്നും 31,64,024 രൂപ ഗഡുക്കളായി നൽകാൻ അനുവദിക്കണമെന്നും FIT ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പലിശ ഒഴിവാക്കുന്നതു സംബന്ധിച്ച് സർക്കാർ അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് FIT യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഒപ്പം സർക്കാർ അനുമതി നൽകുകയാണെങ്കിൽ FIT തിരികെ നൽകേണ്ട മുതൽ തുക ഉപയോഗിച്ച് കമ്മ്യൂണിറ്റി ഹാളിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആയ അടുക്കള, ടോയിലറ്റ് എന്നിവ പൂർത്തിയാക്കി ഫർണിച്ചറുകൾ വാങ്ങി പ്രവർത്തന സജ്ജമാക്കാൻ FIT യെ ചുമതലപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ തീരുമാനം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

81 **4.65 ദി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്**

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാന്റെ 28.06.2024 –ലെ KAICO/Ho/TECH/526/36/2023–24–ാം നമ്പർ കത്തും തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ ഡിപ്പാർട്ട്മെന്റിന്റെ സാക്ഷ്യപത്രവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022–ലെ 4.29–ാം നമ്പർ തീരുമാനവും (SRG/599/24)

വിഷയം:- കുടിവെള്ള ശുദ്ധീകരണം - പരിപാലനം ഇവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് KAICO യെ നേരിട്ട് ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) കുടിവെള്ള ശുദ്ധീകരണ പ്രവൃത്തികൾ നടത്തുന്നുണ്ട്. സ്കൂളുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കൽ, കോളേജുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ വാട്ടർ ATM, വാട്ടർ കിയോസ്കുകൾ, വാട്ടർ ഫിൽറ്റർ പ്ലാന്റുകൾ, വാട്ടർ ഡിസ്പെൻസറുകൾ, വിവിധ ശ്രേണിയിലുള്ള RO പ്ലാന്റുകൾ, ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള ശുദ്ധീകരണ പ്ലാന്റുകൾ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നുണ്ട്. മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ KAICO യെ നേരിട്ട് ഏൽപ്പിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. KAICO യുടെ RO പ്ലാന്റുകളുടെ ഗുണനിലവാരം സംബന്ധിച്ച് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ 14.02.2023-ലെ CHEGECT/2023-ാം നമ്പറായുള്ള ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് KAICO യുടെ RO പ്ലാന്റുകൾ ഗുണനിലവാരമുള്ളതാണ്.

82

## 4.66 തോട്ടം മേഖലയിലെ നിർമ്മാണ പ്രവർത്തനം

ബഹു. പീരുമേട് എം.എൽ.എയുടെ 27.06.2024-ലെ കത്ത് (SRG/672/24)

വിഷയം:- തോട്ടം മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നത് സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങളും എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തോട്ടം മേഖലയിൽ നിർമ്മാണം നടത്തുന്നത് തോട്ടം ഉടമകൾ നൽകുന്ന NOCയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ എസ്റ്റേറ്റ് ഭൂമി സറണ്ടർ ചെയ്താൽ മാത്രമേ നിർമ്മാണ പ്രവർത്തനം നടത്താനും ഈ നിർമ്മിതികൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കാനും കഴിയൂ എന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാകുന്നുള്ളൂ എന്നറിയിച്ചിരിക്കുന്നു. എസ്റ്റേറ്റ് ഉടമകളുടെ NOC യുടെ അടിസ്ഥാനത്തിൽ നിർമ്മാണം നടത്താനും ഈ നിർമ്മിതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ചേർക്കാനും നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

83

## 4.67 തൂണേരി ബ്ലോക്ക് പഞ്ചായത്ത്

ബഹു. നാദാപുരം എം.എൽ.എയുടെ 19.06.2024-ലെ 1338/ekv/ndm/2025 -ാം നമ്പർ കത്തും തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18.06.2024 -ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.04.2023-ലെ 4/1-ാം നമ്പർ തീരുമാനവും (SRG/760/24)

വിഷയം:- വളയം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടത്തിൽ പുതിയ നിർമ്മാണ പ്രവർത്തനത്തിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതു സംബന്ധിച്ച്.

തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലുള്ള വളയം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടത്തിന്റെ മുകളിലത്തെ നില നിർമ്മിക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഇതിനായി 1.00 കോടി രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റായി വകയിരുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചില്ല.

84

## 4.68 തൃത്താല ബ്ലോക്ക്പഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2024-ലെ കത്തും തൃത്താല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 25.06.2024-ലെ HA 238/2022-ാം നമ്പർ കത്തും (SRG/656/24 - CC/382/24)

വിഷയം:- ചെലവഴിക്കപ്പെടാത്ത പദ്ധതി വിഹിതം വിവിധ പ്രോജക്ടുകൾക്കായി ഉപയോഗിക്കാൻ അനുമതി സബന്ധിച്ച്

തൃത്താല ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ട് സൂക്ഷിക്കുന്നതിനായി കേരള ഗ്രാമീൺ ബാങ്ക്, കുറ്റനാട് ശാഖയിൽ 20.01.2005-ൽ അക്കൗണ്ട് ആരംഭിച്ചിരുന്നു. (A/c No. 40290100102515). 17.12.2016 ന ശേഷം ഈ അക്കൗണ്ടിൽ ഇടപാട് നടന്നിട്ടില്ല. 31.05.2024-ലെ കണക്ക പ്രകാരം അക്കൗണ്ടിൽ 18,09,480 രൂപ ബാലൻസ് ഉണ്ട്. ഇതിൽ 10,49,498രൂപ പലിശയായി ലഭിച്ച തുകയും ബാക്കിയുള്ള 7,59,982 രൂപ ചെലവഴിക്കാതെ കിടക്കുന്ന വികസനഫണ്ടുമാണ്.

കഴിഞ്ഞ വർഷം ട്രഷറിയിലെ ക്യൂ ബിൽ തുക 1.20 കോടി രൂപയാണ്. ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ഈ വർഷത്തെ വിഹിതത്തിൽ നഷ്ടപ്പെടും. ഒപ്പം 2023-24-ൽ ജനറൽ പർപ്പസ് ഗ്രാന്റിന്റെ ഗഡുവും കിട്ടാനുണ്ട്. അതിനാൽ വിവിധ പ്രോജക്ടുകൾക്ക് വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ 18,09,480 രൂപ വാർഷിക പദ്ധതിയിലെ വിവിധ പ്രോജക്ടുകൾക്ക് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

85

### 4.69 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.05.2024-ലെ കത്ത് (SRG/ 505/24, SRG/480/24)

വിഷയം:- മണ്ണ് സംരക്ഷണ പദ്ധതികളുടെ നിർവ്വഹണവും ടെണ്ടറിങ്ങും സംബന്ധിച്ച്

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് മണ്ണ സംരക്ഷണ പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. ജില്ലാ മണ്ണ സംരക്ഷണ ഓഫീസർ ആണ് ഈ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. 08.01.2021-ലെ 3/2021/Agri നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് 15.00 ലക്ഷം രൂപവരെയുള്ള പദ്ധതികൾ മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രോജക്ട് നിർവ്വഹണം നടത്തുന്നതിന് അനുമതിയുള്ളൂ. അതിനാൽ ജില്ലാ പഞ്ചായത്തുകളുടെ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് തടസ്സമുണ്ടാകുന്നു. ഈ സാഹചര്യത്തിൽ 15.00 ലക്ഷത്തിലധികം അടങ്കൽ തുകയുള്ള പ്രോജക്ടുകളും ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ തന്നെ ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്താൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

86

### 4.70 കൺസ്യൂമർഫെഡ്

കൺസ്യൂമർഫെഡ് മാനേജിംഗ് ഡയറക്ടറുടെ 07.02.2024-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ ഖണ്ഡിക 4.76-ാം നമ്പർ തീരുമാനവും സർക്കാരിന്റെ 06.06.2024-ലെ DA1/307/2023/തസ്വഭവ നമ്പർ തീരുമാനവും (SRG 533/24, SRG/540/24)

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ കൺസ്യൂമർഫെഡിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച്

സർക്കാർ ഉത്തരവ് പ്രകാരം പർച്ചേസ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഇ-ടെണ്ടർ നടപടിയിലൂടെയാണ് കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങുന്നത്. അതിനാൽ മറ്റൊരു ടെണ്ടർ നടപടിയില്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ആവശ്യമായ എല്ലാ സാധനങ്ങളും നേരിട്ട് വാങ്ങാൻ കഴിയുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ കൺസ്യൂമർ ഫെഡിനെ ഉൾപ്പെടുത്തണമെന്ന് കൺസ്യൂമർഫെഡ് ചെയർമാൻ ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗം പരിഗണിക്കുകയും കൺസ്യൂമർ ഫെഡ് ഏതൊക്കെ സാധനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കി നൽകാൻ യോഗം കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

താഴെപ്പറയുന്ന ഉല്പന്നങ്ങളാണ് കൺസ്യൂമർഫെഡ് വിതരണം ചെയ്യുന്നതെന്ന് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(i) നിത്യോപയോഗ സാധനങ്ങളും കോസ്മെറ്റിക് സാധനങ്ങളും
(ii) നോട്ട് ബുക്കുകൾ ഉൾപ്പെടെയുള്ള സ്കൂൾ, ഓഫീസ്, സ്റ്റേഷനറി ഉല്പന്നങ്ങൾ
(iii) ജീവൻ രക്ഷാ മരുന്നുകൾ, വെറ്ററിനറി മരുന്നുകൾ, മെഡിക്കൽ ഉല്പന്നങ്ങൾ

(iv) ഫർണിച്ചറുകൾ, മറ്റ് അനുബന്ധ ഉല്പന്നങ്ങൾ
(v) CDS നും ICDS നും ആവശ്യമായ കിറ്റുകൾ, ഭക്ഷ്യ ഉല്പന്നങ്ങൾ

ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ/ക്വട്ടേഷൻ ഒഴിവാക്കി കൺസ്യൂമർ ഫെഡിൽ നിന്ന് മുകളിൽപറഞ്ഞ സാധനങ്ങൾ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.
എന്നാൽ സ്റ്റോർപർച്ചേസ് മാന്വലിന്റെ 9.22, 9.23 ഖണ്ഡികകൾ ബാധകമായിട്ടുള്ള Annexure-16 ലെ സാധനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ ഉല്പാദന വ്യവസായ സ്ഥാപനങ്ങളുടെ പരിധിയിൽ കൺസ്യൂമർഫെഡ് ഉൾപ്പെടുന്നില്ലെന്ന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡ് സ്വന്തമായി ഉൽപാദിപ്പിക്കുന്നതും ഇടനിലക്കാരായി പ്രവർത്തിച്ച് വിതരണം നടത്തുന്നതുമായ ഉല്പന്നങ്ങൾക്കായി ടെണ്ടർ/ക്വട്ടേഷൻ ഇളവ് അനുവദിക്കുന്ന കാര്യം മാന്വൽ പ്രകാരം പരിഗണിക്കാൻ കഴിയില്ല എന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

87

**4.71 വേങ്ങര ഗ്രാമപഞ്ചായത്ത്**

ബഹു. വേങ്ങര എം.എൽ.എ.യുടെ 26.07.2024-ലെ കത്തും വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.07.2024-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG/ 729/24, SRG/805/24 – CC/442/2024)

വിഷയം:- വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് വാടകരഹിത കെട്ടിടം നൽകുന്നത് സംബന്ധിച്ച്

വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. വാടക കുടിശ്ശിക വരുത്തിയതിനാൽ അവിടെ നിന്ന് ഒഴിയണമെന്ന് ഉടമ ആവശ്യപ്പെട്ടിരിക്കുന്നു. പുതിയതായി നിർമ്മിക്കുന്ന വേങ്ങര റവന്യൂ ടവറിൽ വേങ്ങര ഉപവിദ്യാഭ്യാസ ഓഫീസിന് സ്ഥലം അനുവദിക്കുമെന്ന് ബഹു. വേങ്ങര എം.എൽ.എ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റവന്യൂടവർ പൂർത്തിയാകുംവരെയോ പരമാവധി 3 വർഷക്കാലയളവിലേയ്ക്കോ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വേങ്ങര ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് വാടക രഹിതമായി സ്ഥലം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

88

**4.72 കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്**

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറിയുടെ 19.09.2024-ലെ കത്ത് (SRG/ 891/24)

വിഷയം:- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ സെയിൽസ് ഔട്ട് ലറ്റുകൾക്ക് മുറി അനുവദിച്ച് നൽകണമെന്നു സംബന്ധിച്ച്

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ സെയിൽസ് ഔട്ട് ലറ്റുകൾ പ്രവർത്തിക്കുന്നതിന് താഴെപ്പറയുന്ന നഗരസഭകളിൽ സ്ഥലം അനുവദിച്ചു നൽകാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**1)** കാഞ്ഞങ്ങാട് നഗരസഭയുടെ പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ട് മുറി
**2)** കരുനാഗപ്പള്ളി നഗരസഭ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ വ്യാപാര സ്ഥാപനങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന സ്ഥലത്തിൽ നിന്നും 1000 ചതുരശ്ര അടി മുറി.

89

**4.73 മുതുതല ഗ്രാമപഞ്ചായത്ത്**

മുതുമല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.09.2023-ലെ 400759/DGPM06/GPO/2023/4316(1)-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 949/24)

വിഷയം:- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

മുതുമല ഗ്രാമപഞ്ചായത്തിൽ ശ്രീ. ഷിഹാബുദ്ദീൻ, S/O കുരുവാട്ടിൽ മൊയ്തുണ്ണി എന്ന വ്യക്തി 75 ശതമാനം ഭിന്നശേഷിക്കാരനാണ്. കുടുംബരേഷൻ കാർഡിൽപ്പെട്ട മറ്റൊരംഗത്തിന് വീടുള്ളതിനാൽ ലൈഫ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ടു. ഈ വ്യക്തിക്ക് 10 സെന്റ് സ്ഥലം

സ്വന്തമായുണ്ട്. ഭിന്നശേഷിക്കാരനായ ശ്രീ.ഷിഹാബുദ്ദീന് വീട് നിർമ്മിച്ച നൽകാൻ പ്രത്യേകാനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

90

**4.74 കാലടി ഗ്രാമപഞ്ചായത്ത്**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 860/24 - CC/445/2024)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കാലടി ഗ്രാമപഞ്ചായത്തിലെ ശ്രീ.അഷറഫ് കുതിരപ്പറമ്പിൽ എന്ന വ്യക്തി 2020-ലെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ക്രമനമ്പർ 4 ആയി ഉൾപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി ഉൾപ്പെട്ട റേഷൻകാർഡിലുള്ള അപേക്ഷകന്റെ പിതാവായ മുഹമ്മദ് കുതിരപ്പറമ്പിൽ എന്ന വ്യക്തിക്ക് സ്വന്തമായി വീടുണ്ട്. അതിനാൽ ശ്രീ.അഷറഫിന് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച നൽകാൻ കഴിയുന്നില്ല. വാർദ്ധക്യസഹജമായ അസുഖങ്ങളുള്ള മാതാവും വൃക്കരോഗിയായ സഹോദരനും ഈ കുടുംബത്തിലുണ്ടെന്നും ഈ വ്യക്തിക്ക് മാനസികാരോഗ്യ പ്രശ്നമുള്ളതിനാൽ ജോലിക്ക് പോകാൻ കഴിയില്ല എന്നും അറിയിച്ചിട്ടുണ്ട്. ഈ വ്യക്തിക്ക് വീട് നിർമ്മിച്ച നൽകാൻ ധനസഹായം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

91

**4.75 കൊടുവള്ളി നഗരസഭ**

കോഴിക്കോട് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 28.09.2024-ലെ LSGD/JD/KKD/7315/24-B നമ്പർ കത്തും കൊടുവള്ളി നഗരസഭയിലെ 14-ാം വാർഡ് കൗൺസിലറുടെ 25.09.2024-ലെ കത്തും അനുബന്ധരേഖകളും (SRG/925/24)

വിഷയം:- കൊടുവള്ളി നഗരസഭയ്ക്ക് റ്റി.എസ്.പി. വിഹിതം അനുവദിക്കണമെന്നു സംബന്ധിച്ച്

കൊടുവള്ളി നഗരസഭയ്ക്ക് മുൻവർഷങ്ങളിൽ റ്റി.എസ്.പി. വിഹിതം അനുവദിച്ചിരുന്നു. എന്നാൽ 2021-22 മുതൽ നഗരസഭയ്ക്ക് റ്റി.എസ്.പി. വിഹിതം അനുവദിച്ചിട്ടില്ല. നഗരസഭയിൽ ആകെ 367 പട്ടികവർഗ്ഗക്കാർ താമസിക്കുന്നുണ്ട്. രണ്ട് പട്ടികവർഗ്ഗ നഗറുകൾ ഉണ്ട്. കരിവല്ലിക്കാവ് പട്ടിക വർഗ്ഗ നഗറിൽ 97 പട്ടികവർഗ്ഗ കുടുംബങ്ങളും (255 പേർ) പൂവ്വറമ്മൽ പട്ടികവർഗ്ഗ നഗറിൽ 14 പട്ടികവർഗ്ഗ കുടുംബവും (36 പേർ) താമസിക്കുന്നുണ്ട്. ഇതു പരിഗണിച്ച് കൊടുവള്ളി നഗരസഭയ്ക്ക് പട്ടികവർഗ്ഗ ജനസംഖ്യയ്ക്ക് അനുസൃതമായി റ്റി.എസ്.പി. വിഹിതം അനുവദിച്ച നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

92

**4.76 കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.2024-ലെ കത്തും ലൈഫ് മിഷൻ കോഴിക്കോട് ജില്ലാ മിഷൻ കോഓർഡിനേറ്ററുടെ 21.10.2023-ലെ C - 1919/23/ലൈഫ് നമ്പർ കത്തും കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.04.2024-ലെ 4-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/705/24 - CC/420/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ച നൽകുന്നത് സംബന്ധിച്ച്

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ ശ്രീമതി.ഫാത്തിമ, കോട്ടുപ്പാറമ്മൽ എന്ന വ്യക്തിയുടെ റേഷൻ കാർഡിൽ ഉൾപ്പെട്ട മകന് വീടുള്ളതിനാൽ ശ്രീ.ഫാത്തിമയെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ വീടുള്ള മകന്റെ പേര് റേഷൻ കാർഡിൽ നിന്നും നീക്കം ചെയ്തു. ശ്രീമതി ഫാത്തിമയും മാനസിക വൈകല്യമുള്ള മകനും മാത്രമാണ് റേഷൻ കാർഡിലുള്ളത്. ഈ കുടുംബത്തിന് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി വീടു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

93

**4.77 മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.07.2024-ലെ കത്തും മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.05.2024-ലെ SC1-1024/23-ാം നമ്പർ കത്തും കാസർഗോഡ് മെഡിക്കൽ അതോറിറ്റി നൽകിയ 18.03.2020-ലെ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും (SRG/686/24 - CC/384/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ ശ്രീമതി.തസ്റീഫ, D/o മൊയ്തീൻ എന്ന വ്യക്തി ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ 228-ാം നമ്പർ ആയി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അർഹതാ പുനപരിശോധനാ സമയത്ത് ഈ വ്യക്തി ഉൾപ്പെട്ട കുടുംബറേഷൻ കാർഡിൽ ഉള്ള ശ്രീമതി തസ്റിഫയുടെ മാതാവിന് സ്വന്തമായി വീടുണ്ട് എന്ന് കണ്ടെത്തി. അതിനാൽ ഇവർക്ക് മാനദണ്ഡ പ്രകാരം വീട് ലഭിക്കാൻ അർഹതയില്ല. ഇപ്പോൾ ശ്രീമതി.തസ്റിഫ ഗൃഹനാഥയായി വേറെ റേഷൻകാർഡുണ്ട്. ഈ വ്യക്തിയുടെ രണ്ട് മക്കളിൽ ഒരാൾക്ക് സെറിബൽ പാൾസി ബാധിച്ച് മാനസിക വെല്ലുവിളി നേരിടുന്നതാണ്. ഇത് പരിഗണിച്ച് ഈ കുടുംബത്തിന് വീട് നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

94

**4.78 <u>കുടാളി ഗ്രാമപഞ്ചായത്ത്</u>**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2024 -ലെ കത്തും കുടാളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.07.2024-ലെ A1 - 3213-ാം നമ്പർ കത്തും കുടാളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.06.2024-ലെ 4-ാം നമ്പർ തീരുമാനവും (SRG/797/24 - CC/409/24)

വിഷയം:- ലൈഫ് ഭവന പദ്ധതിയിൽ വീട് നൽകണമെന്നതു സംബന്ധിച്ച്

കുടാളി ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ താമസിക്കുന്ന ശ്രീമതി. പുഷ്പവല്ലി, കെ.വി. കിഴക്കേവീട്ടിൽ കോവൂർ എന്ന വ്യക്തിക്ക് വാസയോഗ്യമായ വീടില്ല. താൽക്കാലിക ഷെഡ്ഡിലാണ് ഈ വ്യക്തിയും ഭർത്താവും വിദ്യാർത്ഥിയായ മകനും താമസിക്കുന്നത്. ശ്രീമതി. പുഷ്പവല്ലിയും ഭർത്താവും ക്യാൻസർ ബാധിതരാണ്. ഇവരുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

95

**4.79 <u>വടക്കാഞ്ചേരി നഗരസഭ</u>**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.08.2024-ലെ കത്തും വടക്കാഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 29.05.2024-ലെ G3 - 9235/19-ാം നമ്പർ കത്തും വടക്കാഞ്ചേരി നഗരസഭാ കൗൺസിലിന്റെ 29.04.2024-ലെ 18-ാം നമ്പർ തീരുമാനവും (SRG 875/24-CC/366/24).

വിഷയം:- PMAY (G) ലിസ്റ്റില്ലാത്തിനാൽ അർഹതയുള്ള മറ്റു ഗുണഭോക്താക്കൾക്ക് വീടു നൽകുന്നത് സബന്ധിച്ച്

വടക്കാഞ്ചേരി നഗരസഭയിൽ PMAY (U) പദ്ധതിയിൽ 2017 മുതൽ ഇതുവരെ 1606 കുടുംബങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 1182 ഭവന നിർമ്മാണം പൂർത്തിയാക്കി. 424 ഭവനങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി വിവിധ പദ്ധതികളിലായി 343 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 160 ഭവനങ്ങൾ പൂർത്തിയായി. 183 എണ്ണത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. പുതിയ ലിസ്റ്റ് വന്നിട്ടില്ല. ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ നിന്ന് വിവിധ കാരണങ്ങളാൽ നീക്കം ചെയ്ത 161 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കി. ഇതിൽ നിന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 സെന്റിൽ താഴെ ഭൂമിയുള്ള ലൈഫ് മാനദണ്ഡങ്ങൾ പാലിക്കുന്ന ഭവന രഹിതരായ 100 ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് 2024-25, 2025-26 വർഷങ്ങളിലായി 4.00 ലക്ഷം രൂപ വീതം എസ്.സി.പി. ഫണ്ടിൽ നിന്ന് അനുവദിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

96

**4.80 <u>കൊണ്ടോട്ടി നഗരസഭ</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.08.2024-ലെ കത്തും കൊണ്ടോട്ടി നഗരസഭാ സെക്രട്ടറിയുടെ 14.11.2024-ലെ G4(E2) - 5934/22-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 879/24 - CC/411/24)

വിഷയം:- വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച്

കൊണ്ടോട്ടി നഗരസഭയില് 7-ാം വാർഡിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.അമാരൻ സുബ്രഹ്മണ്യൻ താമസിക്കുന്ന ഈന്തുംകുഴി ഭാഗം ചെങ്കുത്തായ അപകടാവസ്ഥയിലുള്ള പ്രദേശമാണ്. ഈ ഗുണഭോക്താവ് വീടിന്റെ തറ നിർമ്മാണം പൂർത്തിയാക്കി. വീടിന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷന് പരാതി നൽകിയിരുന്നു. എത്രയും പെട്ടെന്ന് സംരക്ഷണഭിത്തി നിർമ്മിച്ചു നൽകണമെന്ന് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ 25.03.2022-ൽ ഉത്തരവായിട്ടുണ്ട്. രണ്ടു സൈഡുകളിലായുള്ള സംരക്ഷണഭിത്തി പൊളിച്ച് 40 മീറ്റർ ഭിത്തി പുനർ നിർമ്മിക്കുന്നതിന് ആകെ 12.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുണ്ട്. ഈ വ്യക്തിക്ക് 15.5 സെന്റ് സ്ഥലമുണ്ട്. നഗരസഭയുടെ എസ്.സി.പി ഫണ്ടുപയോഗിച്ച് ഈ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

97

## 4.81 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.09.2024-ലെ കത്തും കാസർഗോഡ് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 29.12.2023-ലെ 42/1-ാം നമ്പർ തീരുമാനവും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.11.2024-ലെ B1 - 1318/23-ാം നമ്പർ കത്തും 26.10.2024-ലെ 2043/2024/LSGD നമ്പർ സർക്കാർ ഉത്തരവും (SRG/883/24 - CC/535/24)

വിഷയം:- റോഡ് നിർമ്മാണത്തിനു സ്ഥലം വിട്ടു നൽകിയ വ്യക്തികൾക്ക് പകരം സ്ഥലവും വീടും നൽകുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 280/25 | അടങ്കൽ | 10,00,000 രൂപ |
| | | തനത് ഫണ്ട് |
| പേര് | നീലിമല - പെരിങ്കയ റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തിക്ക് സ്ഥലം വിട്ടു നൽകിയ വ്യക്തിക്ക് നഷ്ടപരിഹാരം നൽകൽ. | |

കാസർഗോഡ് ജില്ലാ പഞ്ചായത്ത് 2023-24 വർഷം പെരിങ്കയ റോഡ് പുനരുദ്ധാരണത്തിന് പ്രോജക്ട് എടുത്തിരുന്നു. റോഡ് നിർമ്മാണത്തിനായി ശ്രീ. രാജേഷ് എം.കെ, ശ്രീ. എല്യമ്പൻ എന്നിവർ 3 സെന്റ് സ്ഥലം വീതം സൗജന്യമായി വിട്ടു നൽകി. ഈ കുടുംബങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതാണ്. റോഡ് കട്ടിംഗ് കഴിഞ്ഞപ്പോൾ ഇവരുടെ സ്ഥലം ഉയരത്തിലായതിനാൽ മണ്ണിടിച്ചിൽ ഭീഷണിയുണ്ട്. ഇതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 1.00 കോടി രൂപയോളം ചെലവു വരും. അതിനാൽ മുകളിൽ പറഞ്ഞ രണ്ടു കുടുംബത്തിന് സുരക്ഷിതമായ വേറെ പ്രദേശത്ത് സ്ഥലം വാങ്ങി വീടു വച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരുന്നു.

സർക്കാരിന്റെ 26.10.2024-ലെ 2043/2024/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മുകളിൽ പറഞ്ഞവരിൽ ശ്രീ.രാജേഷ് എം.കെ.യുടെ നിലവിലുള്ള വീടും സ്ഥലവും പഞ്ചായത്തിലേയ്ക്ക് സറണ്ടർ ചെയ്ത് പുതിയ സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിന് കള്ളാർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി. ഇതിനുള്ള ഫണ്ട് കാസർഗോഡ് ജില്ലാപഞ്ചായത്തിൽ നിന്ന് അനുവദിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതുപോലെ സ്ഥലം വിട്ടു നൽകിയ ശ്രീ.എല്യമ്പനും സ്ഥലം വാങ്ങി വീടു വയ്ക്കാൻ ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

98

## 4.82 കൊല്ലം ജില്ലാ പഞ്ചായത്ത്

കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2024-ലെ CA1/2024 -ാം നമ്പർ കത്തും കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04.05.2024-ലെ A6 - 6296/2022 -ാം നമ്പർ കത്തും സർക്കാരിന്റെ 01.11.2024-ലെ DE1/257/2024 - LSGD നമ്പർ ഫയലും (SRG/1038/24 - DE1/257/2024 - LSGD)

വിഷയം:- ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

കൊല്ലം ജില്ലയിൽ കരിപ്ര ഗ്രാമപഞ്ചായത്തിലും ഇടുക്കി ജില്ലയിൽ പീരുമേട് ഗ്രാമപഞ്ചായത്തിലും ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് വീട് നിർമ്മിച്ചു നൽകാൻ ഭവന നിർമ്മാണ വകുപ്പ് 7.20 കോടി രൂപയുടെ ഭരണാനുമതി 22.07.2023 ന് നൽകിയിട്ടുണ്ട്. ഓരോ വീടിനുമുള്ള യൂണിറ്റ് ചെലവിന്റെ 60 ശതമാനം ഗുണഭോക്താവും (തദ്ദേശഭരണ സ്ഥാപനം) 40 ശതമാനം ഹൗസിംഗ് ബോർഡുമാണ് വഹിക്കുന്നത്. ഒരു വീടിന്റെ യൂണിറ്റ് ചെലവ് 9.60 ലക്ഷമായിട്ടാണ് ഹൗസിംഗ് ബോർഡ് നിശ്ചയിച്ചിരിക്കുന്നത്.

ഇതിന്റെ ഭാഗമായി കൊല്ലം ജില്ലാപഞ്ചായത്ത് അതിദരിദ്ര വിഭാഗത്തിൽപ്പെട്ട 75 പേർക്ക് വീടു നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നു. ഗുണഭോക്താക്കളിൽ 50 പേർ പൊതുവിഭാഗത്തിൽപ്പെട്ടവരും 25 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമാണ്. ഒരു വീടിന് 5.76 ലക്ഷം രൂപ ജില്ലാ പഞ്ചായത്തും 3.84 ലക്ഷം രൂപ ഹൗസിംഗ് ബോർഡും നൽകും. ഹൗസിംഗ് ബോർഡാണ് വീട് നിർമ്മിച്ചു നൽകുന്നത്. ഇതിന്റെ ഭാഗമായി ഒരു വീടിന് 5.76 ലക്ഷം രൂപ നിരക്കിൽ ജില്ലാ പഞ്ചായത്ത് ഹൗസിംഗ് ബോർഡിന് തുക കൈമാറി. ആകെ 4.32 കോടി രൂപയാണ് KSHBക്ക് അടച്ചത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം 4.00 ലക്ഷം രൂപയാണ് ഒരു വീടിന് നൽകാവുന്ന ധനസഹായം. ഇതു ചൂണ്ടിക്കാണിച്ച് ഓഡിറ്റ് വിഭാഗം തടസ്സം പറഞ്ഞതിനാൽ വീട് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. എന്നാൽ സർക്കാരിൽ നിന്ന് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ലഭിച്ചു എന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചതനുസരിച്ച് പദ്ധതി നടപ്പാക്കാവുന്നതാണെന്ന് ഓഡിറ്റ് വിഭാഗം അറിയിച്ചിട്ടുണ്ട്. 'സ്വപ്നക്കൂട്' എന്ന ഈ ഭവന പദ്ധതിക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് 5.76 ലക്ഷം രൂപ വീതം ഒരു വീടിന് ചെലവഴിക്കാൻ (ഒരു വീടിന് ആകെ 9.60 ലക്ഷം രൂപ) അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. വീടു നിർമ്മാണത്തിന് ഉയർന്ന നിരക്ക് നൽകുന്നത് സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിന്റെ 23.02.2023-ലെ 59/2023/SHG നമ്പർ പ്രകാരം നൽകിയ ഭരണാനുമതി ഉത്തരവിൽ ഭവന നിർമ്മാണത്തിനുള്ള ധനസഹായം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസൂത്രണ മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധന ഒഴിവാക്കുന്നതിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് ഹൗസിംഗ് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

99

**4.83 ലൈഫ് മിഷൻ - കൊപ്പം ഗ്രാമപഞ്ചായത്ത്**

ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12.08.2024-ലെ 4446/CC/2019/ലൈഫ് നമ്പർ കത്ത്. (SRG/790/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് അനുവദിക്കുന്നത് സംബന്ധിച്ച്

പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ ശ്രീമതി.ബിന്ദുവും മകളും താമസിക്കുന്ന ഭവനം അതിജീർണ്ണാവസ്ഥയിലുള്ളതാണ്. ശ്രീമതി. ബിന്ദു PMAY ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതിനാൽ ലൈഫ് ലിസ്റ്റിൽ അപേക്ഷ നൽകിയിരുന്നില്ല. ശ്രീമതി. ബിന്ദു കാഴ്ചശക്തിയില്ലാത്തതും 25 വയസ്സുള്ള മകൾ ബിനിഷ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തിയുമാണ്. ഭർത്താവ് ഉപേക്ഷിച്ചു. 2021-22 സാമ്പത്തിക വർഷത്തിനു ശേഷം PMAY(G) യിൽ ടാർജറ്റ് അനുവദിക്കാതിരുന്നതിനാൽ ഈ ലിസ്റ്റിലുള്ളവർക്ക് വീടിനു ധനസഹായം നൽകാൻ കഴിഞ്ഞില്ല. ഈ കുടുംബത്തിന് വളരെ പരിതാപകരമായ സാഹചര്യമായിതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭവനനിർമ്മാണത്തിനു ധനസഹായം നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിരിക്കുന്നു.

100

**4.84 വാമനപുരം ബ്ലോക്ക് പഞ്ചായത്ത്**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2024-ലെ കത്ത് (SRG/912/24 - CC/ 530/24)

വിഷയം:- PMAY ഗുണഭോക്താവിന് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കല്ലറ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. മനില.സി, അൻസി ഭവൻ, ചെറുവാളം എന്ന വ്യക്തി PMAY(G) പട്ടികജാതി വിഭാഗം ഗുണഭോക്തൃ ലിസ്റ്റിൽ 8-ാം നമ്പറായി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വ്യക്തി പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടതല്ലാത്തിതിനാൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ കഴിയില്ല. അതിനാൽ ഇവർ PMAY(G) ഓംബുഡ്സ്മാൻ മുമ്പാകെ അപേക്ഷ നൽകി. IAY/PMAY അക്കൗണ്ടിൽ പലിശയിനത്തിൽ ബാക്കിയുള്ള തുകയിൽ നിന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

101 **4.85 <u>ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2024, 12.09.2024 എന്നീ തീയതികളിലെ കത്തുകളും (2എണ്ണം) ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.07.2024-ലെ 1(4) -ാം നമ്പർ തീരുമാനവും (SRG/ 918/24 - CC/478/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. പ്രീത.വി, ബീനാ ഭവൻ മരങ്ങാട് എന്ന വ്യക്തി താമസിക്കുന്ന വീട് ശോചനീയാവസ്ഥയിലുള്ളതാണ്. ഇവർ ക്യാൻസർ രോഗിയും ഭർത്താവ് ഉപേക്ഷിച്ചതുമായ വ്യക്തിയാണ്. ലൈഫ് ഭവന ലിസ്റ്റിൽ ക്രമനമ്പർ 534 ആയാണ് ഇവർ ഉൾപ്പെട്ടിരിക്കുന്നത്. ഇവർക്ക് 2024-25 വർഷം വീട് നൽകാൻ കഴിയുംവിധം മുൻഗണനാക്രമം പുനഃക്രമീകരിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

102 4.**86 <u>വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്</u>**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.09.2024-ലെ കത്തും വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.08.2024-ലെ 4(1)-ാം നമ്പർ തീരുമാനവും (SRG/ 909/24 - CC/510/24)

വിഷയം:- ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നൽകുന്നത് സംബന്ധിച്ച്

വെട്ടത്തൂർ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീമതി. ബിന്ദു ഇല്ലിക്കലും കുടുംബവും അതിദരിദ്രരുടെ ലിസ്റ്റിൽ (EPIP27924) ഉൾപ്പെട്ടതാണ്. ലൈഫ് ലിസ്റ്റിൽ ഇവരുടെ ക്രമനമ്പർ 259 ആണ്. ഇവരുടെ ഭർത്താവ് വീണ് പരിക്ക് പറ്റിയതുമൂലം ജോലി ചെയ്യാൻ ശേഷിയില്ലാത്ത വ്യക്തിയാണ്. സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ഇവർക്ക് വീട്ടു നിർമ്മാണം ആരംഭിക്കുകയും വാർപ്പ് വരെ പൂർത്തിയാകുകയും ചെയ്തു. ഇനി തുക സംഭരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ നിർമ്മാണം നിർത്തി വച്ചു. അതിദരിദ്ര കുടുംബം എന്ന നിലയിൽ പ്രത്യേക പരിഗണന നൽകി ലൈഫ് ഭവന സഹായമായ 4.00 ലക്ഷം രൂപ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

103 **4.87 <u>പിണറായി ഗ്രാമപഞ്ചായത്ത്</u>**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.2024-ലെ കത്ത് (SRG/869/24 - CC/477/24)

**വിഷയം:-** ലൈഫ് ഭവന പദ്ധതി- വായ്പാതുക ലഭ്യമാക്കുന്നതു സംബന്ധിച്ച്

പിണറായി ഗ്രാമപഞ്ചായത്തിൽ വീട്ടു നിർമ്മാണം പൂർത്തിയാക്കിയവർക്ക് ഹഡ്കോ ലോൺ വിഹിതം ലഭിക്കാത്തതിനാൽ അർഹമായ ഗഡുക്കൾ നൽകാൻ കഴിയുന്നില്ല. ആയതിനാൽ വീട്ടു നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രോജക്ടിൽ വകയിരുത്തിയിരിക്കുന്ന മറ്റ് വിഹിതം ഉപയോഗിച്ച് ഗഡു അനുവദിക്കാനും ഹഡ്കോ ലോൺ ലഭ്യമാകുന്ന മുറയ്ക്ക് വീട് നിർമ്മാണം പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് അടുത്ത ഗഡുക്കൾ അനുവദിക്കാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

104

## 4.88 തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം

തദ്ദേശസ്വംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.11.2024-ലെ LSGD/PD/61109/2023/DB5 -ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 1067/24)

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച്.

പതിനാലം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022, സ.ഉ.(കൈ) നം.86/2022/തസ്വഭവ തീയതി 19.04.2022) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന നിർമ്മാണ പ്രവൃത്തികൾ നിർബന്ധമായും ഇ-ടെണ്ടർ മുഖേനയായിരിക്കണം നടത്തേണ്ടത്. ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയോ സാധാരണ ടെണ്ടർ മുഖേനയോ ഗുണഭോക്തൃ സമിതി മുഖേനയോ നടപ്പാക്കാവുന്നതാണ്. ധനവകുപ്പിന്റെ 17.06.2022-ലെ 66/2022/ധന ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തുകയുടെ പരിധിയില്ലാതെ എല്ലാ മരാമത്ത് പ്രവൃത്തികളെയും ഇ-ടെണ്ടർ പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 22.11.2022 -ലെ 204/2022/ധന നമ്പർ ഉത്തരവ് പ്രകാരം 5.00 ലക്ഷത്തിൽ താഴെ അടങ്കൽ തുക വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ 2023 മാർച്ച് 31 വരെ ഇ-ടെണ്ടർ നടപടിയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഈ കാലപരിധി കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 01.04.2023 മുതൽ എല്ലാ പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കാൻ 04.04.2023-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കുലർ നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ടെണ്ടർ, ഇ- ടെണ്ടർ ഗുണഭോക്തൃ സമിതി മുഖേന ചെയ്യാമെന്ന് നിർദ്ദേശം ഉള്ളതിനാൽ ധനവകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായി പല തദ്ദേശഭരണ സ്ഥാപനങ്ങളും ഗുണഭോക്തൃ സമിതികൾ മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്നതിന്മേൽ വ്യക്തത വരുത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

105

## 4.89 ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 11.09.2024-ല കത്തും ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.05.2023-ലെ 25-ാം നമ്പർ തീരുമാനവും. (SRG/888/24 - CC/524/24)

വിഷയം:- 2021-22-ൽ നടപ്പാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് നടത്തുന്നത് സംബന്ധിച്ച്

ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം താഴെപ്പറയുന്ന 10 നിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. സുലേഖയിൽ ഈ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം രേഖപ്പെടുത്തിയെങ്കിലും ഇവയ്ക്ക് നൽകേണ്ട ടെണ്ടർ എക്സസ് നൽകിയിരുന്നില്ല. 10 പ്രവൃത്തികളുടെ ആകെ ടെണ്ടർ എക്സസ് തുക 2,08,995 രൂപയാണ്. ഈ തുക നൽകാൻ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി തേടിയപ്പോൾ ഓരോ പ്രോജക്ടുകളും സ്പിൽ ഓവറായി സമർപ്പിക്കാൻ ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചു. പൂർത്തീകരണപത്രം രേഖപ്പെടുത്തിയ തിനാൽ സ്പിൽഓവർ പ്രോജക്ടായി എടുക്കാൻ സാങ്കേതികമായി കഴിയില്ല. ഇവ സ്പിൽ ഓവറായി ഉൾപ്പെടുത്തി കരാറുകാരന് ടെണ്ടർ എക്സസ് നൽകാൻ അനുമതി ആവശ്യപ്പട്ടിരിക്കുന്നു. പ്രവൃത്തിയുടെ പേരും ടെണ്ടർ എക്സസ്സ് തുകയും താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | വിഹിതം | ടെണ്ടർ എക്സസ് |
|---|---|---|---|
| 1 | ചെല്ലേടത്തു ഭാഗം റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 24,667 രൂപ |
| 2 | ശോശ ITC അങ്കണവാടി റോഡ് | “ | 24,763 രൂപ |
| 3 | അങ്കണവാടി കരുവാട്ടിൽ റോഡ് | “ | 24,178 രൂപ |

| | | | |
|---|---|---|---|
| 4 | കാവുങ്കൽ കോപ്പുഴ റോഡ് ടാറിംഗ് | “ | 7,765 രൂപ |
| 5 | പുതുപള്ളിക്കാവ് കൊട്ടകാളിക്കൽ റോഡ് | “ | 18,210 രൂപ |
| 6 | ചെങ്ങണ്ട SNDP റോഡ് ടാറിംഗ് | “ | 23,760 രൂപ |
| 7 | തൈക്കൂട്ടത്തിൽ റോഡ് ടാറിംഗ് | “ | 16,347 രൂപ |
| 8 | തിരുനെല്ലൂർ കായൽ റോഡ് ടാറിംഗ് | “ | 20,700 രൂപ |
| 9 | പനവേലിൽ നികർത്തിൽ റോഡ് ടാറിംഗ് | “ | 24,058 രൂപ |
| 10 | കോപ്പായി സ്വാഗതം റോഡ് ടാറിംഗ് | “ | 24,547 രൂപ |

106

## 4.90 കളമശ്ശേരി നഗരസഭ

കളമശ്ശേരി നഗരസഭാ ചെയർപേഴ്സന്റെ 04.09.2024-ലെ കത്ത് (SRG/854/24)

വിഷയം:- കളമശ്ശേരി നഗരസഭയ്ക്ക് ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച്

കളമശ്ശേരി നഗരസഭയുടെ നിലവിലെ ആംബുലൻസ് ഉപയോഗശൂന്യമായതിനാൽ 21.00 ലക്ഷം രൂപ മുടക്കി പുതിയ ആംബുലൻസ് വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ആംബുലൻസിന് 13 വർഷം പഴക്കമുണ്ട്. റിപ്പയർ ചെയ്യാൻ വലിയ തുകയാകും. മുനിസിപ്പാലിറ്റി നേരിട്ടാണ് ആംബുലൻസിന്റെ പ്രവർത്തനം നിയന്ത്രിച്ചിരുന്നത്.

107

## 4.91 ചെന്നിത്തല തൃപ്പെരുന്തറ ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024-ലെ കത്തും ചെന്നിത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.09.2024-ലെ C1/6707/23-ാം നമ്പർ കത്തും (SRG 887/24 – CC/513/24)

വിഷയം:- ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 190/24 | അടങ്കൽ | 27,75,000 രൂപ |
| | | (ഹെൽത്ത് ഗ്രാന്റ് ) |
| പേര് | തൃപ്പെരുന്തറ സബ് സെന്റർ കെട്ടിട നിർമ്മാണം വാർഡ് 3 – 2022-23. | |

ചെന്നിത്തല തൃപ്പെരുന്തറ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിലെ തൃപ്പെരുന്തറ സബ് സെന്ററിന് കെട്ടിട നിർമ്മാണത്തിനായി 55.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. മൂന്നാം വാർഡിലെ ഇരമത്തൂർ അങ്കണവാടിയോട്ട ചേർന്നുള്ള ഭൂമിയിൽ നിർമ്മാണം നടത്താനാണ് ഉദ്ദേശിച്ചിരുന്നത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് ഇവിടെ കെട്ടിട നിർമ്മാണം സാധ്യമല്ല. സൗജന്യമായി ഭൂമി ലഭിക്കില്ല. വേറെ ഭൂമി വാങ്ങാൻ ഫണ്ടിന്റെ അപര്യാപ്തതയുണ്ട്. അതിനാൽ ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ FHC കെട്ടിടത്തിനോട് ചേർന്ന് പ്രവർത്തിക്കുന്നതും നിലവിൽ ഭൂമിയുള്ളതുമായ മെയിൻ സെന്ററിന് കെട്ടിട നിർമ്മാണത്തിന് ഈ തുക ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

108

## 4.92 കൊക്കയാർ ഗ്രാമപഞ്ചായത്ത്

ഇടുക്കി ജില്ലാ പഞ്ചായത്ത് ഓഫീസറുടെ 19.07.2024-ലെ കത്തും കൊക്കയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.07.2024-ലെ 4(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 707/24 - CC/406/24)

വിഷയം:- ബോയ്സ് റബ്ബർ എസ്റ്റേറ്റ് വക സ്ഥലത്ത് പ്രൈമറി ഹെൽത്ത് സെന്റർ പണിയുന്നത് സംബന്ധിച്ച്

കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തെത്തുടർന്ന് മൂന്നാം വാർഡിൽ മേലോരത്ത് ഉണ്ടായിരുന്ന പി.എച്ച്.സി. പ്രവർത്തിക്കാൻ കഴിയാത്ത

സാഹചര്യമാണ്. ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പി.എച്ച്.സി. കെട്ടിടം നിർമ്മിക്കുന്നതിന് 25 സെന്റ് സ്ഥലം വിട്ടു നൽകാൻ ബോയിസ് റബ്ബർ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് അധികാരികൾ 05.12.2023-ന് സമ്മതപത്രം നൽകിയിട്ടുണ്ട്. ഇവിടെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

109 **4.93 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസ്**

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2024-ലെ 127863/2023/DPC/CC/ വയനാട് നമ്പർ കത്തിലെ രണ്ടാമത്തെ വിഷയം (SRG/931/24 )

**(i)** വിഷയം:- ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് യാത്രാ ചെലവ് നൽകുന്നത് സംബന്ധിച്ച്

കല്പറ്റ മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളിൽ വൈത്തിരി ഗ്രാമപഞ്ചായത്തിൽ നിന്ന് 15 കുട്ടികളും മുട്ടിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് 15 കുട്ടികളും വെങ്ങാപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്ന് 3 കുട്ടികളും പഠിക്കുന്നുണ്ട്. ഈ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നത് നഗരസഭയുടെ വാഹനത്തിലാണ്. വൈത്തിരി, മുട്ടിൽ, വെങ്ങാപ്പള്ളി ഗ്രാമപഞ്ചായത്തിലെ കുട്ടികൾക്കുള്ള വാഹന ചെലവ് അതത് ഗ്രാമപഞ്ചായത്തുകൾ വഹിക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വിഹിതം മുനിസിപ്പാലിറ്റിക്കാണ് നൽകേണ്ടത് എന്നതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് നഗരസഭ വഹിതം നൽകാൻ പ്രത്യേക അനുമതി നൽകണമെന്ന് സർക്കാരിനോടാവശ്യപ്പെടാൻ വയനാട് ജില്ലാ ആസൂത്രണസമിതിയുടെ 04.09.2024-ലെ യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**(ii)** വിഷയം:- മുണ്ടക്കൈ - ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് മാറ്റി പാർപ്പിച്ച കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് ബസ് വാങ്ങി നൽകുന്നത് സംബന്ധിച്ച്

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ മുണ്ടക്കൈ - ചൂരൽമല മേഖലയിലെ 10, 11, 12 വാർഡുകളിലുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് വീടുകൾ തകർന്നതിനാൽ ഇവിടെ താമസിച്ചിരുന്ന കുടുംബങ്ങൾ ഇപ്പോൾ മുട്ടിൽ, വൈത്തിരി, മൂപ്പൈനാട്, മേപ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളിലും കല്പറ്റ മുനിസിപ്പാലിറ്റിയിലുമാണ് താമസിക്കുന്നത്.

വെള്ളാർമല ഹൈസ്കൂൾ തകർന്ന് പോയതിനെ തുടർന്ന് മേപ്പാടി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ താൽക്കാലികമായി സൗകര്യമൊരുക്കി വെള്ളാർമല സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മേപ്പാടിയിലെ വെള്ളാർമല ഗവ.ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് വരുന്നതിന് നിലവിൽ കെ.എസ്.ആർ.ടി.സി. യാത്രാ സൗകര്യം താൽക്കാലികമായി ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് ശാശ്വതമായ ഒരു പരിഹാരമല്ല എന്നറിയിച്ചിരിക്കുന്നു. അതിനാൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനായി മേപ്പാടി ഗവ.ഹയർ സെക്കന്ററി സ്കൂളിന് ജില്ലാ പഞ്ചായത്തിൽ നിന്ന് ഒരു ബസ് വാങ്ങി നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

110 **4.94 ആലത്തൂർ ഗ്രാമപഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/683/24 - CC/331/24)

വിഷയം:- പകൽ വീടിന്റെ പ്രവർത്തനം ചാരിറ്റബിൾ ട്രസ്റ്റിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച്

ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6/722 -ാം നമ്പർ കെട്ടിടത്തിൽ പകൽവീട് നടത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പ് ചുമതല നന്മ ചാരിറ്റബിൾ ട്രസ്റ്റ് ഓഫ് ഇന്ത്യ, ആലത്തൂർ എന്ന സംഘടന വഹിക്കാമെന്നറിയിച്ചിട്ടുണ്ട്. രാവിലെ വയോജനങ്ങളെ പകൽവീട്ടിൽ എത്തിക്കുക,

രാവിലത്തെ ലഘുഭക്ഷണം, ഉച്ചയ്ക്ക് ആഹാരം, വൈകിട്ട് വീട്ടിലെത്താനുള്ള സൗകര്യം എന്നിവ ട്രസ്റ്റ് നൽകും എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പകൽ വീടിനായുള്ള കെട്ടിടവും നടത്തിപ്പ് ചുമതലയും നന്മ ചാരിറ്റബിൾ ട്രസ്റ്റ് ഓഫ് ഇന്ത്യക്ക് കൈമാറാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

111

**4.95 <u>കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി</u>**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.2024-ലെ കത്തും കാഞ്ഞങ്ങാട് നഗരസഭാ കൗൺസിലിന്റെ 29.02.2024-ലെ 18-ാം നമ്പർ ഭരണസമിതി തീരുമാനവും കാഞ്ഞങ്ങാട് നഗരസഭാ ചെയർപേഴ്സന്റെ 08.08.2024-ലെ കത്തും കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 28.10.2024-ലെ H1-69/2025-ാം നമ്പർ കത്തും (SRG/703/24 – CC/386/24)

വിഷയം:- നഗരസഭയിൽ വാർഡ് ശുചീകരണ പ്രവർത്തനത്തിനായി കാട്ടുവെട്ടുയന്ത്രം വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം 69/25 | അടങ്കൽ | 12,95,000 രൂപ |
| | | **(CFC Tied Grant)** |
| പേര് | വാർഡുകളിലേയ്ക്ക് കാട്ടുവെട്ട് യന്ത്രങ്ങൾ വാങ്ങൽ | |

ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി കാട് വെട്ടുന്നതിന് വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് കാട്ടുവെട്ട് യന്ത്രം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള 16.03.2024-ലെ സർക്കുലർ പ്രകാരം വാർഡ് സാനിറ്റേഷൻ ഫണ്ട് ഉപയോഗിച്ച് കാട്ടുവെട്ട് യന്ത്രങ്ങൾ വാങ്ങുന്നതിന് അനുമതിയില്ല. അതിനാൽ CFC Tied Grant ഉപയോഗിച്ച് കാട്ടുവെട്ട് യന്ത്രം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. യന്ത്രങ്ങൾ വാങ്ങിയതിനുശേഷം ഇതിന്റെ ആവർത്തന ചെലവ് സാനിറ്റേഷൻ ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

112

**4.96 <u>The Vision Multi-Lateral Labour Contract Co-operative Society Ltd. No. 1263</u>**

The Vision Multi-Lateral Labour Contract Co-operative Society പ്രസിഡന്റിന്റെ 04.10.2024-ലെ കത്ത് (SRG/978/24)

വിഷയം:- Bacillus Thuringiensis Variety Israelensis എന്ന കൊതുക നശീകരണ മരുന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

Bacto Power Pvt. Ltd കോയമ്പത്തൂർ എന്ന സ്ഥാപനം ഉല്പാദിപ്പിക്കുന്ന Bacillus Thuringiensis Variety Israelensis എന്ന കൊതുക നശീകരണ മരുന്ന് The Vision Multi-Lateral Labour Contract Co-operative Society കേരളത്തിൽ വിതരണം നടത്തുന്നുണ്ട്. ലേബർ കോൺട്രാക്ട് സൊസൈറ്റി ആയതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ മരുന്ന് ഈ സൊസൈറ്റിയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

113

**4.97 <u>ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്</u>**

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.10.2024-ലെ കത്തും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.09.2024-ലെ 142839/23/ DPC/DPO/EKM/CC നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 1041/24 – CC/832/24)

വിഷയം:- ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ പൊതു ശ്മശാന നിർമ്മാണത്തിന് അധികമായി ചെലവു വന്ന തുക നൽകുന്നത് സംബന്ധിച്ച്

| | | | |
|---|---|---|---|
| പ്രോ.നം. 200/24 | അടങ്കൽ | | 46,98,625 രൂപ |
| | | സംസ്ഥാന വിഹിതം | 1,00,000 രൂപ |
| | | തനത് ഫണ്ട് | 43,51,117 രൂപ |
| | | സംഭാവന | 2,47,508 രൂപ |
| പേര് | പൊതുശ്മശാനം നിർമ്മാണം | | |

ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് 2019-20 വർഷം 74.80 ലക്ഷം രൂപ വകയിരുത്തി ശ്മശാനം നിർമ്മിക്കാൻ പ്രോജക്ട് എടുത്തിരുന്നു. കോസ്റ്റ് ഫോർഡിനെയാണ് നിർവ്വഹണം ഏൽപ്പിച്ചത്. പാർട്ട് ബിൽ നൽകിയതിനുശേഷം 2023-24 വർഷം സ്പിൽഓവർ തുകയായി 46,98,625 രൂപയാണ് പ്രോജക്ടിൽ വകയിരുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റിൽ ഫർണസ് സ്ഥാപിക്കുന്നതിന് 23,24,000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ മലിനീകരണ നിയന്ത്രണബോർഡും ശുചിത്വ മിഷനും ഫർണസിന്റെ സ്പെസിഫിക്കേഷൻ പുതുക്കിയതനുസരിച്ച് ഫർണസിന്റെ എസ്റ്റിമേറ്റ് തുക 30,97,500 രൂപയായി. അതിനാൽ കരാർ വച്ചതിനെക്കാൾ അധികമായി 7,73,500 രൂപ കൂടി കോസ്റ്റ് ഫോർഡിനു നൽകണം. ഈ തുക തനത് ഫണ്ടിൽ നിന്നു നൽകാൻ ആവശ്യപ്പെട്ടിരിക്കുന്നു.

114

## 4.98 മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.9.2024 -ലെ കത്തും മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.06.2024-ലെ 13(1) നമ്പർ തീരുമാനവും (SRG/908/24 - CC/506/24)

വിഷയം:- മാലിന്യ ശേഖരണത്തിന്റെ ഭാഗമായി വാഹനത്തിന്റെ വാടക നൽകുന്നതു സംബന്ധിച്ച്

മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ MCF ലേയ്ക്ക് കൊണ്ടുവന്നതിന് വാഹനത്തിന് വാടക നൽകിയത് ഹരിതകർമ്മസേനയുടെ കൺസോർഷ്യത്തിൽ നിന്നാണ്. ഒപ്പം റിജക്ടറ്റഡ് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് MCF ൽ നിന്നും കൈമാറിയപ്പോൾ റോഡിന് വീതി കുറവായതിനാൽ ചെറിയ വാഹനം ഉപയോഗിച്ചതിനും കൺസോർഷ്യത്തിൽ നിന്നാണ് വാടക നൽകിയത്. 2023 ജനുവരി മുതൽ 2023 നവംബർ മാസം വരെയുള്ള സമയത്തെ വാടക 1,31,450 രൂപയാണ്. ഹരിതകർമ്മസേന ആവശ്യപ്പെട്ട പ്രകാരം ഈ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേന കൺസോർഷ്യത്തിനു തിരികെ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. 2024 ജനുവരിയിൽ ഗ്രാമപഞ്ചായത്ത് പുതിയ വാഹനം വാങ്ങിയിട്ടുണ്ട്.

115

## 4.99 ഉണ്ണികുളം ഗ്രാമപഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് 17.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/702/24 - CC/396/24)

വിഷയം:- പഠനമുറിക്കുള്ള ധനസഹായത്തിന്റെ അവസാനഗഡു നൽകുന്നത് സംബന്ധിച്ച്

ഉണ്ണികുളം ഗ്രാമപഞ്ചായത്ത് 2022-23 വർഷം 12 പേർക്ക് പഠനമുറി നൽകുന്നതിന് ബഹുവർഷ പ്രോജക്ട് എടുത്തിരുന്നു. 2022-23 വർഷം 7.00 ലക്ഷം രൂപയും 2023-24 വർഷം 17.00 ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. 2022-23 വർഷം 11 കുടുംബങ്ങൾ പഠനമുറിക്ക് എഗ്രിമെന്റ് വച്ച് അഡ്വാൻസ് വാങ്ങി പഠനമുറി നിർമ്മാണം ആരംഭിച്ചു. 2022-23 വർഷം രണ്ട് ഗഡു കൈപ്പറ്റിയ ശ്രീ.റീതുനന്ദ് എം.കെ. S/O സുനീഷ് എം.കെ., മൊകായിക്കൽ എന്ന കുടുംബം പഠനമുറി പൂർത്തിയാക്കിയതിന് ശേഷം അവസാന ഗഡു ലഭിക്കുന്നതിന് അപേക്ഷ നൽകി. 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിന് 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറിയാണ് നൽകാവുന്നത്. ആകെ 920 ചതുരശ്ര അടി വിസ്തീർണ്ണം. എന്നാൽ അവസാന ഗഡു നൽകാനായി പരിശോധനാ സമയത്ത് വീടിന്റെ ആകെ വിസ്തീർണ്ണം 1132 ചതുരശ്ര അടി ആണെന്ന് കണ്ടെത്തി. അധികമായി 212 ചതുരശ്ര അടി വിസ്തീർണ്ണം.

ഇതിൽ പഠനമുറിയുടെ വിസ്തീർണ്ണം 143 ചതുരശ്ര അടിയാണ് (അധികമായി 23 ചതുരശ്ര അടി) എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഠനമുറിയുടെ വാല്യുവേഷൻ തുക 99,370 രൂപയാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ളതിനേക്കാൾ കൂടുതൽ വിസ്തീർണ്ണമാണെങ്കിലും അർഹമായ ബാക്കി തുക നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

116

**4.100 എറണാകുളം ജില്ലാപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.07.2024 ലെ കത്തുകളും (2 എണ്ണം) എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 25.06.2024 ലെ 6(8) -ാം നമ്പർ തീരുമാനവും (SRG/862/24-CC/439/24)

**വിഷയം:-** SSLC വിദ്യാർത്ഥികൾക്ക് അധിക സമയ പഠനത്തിന് റിഫ്രഷ്മെന്റ് നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം: 227/25 | *അടങ്കൽ* | *10,00,000 രൂപ (വികസന ഫണ്ട് ജനറൽ)* |
| *പേര്* | ജ്യോതിർഗമയ | |

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് സ്കൂളിലേയും മറ്റ് എയ്ഡഡ് സ്കൂളിലേയും 10-ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് SSLC പരീക്ഷയ്ക്ക് മുന്നോടിയായി നൽകുന്ന അധികസമയ പരിശീലനത്തിന് ഒരു കുട്ടിക്ക് 10 രൂപ നിരക്കിൽ റിഫ്രഷ്മെന്റ് നൽകാൻ ഉദ്ദേശിക്കുന്നു. 175 സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 50 ദിവസമാണ് പരിശീലനം നൽകുന്നത്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

117

**4.101 തലക്കാട് ഗ്രാമപഞ്ചായത്ത്**

തലക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.07.2024 ലെ A2-6842/2024-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ ഖണ്ഡിക 4.1-ാം നമ്പർ തീരുമാനവും (SRG/ 680/24)

**വിഷയം:-** സ്കൂളിലേക്ക് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതു സംബന്ധിച്ച്.

തലക്കാട് ഗ്രാമപഞ്ചായത്തിൽ മാനേജ്മെന്റ് നിയന്ത്രണത്തിലുണ്ടായിരുന്ന ദേവീ സഹായ ലോവർ പ്രൈമറി സ്കൂളും മറ്റു വസ്തുക്കളും 06.02.2010 ന് സർക്കാരിനു കൈമാറി ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ സർക്കാർ ഏറ്റെടുത്തിട്ടില്ല. മാനേജ്മെന്റ് നിലവിലില്ലാത്തതിനാൽ ദൈനംദിന കാര്യങ്ങൾ തലക്കാട് ഗ്രാമപഞ്ചായത്താണ് നോക്കുന്നത്. സർക്കാർ രേഖ പ്രകാരം ഈ സ്കൂൾ 'മാനേജ്മെന്റ് സ്കൂളായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ നാല് തസ്തികയുള്ള ഈ സ്കൂളിൽ 2023 മെയ് മാസത്തിൽ രണ്ട് അദ്ധ്യാപകർ വിരമിച്ചു. ലോവർ പ്രൈമറി സ്കൂൾ ടീച്ചർ (LPST) തസ്തികയിൽ ജില്ലയിൽ സംരക്ഷണാനുകൂല്യമുള്ള ആരും തന്നെ പുനർവ്യന്യസിക്കപ്പെടാതെ പുറത്തു നിൽക്കുന്നില്ല എന്നും 2023-24 വർഷം സംസ്ഥാനത്തെ ഗവ/എയ്ഡഡ് വിദ്യാലയങ്ങളിൽ താത്കാലിക അധ്യാപക നിയമനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട് എന്നും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ 05.07.23 ൽ അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സ്കൂളിന്റെ അക്കാദമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുവദിക്കപ്പെട്ടതിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ (2എണ്ണം)സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സംരക്ഷിത അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ 31.03.2025 മാർച്ച് വരെയോ വിദ്യാലയങ്ങൾ മധ്യവേനൽ അവധിക്ക് അടയ്ക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ മുകളിൽ പറഞ്ഞ സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. ഈ സ്കൂളിന്റെ

ഉടമസ്ഥത ഇപ്പോഴും സർക്കാരോ ഗ്രാമപഞ്ചായത്തോ ഏറ്റെടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം 06.06.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിരസിച്ചു. ഇതിനാവശ്യമായ അദ്ധ്യാപകരെ PTA മുഖേന നിയമിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണെന്നും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇവിടെ 30 കുട്ടികൾ മാത്രമാണ് പഠിക്കുന്നതെന്നും അതിനാൽ PTA മുഖേന നിയമിക്കുന്നത് പ്രായോഗികമല്ല എന്നും അറിയിച്ചിരിക്കുന്നു. അതിനാൽ 06.06.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിച്ച് സർക്കാരോ ഗ്രാമപഞ്ചായത്തോ സ്കൂൾ ഏറ്റെടുക്കുന്നതുവരെ നിലവിലുള്ള രണ്ട് അദ്ധ്യാപക ഒഴിവിലേയ്ക്ക് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

118

**4.102 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 31.08.2024-ലെ കത്തും അനുബന്ധരേഖകളും (SRG/ 881/24 - CC/5/24)

വിഷയം:- KWA, ഗ്രൗണ്ട് വാട്ടർ വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ മിച്ചം വന്ന തുക മറ്റ് കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

കേരള വാട്ടർ അതോറിറ്റിയിലും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലുമായി 2011-12 മുതൽ വിവിധ കുടിവെള്ളപ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാത്ത ബാക്കി തുക തിരികെ നൽകിയിട്ടുണ്ട്. ആകെയുള്ള 33 പ്രവൃത്തികളിൽ KWAയുടെ 26 എണ്ണവും GWD ന്റെ 7 എണ്ണവുമാണ്. ആകെ 1,86,45,224 രൂപയാണ് തിരികെ ലഭിച്ചത്. ഇതിൽ പൊതു വിഭാഗം ഫണ്ടും എസ്.സി.പി. ഫണ്ടും ഉൾപ്പെടും. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് കുടിവെള്ളത്തിനായി തന്നെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം ബാക്കിയുള്ളത്, ഫീസിബിൾ അല്ലാത്തതിനാൽ ഉപേക്ഷിച്ചത്, മറ്റ വിധത്തിൽ ഉപേക്ഷിച്ചത് (ഉദാ: സ്ഥലവാസികളുടെ എതിർപ്പ്) എന്നീ കാരണത്തിലാണ് തുക തിരികെ നൽകിയത്.

119

**4.103 അനങ്ങാടി ഗ്രാമപഞ്ചായത്ത്**

തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 27.01.2023-ലെ PAN/16000/2022- ജെ4(DP) നമ്പർ കത്തും ശ്രീ.മുകേഷ്. വി.കെ, വട്ടാർക്കുടി, പാവക്കോണം -ന്റെ 18.08.2024-ലെ കത്തും അനുബന്ധരേഖകളും.(SRG/825/24)

വിഷയം:- വേനൽക്കാലത്ത് കുടിവെള്ള വിതരണം ചെയ്തതിന്റെ തുക നൽകുന്നത് സംബന്ധിച്ച്

വേനൽക്കാലത്ത് മെയ് 31 വരെയാണ് കുടിവെള്ള വിതരണത്തിന് അനുമതിയുള്ളത്. അനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 30.05.2022-ലെ ഭരണസമിതി തീരുമാനപ്രകാരം ജൂൺമാസത്തിൽ (01.06.2022 മുതൽ 30.06.2022 വരെ) ശ്രീ.മുകേഷ്.വി.കെ. വട്ടാർക്കുഴി എന്ന കരാറുകാരൻ മുഖേന ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തു. മെയ് മാസത്തെ തുക കൂടി ചേർത്ത് ആകെ 4,09,500 രൂപയാണ് ചെലവ്. ഇതിൽ 1.79 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും നൽകി. ഇനി 2,30,500 രൂപ കൂടി നൽകണം. ഈ തുക നൽകാവുന്നതാണെന്ന് റൂറൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. മാർച്ച്, ഏപ്രിൽ മാസങ്ങളിലും ഈ വ്യക്തി തന്നെയാണ് കുടിവെള്ള വിതരണം ചെയ്തത്. ജി.പി.എസ് സ്റ്റേറ്റ്മെന്റ്, ബിൽ, ട്രിപ് ഷീറ്റ് തുടങ്ങിയ രേഖകൾ സമർപ്പിച്ചിട്ടുണ്ടെന്ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബാക്കി ലഭിക്കേണ്ട തുകയായ 2,30,500 രൂപ നൽകണമെന്നാവശ്യ പ്പെട്ടിരിക്കുന്നു.

120 4.104 **വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്**

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2024-ലെ C-3633/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 916/ 24 )

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതിയിലുള്ള കുളം നവീകരിക്കുന്നത് സംബന്ധിച്ച്

| പ്രോ.നം.47/24 | അടങ്കൽ | 13,50,000 രൂപ (സി.എഫ്.സി. ടൈഡ് ഗ്രാന്റ് ) |
|---|---|---|
| പേര് | തൃക്കപാലേശ്വരം കുളം നവീകരണം | |

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മൈലം ഗ്രാമപഞ്ചായത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തൃക്കപാലേശ്വരം കുളത്തിന്റെ നവീകരണത്തിനായി 2023-24 വർഷം പ്രോജക്ട് എടുത്തിരുന്നു. ഈ പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. കുളം നവീകരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡും ക്ഷേത്ര ഉപദേശക സമിതിയും സമ്മതപത്രം നൽകിട്ടുണ്ട്. ജീർണ്ണാവസ്ഥതയിലുള്ള ഈ കുളം നവീകരിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

121 4.105 **നൂറനാട് ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.07.2024-ലെ കത്ത് (SRG/713/24 – CC/428/24)

വിഷയം:- കർഷകരിൽ നിന്ന് നെല്ല് ശേഖരിച്ച് നൂറനാടൻ റൈസ് എന്ന പേരിൽ വിപണനം നടത്തുന്നതിന് അനുമതി സംബന്ധിച്ച്

| പ്രോ.നം 113/25 | അടങ്കൽ | 8,50,000 രൂപ |
|---|---|---|
| | | (തനത് ഫണ്ട് ) |
| പേര് | നൂറനാടൻ റൈസ് | |

നൂറനാട് ഗ്രാമപഞ്ചായത്ത് 2023-24 വർഷം കർഷകരിൽ നിന്ന് നെല്ല് ശേഖരിച്ച് അരിയാക്കി നൂറനാടൻ റൈസ് എന്ന പേരിൽ കുടുംബശ്രീയുടെ സംരംഭക ഗ്രൂപ്പവഴി വിപണിയിൽ എത്തിച്ചു. 21 ടൺ നെല്ല് സംഭരിച്ച് 5.60 ലക്ഷം രൂപ കർഷകർക്ക് നൽകി. ഗ്രാമപഞ്ചായത്തിന് വികസന ഫണ്ടിനത്തിൽ 7,91,954 രൂപ ചെലവായി. 8,27,411 രൂപ ഗ്രാമപഞ്ചായത്തിനു ലഭിച്ചു. കുടുംബശ്രീയുടെ സംരംഭക ഗ്രൂപ്പിനും വിഹിതം നൽകി. കഴിഞ്ഞ വർഷം ഗ്രാമപഞ്ചായത്തിനു ലഭിച്ച വരുമാനം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. ഈ തുക ഉപയോഗിച്ച് കഴിഞ്ഞ വർഷം നടപ്പാക്കിയ അതേ രീതിയിൽ ഈ വർഷവും പ്രോജക്ട് നടപ്പാക്കി. ഒരു സൊസൈറ്റി രൂപീകരിച്ച് ഈ പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ബൈലോ തയ്യാറാക്കി അംഗീകാരം ലഭിക്കാൻ കാലതാമസമെടുക്കും എന്നതിനാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കൺവീനറും കൃഷി ഓഫീസർ ജോയിന്റ് കൺവീനറുമായ കമ്മിറ്റി മുഖാന്തിരമാണ് ഈ വർഷം പ്രോജക്ട് നടപ്പാക്കിയത്. ഇതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

122 4.106 **വേങ്ങര ഗ്രാമപഞ്ചായത്ത്**

വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.07.2024-ലെ കത്ത് (SRG/844/24)

വിഷയം:- നടീൽ വസ്തുക്കൾ, ചട്ടികൾ തുടങ്ങിയവ കൃഷിശ്രീ കാർഷിക സേവനകേന്ദ്രങ്ങളിൽ നിന്നു നേരിട്ട് വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

കൃഷി വകുപ്പിന്റെ കീഴിൽ ഫാം മെക്കനൈസേഷന്റെ ഭാഗമായി കൃഷിശ്രീ കേന്ദ്രങ്ങൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 2022-23 മുതൽ വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ കൃഷിശ്രീ കാർഷിക സേവനകേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇവർ തൈകളും നടീൽ വസ്തുക്കളും ഉത്പാദിപ്പിക്കുന്നുണ്ട്. കൃഷിശ്രീ കേന്ദ്രങ്ങളിൽ നിന്ന് വിത്തുകൾ, തൈകൾ, നടീൽ വസ്തുക്കൾ, പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ്/മൺചട്ടി/HDPE ചട്ടികൾ തുടങ്ങിയവ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

123 **4.107 <u>പാടശേഖര സമിതികളുടെ നിയന്ത്രണത്തിലുള്ള മോട്ടോർ തറകളുടെ റിപ്പയറിംഗ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 06.07.2024-55/EPA1/2023/തസ്വഭവ നമ്പർ കത്തും ഇതേ നമ്പറിലുള്ള 12.01.2024-ൽ തദ്ദേശസ്വയംഭരണ വകുപ്പ് EPA1 വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ കത്തും അനുബന്ധരേഖകളും (SRG 690/24)

വിഷയം:- പാടശേഖരസമിതിയുടെ അധീനതയിലുള്ള മോട്ടോർ തറകളുടെ മെയിന്റനൻസ് നടത്തുന്നതു സംബന്ധിച്ച്

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം പാടശേഖര സമിതികൾക്ക് ജലസേചനത്തിന് സബ്മേഴ്സിബിൾ/പോർട്ടബിൾ പമ്പ്/വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/പെട്ടിയും പറയും 100 ശതമാനം സബ്സിഡിയോടെ നൽകാൻ അനുമതിയുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണി പാടശേഖര സമിതി നടത്തണമെന്നാണ് മാർഗ്ഗരേഖയിൽ പറയുന്നത്. കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2016-2019) സമിതി യുടെ 19-ാമത് റിപ്പോർട്ടിലെ 9-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ ലഭ്യമാക്കിയ നടപടി പരിഗണിച്ച സമിതി മോട്ടോർ തറകൾ നന്നാക്കുന്നതിന് ഗ്രാമപഞ്ചായകൾക്ക് അനുമതി നൽകണമെന്നും ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. ഇതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി സംബന്ധിച്ച്.

124 **4.108 <u>ഇടുക്കി ജില്ലാ പഞ്ചായത്ത്</u>**

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2024, 25.11.2024 എന്നീ തീയതികളിലെ കത്തും അനുബന്ധരേഖകളും (SRG/882/24 - CC/66/24)

**വിഷയം:-** കാർഷിക സംഘത്തിന് കെട്ടിട വാടക, ജീവനക്കാർക്ക് വേതനം തുടങ്ങിയവ നൽകുന്നതു സംബന്ധിച്ച്

| | | | |
|---|---|---|---|
| പ്രോ.നം. 117/24 | അടങ്കൽ | | 6,75,000 രൂപ |
| | | തനത് ഫണ്ട് | 50,000 രൂപ |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 6,25,000 രൂപ |
| പേര് | കരുതൽ - കാർഷിക സംസ്കരണ യൂണിറ്റ് | | |

ജില്ലാ പഞ്ചായത്തിന്റെ വിഹിതം കൂടി ഉൾപ്പെടുത്തിയിട്ടുള്ള മുകളിൽ പറഞ്ഞ പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ഈ പ്രോജക്ടിന്റെ ഭാഗമായി ചെറുതോണിയിൽ പ്രവർത്തിച്ചുവരുന്ന ഹരിത കാർഷിക സംഘത്തിന് (വിപണന കേന്ദ്രം) അവർ വരുത്തിയ ചെലവിന്റെ 50 ശതമാനം തുകയായ (മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക) 2,79,164 രൂപ 09.08.2023നു നൽകി. ഇതിനു പുറമെ ഈ സംഘത്തിന്റെ കെട്ടിട വാടക (പ്രതിമാസം 10,000 രൂപ), രണ്ടു ജീവനക്കാരുടെ വേതനം (പ്രതിമാസം 30,000 രൂപ വീതം) വൈദ്യുതി ചാർജ്ജ് (പ്രതിമാസം 5000 രൂപ) റിവോൾവിംഗ് ഫണ്ട് (1.00 ലക്ഷം രൂപ) എന്നിവ ഈ സംഘത്തിന് നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

125 **4.109 <u>വല്ലച്ചിറ ഗ്രാമപഞ്ചായത്ത്</u>**

സർക്കാരിന്റെ 06.08.2024-ലെ DA2/88/2024/LSGD നമ്പർ കത്തും വല്ലച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.07.2024-ലെ 400715/DPPF14/GA/2024/1924(7)-ാം നമ്പർ കത്തും വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.03.2024-ലെ 17-ാം നമ്പർ തീരുമാനവും (SRG/730/24)

വിഷയം:- 'ശലഭോദ്യാനം'എന്ന പ്രോജക്ടിന്റെ തുക കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് ചെയ്തതിന് സാധൂകരണം സംബന്ധിച്ച്

വല്ലച്ചിറ ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിൽ പൊതുകുളത്തിന്റെ പരിസരത്ത് ശലഭോദ്യാനം നിർമ്മിക്കുന്നതിന് 2023-24 വർഷം പ്രോജക്ട് എടുത്തിരുന്നു. കേരള സംസ്ഥാന

ജൈവവൈവിധ്യ ബോർഡ് അനുവദിച്ച 3.50 ലക്ഷം രൂപയാണ് (പ്രോജക്ട് നം.131/2024) ഇതിനായി വകയിരുത്തിയിരുന്നത്. ഈ തുക ജൈവവൈവിധ്യ ബോർഡിന്റെ ഉപദേശ പ്രകാരം കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് (KFRI) ഡെപ്പോസിറ്റ് ചെയ്തു. ഇതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 126 4.110 **കുന്നമംഗലം ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2024-ലെ കത്തും അനുബന്ധരേഖകളും (SRG/706/24 – CC/421/24)

വിഷയം:- ഇറിഗേഷനിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ മിച്ചമുള്ള തുക ഉപയോഗിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 6/23 | അടങ്കൽ | 24,00,000 രൂപ |
| | | (CFC Tied Grant) |
| പേര് | സുജലം – ചെറുപുഴ സംരക്ഷണം | |

കുന്നമംഗലം ഗ്രാമപഞ്ചായത്ത് ചെറുപുഴയിലെ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനായി 2022-23 വർഷം ഇറിഗേഷൻ വകുപ്പ് നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 24.00 ലക്ഷം രൂപ ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഈ പ്രവൃത്തിക്ക് ആകെ 13,79,901 രൂപയാണ് ചെലവായത്. ഇതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 10,20,099 രൂപ തിരികെ വാങ്ങി തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഇറിഗേഷൻ വകുപ്പ് മുഖേന ചെറുപുഴയിലെ സുബ്രഹ്മണ്യ ക്ഷേത്രം കടവ്, പലക്കമണ്ണിൽ കടവ്, ഇല്ലത്ത് കടവ് എന്നിവടങ്ങളിലെ ചെളിയും മണ്ണും മാറ്റുന്നതിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

### 127 4.111 **കണ്ണൂർ കോർപ്പറേഷൻ**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2024-ലെ കത്തും കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 20.03.2024-ലെ 21-ാം നമ്പർ തീരുമാനവും (SRG/795/24 – CC 247/24)

വിഷയം:-എൽപി/യു.പി. സ്കൂളുകളിലും പൊതു സ്ഥലത്തും പ്രതിമ സ്ഥാപിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| **(i)**പ്രോ.നം 674/2**4** | അടങ്കൽ | 9,00,000 രൂപ |
| | | വികസനഫണ്ട് – ജനറൽ |
| പേര് | LP, UP സ്കൂളുകളിൽ മഹാത്മാഗാന്ധിയുടെ പ്രതിമ സ്ഥാപിക്കൽ | |
| **(ii)** പ്രോ.നം 1462/2**4** | അടങ്കൽ | 8,00,000 രൂപ |
| | | വികസനഫണ്ട് – ജനറൽ |
| പേര് | പൊതു സ്ഥലങ്ങളിൽ ആർ. ശങ്കർ, കെ. കരുണാകരൻ എന്നിവരുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കൽ | |

കണ്ണൂർ കോർപ്പറേഷൻ കഴിഞ്ഞ വർഷം (2023-24) എൽ.പി/യു.പി. സ്കൂളുകളിൽ മഹാത്മാഗാന്ധിയുടെ പ്രതിമ സ്ഥാപിക്കാനും (4 എണ്ണം) പൊതു സ്ഥലങ്ങളിൽ ആർ.ശങ്കർ, കെ. കരുണാകരൻ എന്നിവരുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കാനും പ്രോജക്ട് എടുത്തിരുന്നു. ഇവയ്ക്ക് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. അതിനാൽ ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

### 128 4.112 **എറണാകുളം ജില്ലാ പഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.08.2024, 01.08.2024 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/801/24 – CC/437/24)

വിഷയം:- ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടി നടത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| (i)പ്രോ.നം 159/25 | അടങ്കൽ | 3,00,000 രൂപ |
| | | തനത് ഫണ്ട് |
| പേര് | തുമ്പപ്പ 2024– ജില്ലാ പഞ്ചായത്ത് ഓണാഘോഷം | |

ജില്ലയിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ച് ഓണാഘോഷ പരിപാടി നടത്തുന്നതിനാണ് പ്രോജക്ട്. ഇതിന്റെ ഭാഗമായി കലാകായിക മത്സരങ്ങൾ, പ്രദർശന മേളകൾ, കലാപരിപാടികൾ, ദീപാലങ്കാരങ്ങൾ തുടങ്ങിയവയാണ് ഓണാഘോഷ പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം ഓണാഘോഷ പരിപാടിയ്ക്കായി 2.00 ലക്ഷം രൂപ ചെലവഴിക്കാൻ 14.11.2023 ലെ കോ–ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ വർഷവും ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. ഈ പ്രോജക്ട് ഓണ സമയത്ത് നടപ്പാക്കിയെന്നറിയിച്ചിട്ടുണ്ട്.